# സത്യദൂതൻ

2018 ജനുവരി | ലക്കം 1

വില ₹ 30



പുതുവത്സരാശംസകൾ

## കിടങ്ങ് യുദ്ധവും അത്ഭുതകരമായ പ്രവചനസാക്ഷാത്ക്കാരവും


## ജെറുസലേം തലസ്ഥാനമാറ്റം: വീണ്ടും മഹായുദ്ധം തുടങ്ങുമോ?


# ഖാദിയാനിൽ വച്ച് നടന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ദേശീയ വാർഷിക സമ്മേളനത്തിന്റെ ദൃശ്യങ്ങൾ

































The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2018 ജനുവരി
ഹി.ശ.1398 – സുലഹ്
1439 റ.ആഖിർ – ജ.അവ്വൽ
പുസ്തകം 90 ലക്കം 1
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5**

എഡിറ്റോറിയൽ

**മുഹമ്മദ് നബി (സ) മനുഷ്യഹൃദയം കീഴടക്കിയ ദിവ്യജേതാവ്**

**6**

**യുഗശബ്ദം**



**7**

ഖുത്ബ

**റബീഉൽ അവ്വൽ 12 അനുഗ്രഹവർഷത്തിന്റെ സുദിനം**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 ഡിസംബർ 1ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**11**

**മലക്കുകൾ : സൂക്ഷ്മലോകത്തെ ആജ്ഞാനുവർത്തികൾ**

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**18**

**കിടങ്ങ് യുദ്ധവും അത്ഭുതകരമായ പ്രവചനസാക്ഷാത്ക്കാരവും**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

അങ്ങേയറ്റം ദുരിതപൂർണവും നിസ്സഹായവുമായ അവസ്ഥയിൽ റസൂൽ തിരുമേനി(സ)നടത്തിയ ഒരു പ്രവചനവും അതിന്റെ സാക്ഷാത്ക്കാരവും

**20**

**ഖിലാഫത്തിന്റെ അനിവാര്യത**

അബ്ദുർറഹ്മാൻ, കൊടിയത്തൂർ

സമൂഹപരിഷ്ക്കരണത്തിന് പ്രവാചകന്മാരെ അയക്കുക എന്നത് അല്ലാഹുവിന്റെ സനാതനമായ നടപടിക്രമമാണ്. അത് ഒരിക്കലും നിലക്കുന്ന പ്രതിഭാസമല്ല. അപ്രകാരം തന്നെ പ്രവാചകത്വത്തിന്റെ സാമൂഹിക പരിഷ്ക്കരണ ദൗത്യം പൂർത്തീകരിക്കാനും ആ ദിവ്യാനുഭൂതിയുടെ സുസ്ഥിരത സമൂഹത്തിൽ നിലനിർത്താനും ഖിലാഫത്തിന്റെ തുടർച്ച ഒരു അനിവാര്യതയും ദൈവിക വാഗ്ദാനത്തിൽ ഉള്ളടങ്ങിയതുമാണ്.

**24**

**ഉവൈസുൽ ഖർനി**

എ. എം. മുഹമ്മദ് സലീം

മുഹമ്മദ് നബി(സ)യുടെ കാലത്ത് യമനിൽ ജീവിച്ചിരുന്ന പരമ സാത്വികനായ ഒരു പുണ്യാത്മാവായിരുന്നു ഹദ്റത്ത് ഉവൈസുൽ ഖർനി. പ്രവാചക സ്നേഹത്തിന്റെ തുല്യതയില്ലാത്ത മാതൃകയായും മാതൃശുശ്രൂഷയുടെ പ്രതീകമായും അദ്ദേഹം ഇസ്‌ലാമിക സാഹിത്യങ്ങളിൽ വാഴ്ത്തപ്പെടുന്നു

**27**

**ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ**

ഇബ്നു വഫ കോഴിക്കോട്

**34**

കവിത

**ദിവ്യപ്രഭാവം**

എച്ച്. എസ്. കാവശ്ശേരി

**35**

**വധശിക്ഷ തൂക്കിലേറ്റപ്പെടുമ്പോൾ**

ഡോ.കൗസർ എടപ്പകത്ത്

**39**

കുറിപ്പുകൾ

**ജെറുസലേം തലസ്ഥാനമാറ്റം: വീണ്ടും മഹായുദ്ധം തുടങ്ങുമോ?**

മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്.ശംസുദ്ദീൻ**
**ഫോൺ:** 9946021252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed,KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അദ്ദേഹം നിങ്ങൾക്ക് അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ വിവരിച്ചു തരുന്നു. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരെ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് കൊണ്ട്‌വരുന്നതിന് വേണ്ടി. **(65:12)**



## നബിവചനം

നബി തിരുമേനി(സ) തന്റെ വീട്ടിൽ എന്താണ് ജോലിചെയ്യാറുണ്ടായിരുന്നതെന്ന് ആയിശ(റ) യോട് ചിലർ ചോദിച്ചു. അവർ പറഞ്ഞു: തിരുമേനി (സ) തന്റെ ഭാര്യമാരെ വീട്ടു ജോലികളിൽ സഹായിച്ചു കൊണ്ടിരിക്കും. നമസ്ക്കാര സമയമായിരുന്നാലോ നമസ്ക്കാരത്തിനായി പള്ളിയിലേക്ക് പോകുകയും ചെയ്യും. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം

### അല്ലാഹുവാണെ സത്യം എനിക്കുണ്ടായ വിജയം എന്റെ റബ്ബിൽ നിന്ന് ലഭ്യമായതാണ്

ഞാൻ അവനെ സ്തുതിക്കുന്നു. അതോടൊപ്പം അറബി പ്രവാചകൻ (സ)ന്റെ മേൽ ഞാൻ സലാത്തോതുകയും ചെയ്യുന്നു. കാരണം എല്ലാ അനുഗ്രഹങ്ങളും അദ്ദേഹ ത്തിൽ നിന്നാണ് ഇറങ്ങിയിരിക്കുന്നത്. എന്റെ എല്ലാ ഊടും പാവും തിരുമേനി(സ)യിൽ നിന്നുള്ളതാണ്. എനിക്ക് ആ പുണ്യാത്മാവാണ് വേരും ശാഖയും തന്നനുഗ്രഹിച്ചിരിക്കുന്നത്. എന്റെ വിത്തിനേയും കൃഷിയേയും മുളപ്പിച്ചത് അവിടുന്നാണ്. അവിടുന്ന് തന്നെയാണ് മുളപ്പിക്കുന്നതിൽ ഏറ്റവും ശ്രേഷ്ഠൻ.
**(മിനനുറഹ്മാൻ. പേ. 42,43)**



എഡിറ്റോറിയൽ

# മുഹമ്മദ് നബി (സ)

## മനുഷ്യഹൃദയം കീഴടക്കിയ ദിവ്യജേതാവ്

ആത്മീയതയുടെ പാരമ്യം കണ്ട റസൂൽ തിരുമേനി(സ) സ്നേഹ വികാരം കൊണ്ട് മനുഷ്യഹൃദയങ്ങളെ ജയിച്ചടക്കിയ പ്രവാചക വരേണ്യനാണ്. മനുഷ്യ കേന്ദ്രിതമായ ഈ പ്രപഞ്ചം സൃഷ്ടിക്കാൻ കാരണഭൂതരായ റസൂൽ തിരുമേനി(സ) യിൽ മാനുഷതയുടെ എല്ലാ സദ്ഗുണങ്ങളുടെയും സമ്പൂർണ മാതൃകയുണ്ട്. ഖുർആൻ പറയുന്നു: **'നീ അതിമഹത്തായ ധാർമിക ഗുണങ്ങളുള്ളവൻ തന്നെയാണ്'(68:5)**

റസൂൽ തുരുമേനി (സ) അധികാരവും ശക്തിയുമുപയോഗിച്ചല്ല അവിടുത്തെ അനുചരന്മാരെ തന്റെ അലൗകിക വലയത്തിൽ ചേർത്തു നിർത്തിയത്. സൂര്യസമാനം സുവ്യക്തമായിരുന്നു അവിടത്തെ ആർദ്രപൂരിതമായ ഉദീരണങ്ങൾ. കഠിനമായ വാക്കുകളോ അഹങ്കാരത്തിന്റെ ധ്വനിയോ അധികാരത്തിന്റെ നിഴലോ അവയിൽ ഉണ്ടായിരുന്നില്ല. തത്ത്വജ്ഞാനനിർഭരവും യുക്തി സമ്പൂർണവുമായിരുന്നു അവിടുത്തെ ഉദീരണങ്ങൾ. ഭൂമി വസ്തുക്കളെ ആകർഷിക്കുന്നത് പോലെ അനുചരന്മാരുടെ ഹൃദയങ്ങൾ ആ ദിവ്യവ്യക്തിത്വത്തിൽ ബന്ധിതമായിരുന്നു. അഗ്നി പരീക്ഷകളുടെ കാലഘട്ടത്തിൽ പോലും ആ സവിധം വിട്ടുപോകാൻ സഹാബികൾ ഇഷ്ടപ്പെട്ടിരുന്നില്ല. തങ്ങളുടെ എല്ലാമെല്ലാമായ യജമാനന് ജീവൻ ബലിദാനമായി നൽകാൻ തയ്യാറായി അവർ നബിക്ക് ചുറ്റും നിന്നു. അത്രമാത്രം ഗാഢമായിരുന്നു റസൂൽ തിരുമേനി(സ) യോടുള്ള അവരുടെ അനുരക്തി. ഖുർആൻ പറയുന്നു: **'അല്ലാഹുവിന്റെ മഹത്തായ കാരുണ്യംകൊണ്ട് തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ അവർ നിന്റെ ചുറ്റും നിന്ന് ചിതറിപ്പോയ്ക്കളയുമായിരുന്നു. അതിനാൽ നീ അവർക്ക് മാപ്പു നൽകുകയും അവർക്കായി പാപമോചനത്തിന് വേണ്ടി നീ പ്രാർഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക.' (3:160) 'സത്യമായും നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന്ന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമകാര്യങ്ങളിൽ ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കാരുണ്യവുമുള്ളയാളുമാണ്.'(9:128)**

അളവറ്റ ആത്മീയ തേജസ്സിന്റെ ആലക്തിക ശക്തികൾ പ്രവഹിച്ച അവിടുത്തെ കരസ്പർശത്താലും ചന്ദ്രബിംബംപോലെ വിളങ്ങിയ മുഖദർശനത്താലും മൃഗപ്രായരായി ജീവിച്ച മനുഷ്യാത്മാക്കൾ വലിയ വലിയ ആത്മീയനില പ്രാപിച്ചു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

**'ലക്ഷക്കണക്കിന് മൃതന്മാർ ഏതാനും ദിനങ്ങൾ കൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറതലമുറയായി വഴിപിഴച്ചു പോയവർ ദിവ്യ വർണങ്ങൾ സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്കയെന്ന അത്ഭുത പ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടൻ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവിൽ നിന്ന് ദിവ്യജ്ഞാനം പ്രവഹിക്കാൻ തുടങ്ങുകയും ചെയ്തു'(ബറക്കാത്തു ദുആ)** ലോകജനതയിലെ ഒരോരുത്തനേയും മാലാഖമാരെ പോലെയാക്കി മാറ്റാൻ ആത്മീയ ശേഷിയുള്ള മുഹമ്മദ് നബി (സ)യുടെ ദിവ്യവ്യക്തിത്വം വാഗ്ദത്ത മസീഹിനാൽ ലോകം അതിവേഗം തിരിച്ചറിയപ്പെടുമാറാകട്ടെ (ആമീൻ)

**എല്ലാവർക്കും സത്യദൂതന്റെ പുതുവൽസരാംശംസകൾ**



### ഹദ്റത്ത് അഹ്മദ് (അ)

# മുഹമ്മദ് നബി(സ) യുടെ നുബുവ്വത്ത്


പൂർവകാല നുബൂവ്വത്തുകളേയും വേദഗ്രന്ഥങ്ങളേയും പ്രത്യേകം പ്രത്യേകം അനുഗമിക്കേണ്ടുന്ന ആവശ്യം ഇന്നില്ല. കാരണം മുഹമ്മദീ നുബുവ്വത്ത് അവയെല്ലാംതന്നെ ഉൾക്കൊള്ളുന്ന ഒന്നാണ്. ഇതൊഴികെയുള്ള എല്ലാ വഴികളും അടഞ്ഞു പോയിരിക്കുന്നു. ദൈവസാമീപ്യപ്രാപ്തിക്കുള്ള എല്ലാ സത്യങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. ഇതിന് ശേഷം പുതിയൊരു സത്യം പ്രത്യക്ഷപ്പെടുകയോ ഇതിലടങ്ങിയിട്ടില്ലാത്ത മറ്റൊരു സത്യം ഇതിന് മുമ്പ് ഉണ്ടാകുകയോ ചെയ്തിട്ടില്ല. അത്കൊണ്ട് ഈ നുബൂവ്വത്ത് എല്ലാ നുബൂവ്വത്തുകളുടേയും പരിസമാപ്തിയാണ്. അങ്ങനെ തന്നെ വേണ്ടതാണ്താനും. കാരണം ആരംഭം ഉള്ള ഒരു വസ്തുവിന്ന് ഒരവസാനവും വേണമല്ലോ. എന്നാൽ ഈ നുബൂവ്വത്ത് ഒരു ഔദാര്യം പ്രദാനം ചെയ്യുന്നതിൽ മറ്റു എല്ലാ നുബൂവ്വത്തുകളേയും അപേക്ഷിച്ച് എത്രയൊ മുന്നിലാണ് സ്ഥിതിചെയ്യുന്നത്. ദൈവ സംപ്രാപ്തിക്കുള്ള എളുപ്പമാർഗം ഈ നുബുവ്വത്തിന്റെ അനുസരണവും അനുഗമനവും മാത്രമാണ്. അങ്ങനെ ചെയ്യുന്നത്കൊണ്ട് ദൈവ സ്നേഹവും ദൈവഭാഷണവും ഇതിന് മുമ്പ് ലഭിക്കാത്തവിധം ധാരളമായി ലഭ്യമാവുന്നു. എന്നാൽ ഈ നുബൂവ്വത്തിനെ പൂർണമായും അനുസരിക്കുന്നത്കൊണ്ട് മാത്രം ഒരാൾ വെറും ഒരു നബിയെന്നപേരിനർഹനായി തീരുന്നില്ല. അയാൾ ഉമ്മത്തി കൂടി ആയിത്തീരണം. അങ്ങനെ വരുമ്പോൾ മുഹമ്മദ് നബി (സ) യുടെ പരിപൂർണതക്ക് ഒരു കോട്ടവും തട്ടുന്നില്ല. മാത്രമല്ല പ്രസ്തുത നുബൂവ്വത്തിന്റെ പ്രകാശവും അനുഗ്രഹവും വളരെയധികം വ്യക്തമായ നിലയിൽ സ്ഫുടം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്.

ദൈവിക ഭാഷണം എണ്ണത്തിലും ഗുണത്തിലും പരിപൂർണത പ്രാപിക്കുകയും ഒരു പോരായ്മയും അവശേഷിക്കാതിരിക്കുകയും അദൃശ്യകാര്യങ്ങൾ അടങ്ങിയിരിക്കുകയും ചെയ്യുമ്പോൾ അതിന് നുബൂവ്വത്ത് എന്ന് പറയപ്പെടുന്നു. ഈ കാര്യത്തിൽ എല്ലാ നബിമാർക്കും ഏകാഭിപ്രായമാണുള്ളത്. ‘കുൻന്തു ഖൈറ ഉമ്മത്തിൻ ഉഖിരിജത്ത് ലിന്നാസ്’ എന്ന് വിശേഷിപ്പിക്കുകയും ‘ഇഹ്ദിന സിറാത്തൽ മുസ്തഖീം’ എന്ന പ്രാർഥന പഠിപ്പിച്ചു തരിക യും ചെയ്യപ്പെട്ട ഒരു സമുദായത്തിന് ഈ അനുഗ്രഹം നഷ്ടപ്പെടുക എന്നത് അസംഭവ്യമായൊരു കാര്യമാണ്. അങ്ങനെയാണെങ്കിൽ മുഹമ്മദീ ഉമ്മത്ത് അപൂർണവും അപര്യാപ്തവുമായ സമുദായമായിത്തീരുന്നതായിരിക്കും. എല്ലാവരും തന്നെ അന്ധരെപ്പോലെ ആയിത്തീരും. എന്നു മാത്രമല്ല റസൂൽ തിരുമേനി(സ) യുടെ മഹൽ ശക്തിക്കും പരിശുദ്ധതക്കും കോട്ടം തട്ടുന്നതുമായിരിക്കും. അതോടൊപ്പം അഞ്ച്നേരവും നമസ്ക്കാരത്തിൽ ഓതണമെന്ന് കൽപ്പിക്കപ്പെട്ട പ്രാർഥനക്ക് ഒരർഥവും ഇല്ലാതായി തീരും. എന്നാൽ മറു ഭാഗത്ത് മുഹമ്മദീ നുബുവ്വത്തിന്റെ ആത്മീയ പ്രകാശത്തെ പിൻപറ്റാതെ സ്വതന്ത്രമായ നുബൂവ്വത്ത് പദവി ലഭിക്കുന്നതാണെന്ന് പറയുകയാണെങ്കിലും തിരുനബി(സ)യുടെ ഖാത്തമുന്നുബുവ്വത് പദവി അർഥ ശൂന്യമായിതീരുന്നതാണ്. ഈ രണ്ടു വിധത്തിലുള്ള ദോഷങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുന്നതിനായി അല്ലാഹു പരിശുദ്ധവും പരിപൂർണ്ണവും ആയ ദൈവ ഭാഷണത്തിനായി റസൂൽ തിരുമേനി(സ)യെ പരിപൂർണമായും അനുസരിക്കുകയും ‘ഫനാഫിൽ റസൂൽ’ ആയി തങ്ങളെ പരിപൂർണമായി റസൂലിൽ ലയിപ്പിക്കുകയും ചെയ്യുന്ന ചിലരെ തിരഞ്ഞെടുകുന്നു. ഉമ്മത്തി എന്നതുകൊണ്ടുള്ള ഉദ്ദേശ്യവും അനുഗമിക്കുക എന്നതിന്റെ അർഥവും പരിപൂർണമായും അവരതിൽ കാണപ്പെടുന്നു. ഈ അവസ്ഥയിൽ അവരുടെ അസ്തിത്വം അവരുടേതായി തീരുന്നില്ല. മറിച്ച് അവർ സ്വയമേവ മറന്നുകൊണ്ടുള്ള അവസ്ഥയിൽ റസൂൽ തിരുമേനി(സ) യുടെ പ്രതിരൂപമായി പരിണമിക്കുന്നു. ആ അവസ്ഥയിൽ ഇതര പ്രവാചകന്മാർക്ക് ലഭിച്ചത് പോലുള്ള ദൈവഭാഷണം അവർക്ക് ലഭിക്കുന്നു. അങ്ങനെ ഉമ്മത്തിയായിരുന്നിട്ടും നബി എന്ന പദവി അവർക്ക് നൽകപ്പെടുന്നു. **(ചശ്മെ മസീഹി)**

# റബീഉൽ അവ്വൽ 12
# അനുഗ്രഹവർഷത്തിന്റെ സുദിനം

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 ഡിസംബർ 1ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പി.




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

**അ**ല്ലാഹു **'സിറാജുൻമ്മുനീർ'** എന്ന് പറഞ്ഞ നൂർ ലോകത്തു വന്ന ദിവസമാണ് റബീഉൽ അവ്വൽ 12. ആ മഹാത്മാവായിരുന്നു ലോകത്തിന് ആത്മീയവെളിച്ചം പ്രദാനം ചെയ്യേണ്ടിയിരുന്നത്;വെളിച്ചം പ്രദാനം ചെയ്തതും. ആ മഹാത്മാവായിരുന്നു അല്ലാഹുവിന്റെ ഭരണം ലോകത്ത് സ്ഥാപിക്കേണ്ടിയിരുന്നത്; സ്ഥാപിച്ചതും. നൂറ്റാണ്ടുകളായി മരിച്ചുകിടന്നവർക്ക് ആത്മീയ ജീവിതം നല്കേണ്ടിയിരുന്നത് ആ മഹാത്മാവായിരുന്നു; ജീവിതം നല്കിയതും ആ മഹാത്മാവായിരുന്നു. ലോകത്തിന് ശാന്തിയും സമാധാനവും പ്രദാനം ചെയ്യേണ്ടിയിരുന്നതും പ്രദാനം ചെയ്തതും അവിടുന്നയിരുന്നു. ആ മഹാത്മാവിനെ സംബന്ധിച്ച് അല്ലാഹു പറഞ്ഞു: **വമാ അർസൽനാക്ക ഇല്ലാ റഹ്മത്തൻല്ലിൽ ആലമീൻ.** ലോകത്തിന് കാരുണ്യമായിക്കൊണ്ട് നാം നിന്നെ അയച്ചിരിക്കുന്നു. മനുഷ്യർക്കുവേണ്ടി മാത്രമല്ല;പക്ഷിമൃഗാദികൾ തുടങ്ങി സൃഷ്ടജീവിലോകത്തിന്നും കാരുണ്യമാണ്; കേവലം മുസ്ലിംകൾക്കല്ല; അമുസ്ലിംകൾക്കും കാരുണ്യമായിരുന്നു; ഇപ്പോഴും കാരുണ്യമാണ്. ആ മഹാത്മാവിന്റെ അധ്യാപനം പുനരുഥാനനാൾവരേക്കും ഓരോരുത്തർക്കും കാരുണ്യമാണ്.

ഇതുസംബന്ധമായി അല്ലാഹു ആ മഹാത്മാവിനെ വിശ്വസിക്കുന്നവരോടു അല്ലാഹുവിന്റെ ദൂതരിൽ നിങ്ങൾക്ക് ജീവിതമാതൃകയുണ്ടെന്ന് പറഞ്ഞു. അവൻ പറയുന്നു: **ലഖദ് കാന ലക്കും ഫീ റസൂലില്ലാഹി ഉസ്വത്തുൻ ഹസനത്തുൻല്ലിമൻകാന യർജുല്ലാഹ വൽയൗമിൽ ആഖിറ വ ദകറല്ലാഹ കഥീറാ** തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ സൽമാതൃകയുണ്ട്. അല്ലാഹുവിലും പുനരുത്ഥാനനാളിലും വിശ്വസിക്കുന്നവരും അധികമധികമായി അല്ലാഹുവിനെ സ്മരിക്കുന്നവരുമായ എല്ലാ

ഓരോരുത്തർക്കും മാതൃകയുണ്ട്. ആ ജീവിതമാതൃകയിൽ സഞ്ചരിക്കാത്തിടത്തോളം മുസ്ലിം, മുസ്ലിമെന്ന് പറയപ്പെടുകയില്ല.

നമ്മുടെ നബി(സ)തിരുമേനി നമുക്കുവേണ്ടി ഏക ദൈവ വിശ്വാസത്തിന്റെ (തൗഹീദിന്റെ) സംസ്ഥാപനത്തിന്റെ മാതൃകയും സ്ഥാപിച്ചു. ആരാധനകളുടേയും മാതൃക സ്ഥാപിച്ചു. ഉൽകൃഷ്ട സ്വഭാവങ്ങളുടേയും മാതൃക സ്ഥാപിച്ചു. മനുഷ്യരോടുള്ള കടമകളുടേയും മാതൃക സ്ഥാപിച്ചു. പക്ഷേ, അഹോ കഷ്ടം! ഇക്കാലത്തെ മുസ്ലിം ഭൂരിപക്ഷം നബി(സ)തിരുമേനിയെ സ്നേഹിക്കുന്നവരാണെന്ന് വാദിക്കുന്നവരാണെങ്കിലും നമ്മുടെ തിരുമേനി (സ) നല്കിയ പാഠത്തിനും കാണിച്ച കർമത്തിനും നേരെ വിപരീതമാണ് അവരുടെ കർമങ്ങൾ!

ഭൂരിഭാഗം മുസ്ലിം രാഷ്ട്രങ്ങളിലും ഇന്ന് കലഹത്തിന്റേയും കുഴപ്പത്തിന്റേയും അവസ്ഥയാണുള്ളത്. പാകിസ്താനിൽ കുഴപ്പത്തിന്റേയും കലഹത്തിന്റേയും അഗ്നി ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ആളിപ്പടരുമോ എന്ന് ഭയന്ന് ചില നഗരങ്ങളിൽ മൊബൈൽ ഫോൺ സർവീസുകൾ തടഞ്ഞിരിക്കുകയാണ്. പോലീസിന്റെ കനത്ത സുരക്ഷ എല്ലാ ജംഗ്ഷനുകളിലും റോഡുകളിലും ഏർപ്പെടുത്തിയിരിക്കുകയാണ്. ആ നബിയുടെ ജന്മദിനം സന്തോഷത്തോടെ ആചരിക്കേണ്ട മാർഗമിതാണോ? മാന്യന്മാരായ എല്ലാവരും ചകിതരാണ്. നമ്മുടെ പ്രിയപ്പെട്ട യജമാനരുടെ പേരിൽ അഹ്മദികൾക്കെതിരിൽ മൃഗീയത കാണിക്കുന്നതും അനാവശ്യങ്ങൾ പുലമ്പുന്നതും നിത്യവുമുള്ള മാമൂലായിരിക്കുന്നു. പക്ഷേ, ഇന്ന് അതിലും കടുപ്പം കൂടിയിരിക്കുകയാണ്. കുറച്ച് ദിവസമായി നടന്നുവന്ന ഉപരോധവും ധർണയും മാന്യന്മാരായ എല്ലാ പൗരന്മാരേയും ബുദ്ധിമുട്ടിലാക്കി. തൊഴിൽ ജീവിതം സ്തംഭിച്ചു. ഒരു രോഗിയ്ക്കും ആശുപത്രിയിലെത്താൻ കഴിഞ്ഞില്ല. സ്കൂളുകൾ അടച്ചുപൂട്ടി. എന്നല്ല കടകൾപോലും അടഞ്ഞുകിടന്നു. വീട്ടിൽ ഭക്ഷണസാധനങ്ങൾ ഇല്ലാത്തവർക്ക് തങ്ങളുടെ കുട്ടികൾക്കു വേണ്ടി ഭക്ഷണസാധനങ്ങൾ വാങ്ങിവരാൻ കഴിഞ്ഞിരുന്നില്ല. കോടിക്കണക്കിന് രൂപയുടെ നഷ്ടം ജനങ്ങൾക്കുണ്ടായി. ഇതെല്ലാമുണ്ടായത് നാമധാരികളായ ഉലമാഇന്റെ റസൂലിനോടുള്ള സ്നേഹത്തിന്റെ മുദ്രാവാക്യം കാരണത്താലാണ്.

ആ മഹാത്മാവ് ലോകത്തിനു മുഴുവൻ കാരുണ്യമാണ്. വഴികളോടുള്ള കടമ നിറവേറ്റാൻ ആ ധന്യാത്മാവ് നമ്മെ പഠിപ്പിച്ചു. പക്ഷേ, ഇക്കൂട്ടർ പ്രവാചകത്വത്തിന്റെ അന്തസിന്റെ പേരിൽ വഴികൾ തടഞ്ഞ് ജനങ്ങളെ ബുദ്ധിമുട്ടിലകപ്പെടുത്തുന്നു. നബി(സ)തിരുമേനിയുടെ അധ്യാപനത്തിനും അവിടത്തെ ജീവിതമാതൃകയ്ക്കും ഇക്കാര്യങ്ങളുമായി വിദൂരബന്ധം പോലുമില്ല. ഇക്കൂട്ടർ ഇച്ഛിക്കുന്നത് ചെയ്തുകൊണ്ടിരുന്നോട്ടെ! പക്ഷേ, അഹ്മദികളായ നമ്മുടെ ജോലി, നബി(സ)തിരുമേനിയുടെ ജീവിതമാതൃകയുടെ എല്ലാ വശങ്ങളും നോക്കുക എന്നതാണ്; അതനുസരിച്ച് പൂർണമായും കർമം ചെയ്യാൻ ശ്രദ്ധിക്കുക എന്നതാണ്. നമ്മുടെ എല്ലാവിധ ശക്തികളും കഴിവുകളും അനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇപ്പോൾ ഞാൻ നബി(സ) തിരുമേനിയുടെ ജീവിതമാതൃകയിൽനിന്ന്, അവിടത്തെ ജീവിതത്തിലെ ചില വശങ്ങൾ വിവരിക്കുന്നതാണ്.

അല്ലാഹുവിനോടുള്ള ആ മഹാത്മാവിന്റെ സ്നേഹത്തെ സംബന്ധിച്ച് വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ഒരു സ്ഥലത്ത് പറയുന്നു: റസൂലുല്ലാഹി (സ)ഒരു സത്തയുടെ പ്രേമിയാകുകയും ഉന്മത്തനാകുകയും ചെയ്തു. പിന്നീട് ലോകത്ത് ആരും നേടിയിട്ടില്ലാത്തത് നേടുകയും ചെയ്തു. ആ മഹാത്മാവിന് അല്ലാഹുവിനോടു എത്രമാത്രം സ്നേഹമായിരുന്നുവെന്നാൽ സാധാരണക്കാരും പറയാറുണ്ടായിരുന്നു **അശിഖ മുഹമ്മദുൻ അലാ റബ്ബിഹീ** മുഹമ്മദ് (സ)തന്റെ റബ്ബിൽ അനുരക്തനായിപ്പോയി.

നബി(സ) തിരുമേനിയ്ക്ക് അല്ലാഹുവിനോടുള്ള പ്രേമത്തേയും സ്നേഹത്തേയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ബഹുദൈവാരാധകർ മലിനമാണെന്നും ഏറ്റവും നികൃഷ്ടരാണെന്നും വിഡ്ഢികളാണെന്നും ദുർരിയ്യത്ത് ശയ്ത്വാനാണെന്നും അവരുടെ ആരാധ്യർ വഖൂദുന്നാർ ആണെന്നുമുള്ള ആയത്തുകൾ ഇറങ്ങിയപ്പോൾ അബൂത്വാലിബ് നബി (സ) തിരുമേനിയെ വിളിച്ചു പറഞ്ഞു: 'എന്റെ സഹോദരപുത്രാ! ഇപ്പോൾ നിന്റെ ചീത്ത വാക്കുകൾകൊണ്ട് ജനങ്ങൾ പ്രകോപിതരായിരിക്കുകയാണ്. അടുത്തുതന്നെ നിന്നെ അവർ വധിച്ചേക്കാം;അതിനോടൊപ്പം എന്നേയും. നീ അവരുടെ ബുദ്ധിമതികളെ വിഡ്ഢികൾ എന്ന് പറഞ്ഞിരിക്കുന്നു. അവരുടെ മഹാത്മാക്കളെ ശർറുൽ ബരിയ്യ എന്നു പറഞ്ഞിരിക്കുന്നു. അവർ ബഹുമാനിക്കുന്ന ആരാധ്യരുടെ പേര് ഹേസം, ജഹന്നം, വഖൂദുന്നാർ എന്നിങ്ങനെ വെച്ചിരിക്കുന്നു. പൊതുവായ നിലയിൽ ഇവയെ എല്ലാം അശുദ്ധമെന്നും ശയ്ത്വാന്റെ സന്തതിയെന്നും മാലിന്യമെന്നും പറഞ്ഞിരിക്കുന്നു. ഞാൻ നിന്റെ അഭ്യുദയകാംക്ഷി എന്ന നിലയ്ക്ക് പറയുകയാണ്, നിന്റെ നാവ് അടക്കിവെക്കുക. അസഭ്യങ്ങൾ പറയുന്നതിൽനിന്ന് പിന്മാറുക. എനിക്ക് ജനതയെ നേരിടാൻ ശക്തിയില്ല.' നബി (സ) തിരുമേനി മറുപടി പറഞ്ഞു: "അല്ലയോ പിതൃസഹോദരാ! ഇത് കുറ്റപ്പെടുത്തലുകളല്ല. മറിച്ച്, യാഥാർഥ്യം പ്രകടിപ്പിക്കലാണ്. യഥാർഥ വിഷയത്തിന്റെ അവസരോചിതമായിട്ടുള്ള വിവരണമാണ്. ഈ ജോലിക്കുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. ഇതിനുവേണ്ടി മരിക്കേണ്ടിവന്നാലും, ഞാൻ സന്തോഷത്തോടെ മരണം സ്വീകരിക്കുന്നതാണ്. എന്റെ ജീവിതം ആ വഴിയിൽ അർപ്പിച്ചിരിക്കുകയാണ്. മരണത്തെ ഭയന്ന് സത്യം പ്രകടിപ്പിക്കുന്നതിൽനിന്ന് പിന്മാറുകയില്ല. അല്ലയോ പിതൃസഹോദരാ! താങ്കൾക്ക് താങ്കളുടെ ബലഹീനതയുടേയും ബുദ്ധിമുട്ടുകളുടേയും വിചാരമാണെങ്കിൽ എനിക്ക് അഭയം

തരുന്നതിൽനിന്ന് പിന്മാറിക്കൊള്ളുക. അല്ലാഹുവാണെ! എനിക്ക് ജീവനേക്കാൾ പ്രിയപ്പെട്ടതാണ് അല്ലാഹുവിന്റെ കല്പനകൾ. അല്ലാഹുവാണെ! ഞാൻ ഈ വഴിയിൽ വധിക്കപ്പെട്ടാലും, വീണ്ടും വീണ്ടും ജന്മം കൊണ്ട് എപ്പോഴും ഈ വഴിയിൽ മരിക്കാനാണ് ആഗ്രഹിക്കുന്നത്. ഇത് ഭയപ്പെടേണ്ട സ്ഥാനമല്ല. പ്രത്യുത എനിക്ക് അവന്റെ വഴിയിൽ ദുഃഖം സഹിക്കുന്നത് അങ്ങേയറ്റത്തെ ആനന്ദമാണ്.”.

നബി(സ) തിരുമേനി ഈ പ്രസംഗം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. സത്യസന്ധതയും ദിവ്യജ്യോതിസും നിറഞ്ഞ മുഖത്ത് വിഷമം പ്രകടമായിരുന്നു. നബി(സ) തിരുമേനി നീണ്ടപ്രസംഗം അവസാനിപ്പിച്ചപ്പോൾ സത്യത്തിന്റെ പ്രകാശം ദർശിച്ച് അനിയന്ത്രിതമായി അബൂത്വാലിബാന്റെ കണ്ണീർ ഒഴുകാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: ‘‘നിന്റെ ഉന്നതമായ അവസ്ഥ എനിക്കറിയില്ലായിരുന്നു. നീ മറ്റൊരു വർണത്തിലും മറ്റൊരു പ്രൗഢിയിലുമാണുള്ളത്. പോകുക, നിന്റെ ജോലി തുടർന്നുകൊള്ളുക. ഞാൻ ജീവിച്ചിരിക്കുവോളം എന്റെ കഴിവിനനുസരിച്ച് നിന്നോടൊപ്പമുണ്ടാകും.’’

മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യെ വിശ്വസിക്കുന്ന കാരണത്താൽ ഇവർ കാഫിറാണെന്ന് അഹ്മദികളുടെമേൽ ഇന്ന് ആക്ഷേപം ഉന്നയിക്കുന്നു. ഞാൻ ഇപ്പോൾ വിവരിച്ച സംഭവം നമ്മൾ ചരിത്രത്തിൽ വായിക്കുകയും കേൾക്കുകയും ചെയ്യുന്നതാണ്. പക്ഷേ, എത്രമാത്രം അനിയന്ത്രിതമായും മാനസികാവസ്ഥയോടും കൂടിയാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ)അത് വിവരിച്ചത്, അതിൽനിന്ന് മുഹമ്മദെ അറബി(സ) യോടുള്ള ആ മഹാത്മാവിന്റെ അനുരക്തി പ്രകടമാകുന്നുണ്ട്. ഈ മധ്യവർത്തിയിലൂടെ പിന്നീട് നബി (സ)തിരുമേനി നമുക്ക് കാണിച്ചുതന്നിട്ടുള്ള അല്ലാഹുവിനോടുള്ള അനുരക്തിയുടെ വഴികളും കാണാൻ കഴിയുന്നു. നബി (സ) തിരുമേനിയോട് അനുരക്തി പ്രകടിപ്പിച്ചു

> കർമത്തിൽ സത്യസന്ധതയില്ലെങ്കിൽ ജനങ്ങൾ മതാധ്യാപനത്തെ കളവായി മനസ്സിലാക്കും. അല്ലാഹുവിന്റെ സത്ത ഒരു സത്യമാണ്. ദീനുൽ ഇസ്‌ലാമും ഒരു സത്യമാണ്. ആ സത്യത്തെ പ്രചരിപ്പിക്കുകയും സത്യത്തിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുക എന്നത് ഇന്ന് നമ്മുടെ ജോലിയാണ്.

കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: “ഞാൻ എപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നു പേരുള്ള ഈ അറബി പ്രവാചകൻ(ആയിരമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ!)എത്രമേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യംതന്നെ! അവിടത്തെ ദിവ്യശക്തിപ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോ കഷ്ടം! അവിടത്തെ യഥാർഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്ന് തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ ‘തൗഹീദ്’ അഥവാ ഏകദൈവവിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പേയുള്ളവരും പിമ്പേയുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിന് നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചു കൊടുക്കുകയും ചെയ്തു. എല്ലാ ഓരോ കൃപാവരങ്ങളുടേയും ഉത്ഭവസ്ഥാനം അവിടന്നാണ്. അദ്ദേഹത്തെ അംഗീകരിക്കാതെ എന്തെങ്കിലും ശ്രേഷ്ഠത വാദിക്കുന്നവൻ മനുഷ്യനല്ല; അവൻ സാത്താന്റെ സന്തതിയാണ്. കാരണം എല്ലാ ഓരോ ശ്രേഷ്ഠതയുടേയും താക്കോൽ അദ്ദേഹത്തിന് നല്കപ്പെട്ടിരിക്കുന്നു. എല്ലാ ഓരോ ദൈവജ്ഞാനത്തിന്റേയും ഖജനാവ് അദ്ദേഹത്തിന് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. അതുമുഖേന പ്രാപിക്കാത്തവൻ ദൈവസന്നിധിയിൽ പിന്തള്ളപ്പെട്ടവനാണ്. നമ്മൾ എന്ത് വസ്തുവാണ്? നമുക്കെന്ത് അർഥമാണുള്ളത്? യഥാർഥമായ തൗഹീദ് നമ്മൾ ഈ നബി മുഖേന പ്രാപിച്ചുവെന്നും ജീവനുള്ള ദൈവത്തെ തിരിച്ചറിഞ്ഞത് ഈ സമ്പൂർണ നബിയിലൂടെയാണെന്നും അദ്ദേഹത്തിന്റെ പ്രകാശത്തിൽനിന്ന് ലഭിച്ചതാണെന്നും അല്ലാഹുവിന്റെ മുഖകമലം ദർശിക്കാൻ കഴിയുന്ന ദൈവഭാഷണത്തിന്റേയും സംബോധനത്തിന്റേയും ഭാഗ്യവും ആ മഹാനായ നബി മുഖേനയാണ് നമുക്ക് ലഭ്യമായതെന്നുമുള്ള കാര്യം സമ്മതിക്കാത്തിടത്തോളം നമ്മൾ അനുഗ്രഹങ്ങളെ നിഷേധിക്കുന്നവരായിരിക്കും. ആ സന്മാർഗ സൂര്യന്റെ കിരണങ്ങൾ വെയിലുപോലെ നമ്മളിൽ പതിയുന്നു. നമ്മൾ അതിന് അഭിമുഖമായി നില്ക്കുവോളം നമ്മൾ പ്രശോഭിതരായിരിക്കുന്നതാണ്.”

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “ഞാൻ ശക്തമായും പറയുന്നു: എത്ര വലിയ ശത്രുവാണെങ്കിലും ക്രിസ്ത്യാനിയാവട്ടെ, ആര്യസമാജക്കാരാവട്ടെ, നബി(സ)തിരുമേനി വരുന്നതിനു മുമ്പേയുള്ള അറേബ്യയുടെ അവസ്ഥയും പിന്നീട് നബിയുടെ അധ്യാപനവും ആകർഷണവുംകൊണ്ട് ഉണ്ടായ മാറ്റവും നോക്കുകയാണെങ്കിൽ അനിയന്ത്രിതമായി അവർക്ക് അവിടത്തെ സത്യത്തിന് സാക്ഷ്യം പറയേണ്ടതായി വരും. വിശുദ്ധ ഖുർആൻ അതിന്റെ ആദ്യ അവസ്ഥ

കോറിയിട്ടതിങ്ങനെയാണ്. **വ യഅ്ക്കുലൂന കമാ തഅ്ക്കുലുൽ അൻആമ** മൃഗങ്ങളെ പോലെയായിരുന്നു അവർ ഭക്ഷിച്ചിരുന്നത്. മൃഗങ്ങളെ പോലുള്ള അവസ്ഥയായിരുന്നു. ഇതായിരുന്നു വിശ്വാസിയല്ലാതിരുന്നപ്പോൾ അവരുടെ അവസ്ഥ. പിന്നീട് നബി(സ)തിരുമേനിയുടെ പരിശുദ്ധമായ സ്വാധീനത്താൽ അവരിൽ മാറ്റം ഉണ്ടാക്കിയപ്പോൾ അവരുടെ അവസ്ഥ **യബീത്തുന ലി റബ്ബിഹിം സുജൂദൻ വ്വ ഖിയാമാ** ആയിത്തീർന്നു. അതായത് അവർ തങ്ങളുടെ റബ്ബിന്റെ തിരുസന്നിധിയിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും നിന്നുകൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരായിത്തീർന്നു.”

“ആ ജീവിതമാതൃകയെ പിൻപറ്റികൊണ്ട് സ്വഹാബാക്കൾ ആരാധനകളുടെ നിലവാരം ഉയർത്തിയതു പോലെ ആദ്യകൂട്ടരുമായി കൂടിച്ചേർന്ന അവസാനം വന്ന ഈ ജമാഅത്തിലെ അംഗങ്ങളുടേയും നിർബന്ധകടമയാണ് നമ്മളും നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തുക എന്നത്. ഭൗതികതയിൽ മാത്രം മുങ്ങിത്താഴരുത്. ഉപസംഘടനകളും ജമാഅത്തും ഇത്ര ശതമാനം നമസ്കരിക്കുന്നവരായിട്ടുണ്ടെന്ന് റിപ്പോർട്ട് തരുന്നുണ്ട്. 40%, 50%, 60%. 100% ആരാധകരെ നമ്മൾ ഉണ്ടാക്കാത്തിടത്തോളം നമ്മൾ സ്വസ്ഥതയോടെ ഇരിക്കരുത്. ജമാഅത്തുമാത്രല്ല, മറിച്ച് ഓരോ വ്യക്തിയും താൻ ഏതവസ്ഥയിലാണെന്ന് ആത്മപരിശോധന നടത്തേണ്ടതാണ്.

സത്യസന്ധതയിലും സത്യത്തിലും നബി(സ) തിരുമേനിയുടെ ജീവിതമാതൃകയെന്തായിരുന്നു. അവിടത്തെ കടുത്തവിരോധി നദ്ർ ബിൻ ഹാരിഥിന്റെ സാക്ഷ്യം കേൾക്കുക. ഒരിക്കൽ ഖുറയ്ശി നേതാക്കൾ സംഘടിച്ചു. അവരിൽ അബൂജഹ്‌ലും നദ്ർ ബിൻ ഹാരിഥുമുണ്ടായിരുന്നു. നബി(സ) തിരുമേനി മാന്ത്രികനാണെന്നും വ്യാജനാണെന്നും പറഞ്ഞുപരത്താൻ ആരോ പറഞ്ഞപ്പോൾ നദ്ർ ബിൻ ഹാരിഥ് എഴുന്നേറ്റുനിന്നു പറഞ്ഞു: ‘ഖുറയ്ശീ സംഘമേ! ഇത്തരം കാര്യം നിങ്ങളുടെ മുമ്പിൽ വന്നിരിക്കുകയാണ്. ഇതിനെ നേരിടാൻ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. മുഹമ്മദ്(സ)നിങ്ങളിൽ ഒരു യുവാവായ ആൺകുട്ടിയായിരുന്നു. നിങ്ങൾക്ക് ഏറ്റവുമധികം പ്രിയങ്കരനായിരുന്നു. ഏറ്റവുമധികം സത്യം പറയുന്ന ആളായിരുന്നു. നിങ്ങളിൽ ഏറ്റവുമധികം വിശ്വസ്തനായിരുന്നു. ഇപ്പോൾ നിങ്ങൾ പറയുന്നു, ഇന്ദ്രജാലക്കാരനാണെന്ന്. അവനിൽ ഇന്ദ്രജാലത്തിന്റെ ഒരു കാര്യവുമില്ല. ഞങ്ങളും ഇന്ദ്രജാലക്കാരെ കണ്ടിട്ടുണ്ട്. നിങ്ങൾ പറഞ്ഞു: അവൻ ജോത്സ്യനാണെന്ന്. ഞങ്ങൾ ജോത്സ്യന്മാരേയും കണ്ടിട്ടുണ്ട്. അവൻ ഒരിക്കലും ജോത്സ്യനല്ല. നിങ്ങൾ പറഞ്ഞു, അവൻ കവിയാണെന്ന്. കവിതയുടെ എല്ലാ ഇനങ്ങളും ഞങ്ങൾക്കറിയാം. അവൻ കവിയല്ല. നിങ്ങൾ പറയുന്നു, അവൻ ഭ്രാന്തനാണെന്ന്. അവനിൽ ഭ്രാന്തിന്റെ ഒരു ലക്ഷണവുമില്ല. ഖുറയ്ശീ സംഘമേ! കൂടുതൽ ചിന്തിക്കുക! നിങ്ങളുടെ ബന്ധം വളരെ വലിയ കാര്യങ്ങളുമായിട്ടാണ്.

അബൂജഹ്‌ലിന് നബി(സ)തിരുമേനിയുടെ സത്യത നിഷേധിക്കാൻ കഴിഞ്ഞില്ല. അയാൾ പറഞ്ഞു: ‘നീ കള്ളനാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, നീ കൊണ്ടുവന്ന അധ്യാപനം തെറ്റാണ്. കാരണം നീ ഞങ്ങളുടെ ബിംബങ്ങൾക്കെതിരെ സംസാരിക്കുന്നു.’ അബൂസുഫിയാനും ഹിർക്കൽ രാജാവിന്റെ ദർബാറിൽ പറഞ്ഞതു നബി(സ) തിരുമേനി ഒരിക്കലും കളവ് പറഞ്ഞിട്ടില്ലെന്നും സത്യം പറയാൻ എപ്പോഴും ഉപദേശിച്ചിരുന്നുവെന്നുമാണ്. അതിനാൽ ശത്രുക്കളിൽ ശത്രുപോലും ആ മഹാത്മാവിനെ വ്യാജനെന്ന് പറഞ്ഞില്ല. ആ മഹാത്മാവിന്റെ നുബുവ്വത്ത് സത്യമാണെന്നുള്ളതിന് ഏറ്റവും വലിയ തെളിവാണിത്.

യഹൂദി പണ്ഡിതൻ നബി(സ) തിരുമേനിയുടെ മുഖകമലം കണ്ടുകൊണ്ട് പറഞ്ഞിരുന്നത് ഇത് കള്ളവാദിയുടെ മുഖമല്ല എന്നാണ്.

അതിനാൽ നബി(സ)തിരുമേനിയുടെ ജീവിതപന്ഥാവിലൂടെ നടന്നുകൊണ്ട് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം പ്രചരിപ്പിക്കുന്നതിൽ എളുപ്പമുണ്ടാകാൻ, അഹ്മദികൾ തങ്ങളുടെ സത്യസന്ധതയുടെ നിലവാരം ഉയർത്താൻ എപ്പോഴും ശ്രമിക്കേണ്ടതാണ്. തബ്‌ലീഗിന് അത്യാവശ്യമായിട്ടുള്ളത് വാക്കും പ്രവൃത്തിയും ഒന്നായിരിക്കുക എന്നതാണ്. കർമത്തിൽ സത്യസന്ധതയില്ലെങ്കിൽ ജനങ്ങൾ മതാധ്യാപനത്തെ കളവായി മനസ്സിലാക്കും. അല്ലാഹുവിന്റെ സത്ത ഒരു സത്യമാണ്. ദീനുൽ ഇസ്‌ലാമും ഒരു സത്യമാണ്. ആ സത്യത്തെ പ്രചരിപ്പിക്കുകയും സത്യത്തിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുക എന്നത് ഇന്ന് നമ്മുടെ ജോലിയാണ്.

‘അതിനാൽ ഇന്ന് (റബീഉൽ അവ്വൽ 12 എന്ന ഇന്നത്തെ ദിവസം) യഥാർഥമായ സന്തോഷം കൊണ്ടാടണമെങ്കിൽ നബി(സ)തിരുമേനിയുടെ ജീവിതപന്ഥാവിലൂടെ കർമം ചെയ്തേ കൊണ്ടാടാൻ കഴിയൂ. അവിടെ ആരാധനകളുടെ നിലവാരവും ഉയരണം. അവിടെ തൗഹീദിലും തികഞ്ഞ ദൃഢവിശ്വാസമുണ്ടാകണം. സൽസ്വഭാവങ്ങളുടെ നിലവാരവും ഉയരണം. ഇതില്ലെങ്കിൽ നമ്മളും അവരും തമ്മിൽ ഒരു വ്യത്യാസവുമില്ല. നമ്മൾ നബി(സ) തിരുമേനിയുടെ ജീവിതപന്ഥാവിലൂടെ കർമം ചെയ്യുന്നില്ലെങ്കിൽ, ഭിന്നിച്ചു കിടക്കുകയും താൽക്കാലിക നേതാവിന്റേയും നാമധാരികളായ ഉദ്യോഗസ്ഥരുടേയും പിന്നാലെ നടക്കുകയും ജനങ്ങളെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന അവരും നമ്മളും തമ്മിൽ ഒരു വ്യത്യാസവുമില്ല! ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തതിന്റെ തേട്ടംതന്നെ എല്ലാ പ്രവൃത്തിയിലും നബി(സ)തിരുമേനിയുടെ ജീവിതമാതൃക മുന്നിൽ വെക്കുക എന്നതാണ്. എല്ലാവർക്കും ഇതിന് തൗഫീഖ് കിട്ടാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഭാഗം – 4

# മലക്കുകൾ :
# സൂക്ഷ്മലോകത്തെ ആജ്ഞാനുവർത്തികൾ

മലക്കുകൾ അല്ലാഹുവിന്റെ ആജ്ഞാനുവർത്തികളായ അദൃശ്യ ജീവികളാണ്. വിശ്വാസകാര്യങ്ങളിൽപെട്ട അത്ഭുതകരമായ ഈ അസ്തിത്വത്തെ സംബന്ധിച്ച് വളരെയൊന്നും മതസാഹിത്യങ്ങളിൽ ചർച്ചചെയ്യപ്പെടുകയോ വിവരിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഇമാം മഹ്ദിയുടെ രണ്ടാം ഖലീഫയും വാഗ്ദത്ത പരിഷ്ക്കർത്താവുമായ **ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)** തന്റെ അഗാധവും വിശാലവുമായ ദിവ്യജ്ഞാനത്താൽ മലക്കുകളെ സംബന്ധിച്ച് ലളിത മനോഹരമായി എഴുതിയ **മലായിക്കത്തുല്ലാഹ്** എന്ന ഉറുദു പുസ്തകത്തിന്റെ വിവർത്തനം.
**വിവ: ആരിഫ് മുഹമ്മദ് ബി. എം.**

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**എ**ല്ലാവരുടെയും മനസ്സിൽ സത്പ്രേരണകളും സദ്വിചാരങ്ങളും ഇടുക എന്നതാണ് മലക്കുകളുടെ പതിനേഴാമത്തെ പ്രവൃത്തി. ഓരോ മനുഷ്യനു വേണ്ടി വേറെ തന്നെ നിശ്ചയിക്കപ്പെടുന്ന മലക്കിന്റെ ജോലിയാണിത്. മനുഷ്യമനസ്സിൽ നടന്നു കൊണ്ടിരിക്കുന്ന മലക്കുകളുടെ ഈ സത്പ്രേരണകൾ വാസ്തവത്തിൽ ജിബ്രീലിന്റെ അധീനതയിലാണ് സംഭവിക്കുന്നത്. നബി(സ)തിരുമേനി പറയുന്നു: ഫിൽഖൽബി ലമ്മത്താനി.. .. ..

അതായത്, മനുഷ്യമനസ്സിൽ രണ്ടു വിധത്തിലുള്ള പ്രേരണകളാണ് നടക്കുന്നത്. മലക്കുകളുടെ ഭാഗത്തു നിന്ന് നല്ല കാര്യങ്ങൾക്കു വേണ്ടിയുള്ള പ്രേരണകളും സത്യത്തെ സാക്ഷ്യപ്പെടുത്തലുമാണ് ഒന്ന്. ആയതിനാൽ, അത്തരം പ്രേരണകൾ ഒരുവനിലുണ്ടായാൽ അത് അല്ലാഹുവിൽ നിന്നാണെന്ന് മനസ്സിലാക്കിക്കൊണ്ട് അവൻ നന്ദി പ്രകാശിപ്പിക്കട്ടെ. ശത്രുവിൽ നിന്നാണ് മറ്റൊന്ന്. അത് അവനെ ചീത്തകാര്യങ്ങളിലേക്ക് പ്രേരിപ്പിക്കുകയും സത്യത്തെ നിഷേധിക്കുകയും നല്ലകാര്യങ്ങളിൽ നിന്ന് തടയുകയും ചെയ്യുന്നു. ആയതിനാൽ, ഇത്തരം ചിന്തകൾ ആരുടെ മനസ്സിലാണോ ഉടലെടുക്കുന്നത് അവൻ അല്ലാഹുവിനോട് സാത്താനിൽ നിന്ന് അഭയം ചോദിക്കട്ടെ.

മലക്കുകളുടെ യാഥാർഥ്യ വും അവരുടെ പ്രവർത്തനങ്ങളു മായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. ഇതിൽ നിന്നും മലക്കുകൾ വെറുതെയല്ല, മനുഷ്യനുമായി വലിയ ബന്ധം അവർക്കുണ്ടെന്ന് മനസ്സിലായിട്ടുണ്ടാകുമല്ലോ. ആ നിലയ്ക്ക് സാധാരണക്കാർ വിചാരിക്കുന്നതു പോലെ ഇതൊരു നിസ്സാര സംഗതിയല്ല. മറിച്ച് മലക്കുകളുടെ അസ്തിത്വവും അങ്ങേയറ്റം

പ്രയോജനം നല്കുന്നതാണെന്ന് മനസ്സിലാക്കാം.

## മനുഷ്യന് മലക്കുകൾക്ക് ഗുണംചെയ്യാൻ സാധിക്കുമോ?

ഇനി നാം മനുഷ്യർക്ക് മലക്കുകൾക്ക് വല്ല ഗുണവും എത്തിക്കുന്നുണ്ടോ എന്ന് നോക്കാം. ഇതുസംബന്ധമായി എന്റെ ഗവേഷണത്തിന്റെയും, ഖുർആനിലെയും ഹദീസിലെയും അധ്യാപനത്തിന്റെയും വെളിച്ചത്തിൽ മനസ്സിലാകുന്നത് പദവിയിൽ ഉയർച്ച ലഭിക്കുന്നതിനു വേണ്ടി പ്രാർഥിക്കാം എന്നതൊഴിച്ചാൽ മറ്റൊരു വിധത്തിലും മനുഷ്യന് മലക്കുകൾക്ക് ഗുണം ചെയ്യാനാവില്ല എന്നാണ്. ഹ: ഇബ്രാഹീം നബി(അ)യുടെ അടുക്കൽ മലക്കുകൾ വന്ന് സലാം പറഞ്ഞപ്പോൾ അദ്ദേഹം അതിന് മറുപടി നല്കിയെന്നാണ് വിശുദ്ധ ഖുർആനിൽ നിന്ന് അറിയാൻ സാധിക്കുന്നത്. മലക്കുകൾക്ക് അത് ഗുണം ചെയ്യുമായിരുന്നില്ലെങ്കിൽ അദ്ദേഹം മറുപടി പറയുമായിരുന്നില്ല. എന്തെന്നാൽ, സലാം എന്നത് സമാധാനത്തിന് വേണ്ടിയുള്ള പ്രാർഥനയാണ്. പദവികളിൽ ഉയർച്ച സാധ്യമല്ലെങ്കിൽ പിന്നെ അതിനു വേണ്ടിയുള്ള പ്രാർഥന നിഷ്പ്രയോജനകരമാണ്. അതുപോലെ ഒരു ഹദീസിൽ വന്നിരിക്കുന്നു, നബി(സ) തിരുമേനി ഹ: ആയിശ(റ)യോട് പറഞ്ഞു: 'ജിബ്രീൽ നിന്നോട് അസ്സലാമു അലൈക്കും എന്ന് പറഞ്ഞിരിക്കുന്നു.' അപ്പോൾ ഹ: ആയിശ(റ) പറഞ്ഞു: 'വ അലൈക്കുമുസ്സലാം'. നബി(സ) അവരെ അതിൽ നിന്ന് വിലക്കിയില്ല.

അതുപോലെ തന്നെ തശഹ്ഹുദ് ഇറങ്ങുന്നത് വരെ സഹാബാക്കൾ അല്ലാഹുവിന്റെ മേൽ സലാം, ജിബ്രീലിനു മേൽ സലാം, ഇന്നയാളുടെ മേൽ സലാം എന്നായിരുന്നു പറയാറുണ്ടായിരുന്നത്. അപ്പോൾ നബി(സ) അല്ലാഹുവിന് സലാം പറയുന്നത് വിലക്കിയെങ്കിലും ജിബ്രീലിന് സലാം പറയുന്നത് വിലക്കിയില്ല. ജിബ്രീലിന് അതു കൊണ്ട് ഗുണം ചെയ്യുമായിരുന്നില്ലെങ്കിൽ നബി(സ) അത് വിലക്കിയേനെ. അതിൽ കവിഞ്ഞ് മലക്കുകൾക്ക് ഗുണം ചെയ്യുന്നതായ സംഗതി അറിവില്ല.

## മലക്കുകളുടെ അസ്തിത്വത്തിനുള്ള തെളിവുകൾ

ഇനി ഞാൻ മലക്കുകൾ ഉണ്ടെന്നുള്ളതിന് തെളിവ് ഹാജരാക്കാം. വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ മലക്കുകൾ ഉണ്ടെന്ന് ഞാൻ ആദ്യം പറഞ്ഞിട്ടുണ്ട്. ഇനി മലക്കുകൾ ഉണ്ടെന്നുള്ള കാര്യം എങ്ങനെ അറിയാം എന്ന് തെളിവോടു കൂടി ഞാൻ സ്ഥാപിക്കാം.

1) പ്രപഞ്ചം മുഴുവനും ഒരു നിയമം ഉള്ളതായി നാം കാണുന്നു. അനിഷേധ്യമാം വിധം ശക്തിമത്തായ നിയമമാണത്. ആ നിയമം ഒരു ഉദ്ദേശ്യത്തിനു കീഴിലാണുള്ളത്. ഉദാ: ആകാശത്ത് നക്ഷത്രങ്ങൾ ചലിക്കുന്നത് നാം കാണുന്നു. അവയിലെ യുക്തി ദ്യോതിപ്പിക്കുന്നത് ഈ വ്യവസ്ഥ അകാരണമോ ഉദ്ദേശ്യമില്ലാതത്തോ ആയിരിക്കാനിടയില്ല എന്നാണ്. നാം വസിക്കുന്ന ഈ ഭൂമി ഒരു നിസ്സാര ഗോളമാണെന്ന് സ്ഥാപിക്കാൻ അസ്ട്രോണമേർസ കിണഞ്ഞു ശ്രമിച്ചിട്ടുണ്ട്. ഇതൊരു ചെറിയ ഗോളമാണെന്ന് വരുത്താൻ വളരെയധികം പ്രയത്നിച്ചു. ഇത് ഒത്ത നടുവിലാണെന്നാണ് അവർ പറയുന്നത്. ഞങ്ങൾ ചോദിക്കുന്നു: ഒത്ത നടുവിൽ തന്നെ അതെങ്ങനെ വന്നു?

സംഗതിയെന്താണെന്നാൽ, മനുഷ്യർ ഇതിൽ നിവസിക്കുന്നതിനാൽ എല്ലാ നക്ഷത്രങ്ങളും ഇതിൽ സ്വാധീനം ചെലുത്തേണ്ടതുണ്ടായിരുന്നു. മധ്യത്തിലായെങ്കിൽ മാത്രമേ ഇതു സാധ്യമാകൂ. ഒരുദ്ദേശ്യത്തിനു കീഴിലാണ് ഇതു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് ഇതിൽ നിന്നു മനസ്സിലാകുന്നു. അല്ലാതെ, അലക്ഷ്യമായി സൃഷ്ടിക്കപ്പെട്ടതല്ല. ബാക്കി എല്ലാ ഭൗതിക സംവിധാനവും ഇതുപോലെയാണ്. കുറച്ചു വർഷങ്ങൾക്കു മുൻപ് ഒരു നക്ഷത്രം പ്രത്യക്ഷപ്പെട്ടിരുന്നു. അതു ഭൂമിയുമായി കൂട്ടിമുട്ടി ലോകം മുഴുവൻ നശിച്ചൊടുങ്ങും എന്നാണ് കരുതപ്പെട്ടിരുന്നത്. എന്നാൽ കുറച്ച് കാലം കഴിഞ്ഞപ്പോൾ അതിന്റെ ദിശമാറി. ഒന്നും സംഭവിച്ചില്ല. ഇങ്ങനെ പലവട്ടം ഉണ്ടായിട്ടുണ്ട്. ഭൂമിയുമായി ആ നക്ഷത്രം കൂട്ടിയിടിച്ചാൽ ഭൂമി നശിച്ചു പോകുമെന്നാണ് കരുതപ്പെട്ടിരുന്നത്. ഭൂമിയുമായി കൂട്ടിയിടിച്ചാൽ അതിനെ നശിപ്പിക്കും വിധം ഘനഗംഭീരമായ ആ നക്ഷത്രം ഭൂമിയോട് അടുക്കാറായപ്പോൾ അത് വഴിമാറിപ്പോവുകയായിരുന്നു. എന്നാൽ, വാൽനക്ഷത്രം ഭൂമിയെ തട്ടുമ്പോൾ ഒരു കോട്ടവും സംഭവിക്കില്ല എന്നത് വിചിത്രം തന്നെ. അതു ഭൂമിയോട് അടുത്ത് അതിന്റെ വാൽ ഭൂമിയിൽ തട്ടുന്നു. എന്നാൽ, സൂക്ഷ്മവസ്തുക്കളാൽ നിർമിക്കപ്പെട്ടതിനാൽ ഭൂമിക്ക് ഒരു കോട്ടവും തട്ടുന്നതല്ല.

ഒരിക്കൽ യൂറോപ്പിലെ ഒരു ശാസ്ത്രജ്ഞൻ ഒരു വിളംബരം ചെയ്തു: 'ഇതാ ഒരു നക്ഷത്രം ഇപ്പോൾ ഭൂമിയുടെ അടുത്തു കൂടെ പോകുന്നതാണ്. അങ്ങനെ ലോകത്തിന് നാശം സംഭവിക്കുന്നതാണ്'. അന്നേരം വളരെയേറെ ദുരിതവും ക്ലേശവും അനുഭവിക്കേണ്ടിവരുമെന്നോർത്ത് പലരും ആത്മഹത്യ ചെയ്തു. പക്ഷേ, ആ നക്ഷത്രം വന്നു, കടന്നു പോയി. ഒരു കോട്ടവും സംഭവിച്ചില്ല. അപ്പോൾ വാനശാസ്ത്രജ്ഞർ പറഞ്ഞത്, അതിന്റെ പദാർഥങ്ങൾ എത്രമാത്രം സൂക്ഷ്മമായിരുന്നുവെന്നാൽ അത് സൂര്യനു മുൻപിലെത്തിയപ്പോൾ സൂര്യകിരണങ്ങളുടെ സമ്മർദത്താൽ അതിന്റെ വാല് വലത്തു നിന്ന് ഇടത്തേക്ക് മാറിപ്പോയി എന്നാണ്. ഒരു നിശ്ചിത നിയമത്തിനു കീഴിലാണ് എല്ലാ കാര്യങ്ങളും നടക്കുന്നതെന്നാണ് ഇത്തരം കാര്യങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. ബോധപൂർവമായ ഒരു അസ്തിത്വം(ബിൽ ഇരാദ) ഇതിനു പിന്നിലില്ലെങ്കിൽ പിന്നെ ഇതൊക്കെ എങ്ങനെയാണ് നടക്കുന്നത്? ആ ബോധപൂർവമായ അസ്തിത്വം

ഏതാണ് എന്നതാണ് ഇനിയുള്ള പ്രശ്നം. ഇത് തീർപ്പാക്കാൻ അല്ലാഹുവിനേ കഴിയൂ. മലക്കുകളാണെന്ന് അവൻ പറയുന്നു. അപ്പോൾ ഓരോ വസ്തുവിൻ മേലും മലക്കുകളുടെ ആധിപത്യമുണ്ട്. അവരിലൂടെയാണ് ഈ വ്യവസ്ഥിതി നടന്നു കൊണ്ടിരിക്കുന്നത്. എല്ലാ സംഗതികളിലും മലക്കുകളുടെ ആധിപത്യമുണ്ടെന്നതിനും അവരുടെ ഇച്ഛയ്ക്കനുസരിച്ചാണ് ആ സംഗതി പ്രവർത്തിക്കുന്നത് എന്നതിനും എനിക്ക് വ്യക്തിപരമായ അനുഭവമുണ്ട്. ഒരിക്കൽ എനിക്ക് പനി ബാധിച്ചു. ഡോക്ടർമാർ മരുന്നു തന്നെങ്കിലും ഫലമുണ്ടായില്ല. ആയിടക്ക് ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് വന്നു. അദ്ദേഹത്തിന്റെ കൂടെ ഒരു അനഹ്മദിയുമുണ്ടായിരുന്നു. അവരെ ഞാൻ എന്റെടുത്തേക്കു വിളിച്ചു. അവർ വരുന്നതിനു മുൻപേ ഞാൻ അബോധാവസ്ഥയിലാവുകയും ഒരു കൊതുക് എന്റെ മുൻപിൽ വന്നു കൊണ്ട് ഇന്ന് പനി ഭേദമാകുമെന്ന് സ്വപ്നത്തിൽ പറയുകയും ചെയ്തു. ഡോക്ടർ സാഹിബും ചൗധരിസാഹിബും അദ്ദേഹത്തിന്റെ അനഹ്മദി സുഹൃത്തും വന്നപ്പോൾ ആ സ്വപ്നം ഞാൻ അവരോടു പറഞ്ഞു. അങ്ങനെ കുറച്ചു കഴിഞ്ഞ് ഡോക്ടർ സാഹിബ് തെർമോ മീറ്റർ വെച്ചു നോക്കിയപ്പോൾ പനിയില്ലായിരുന്നു.

വാസ്തവത്തിൽ അതു പറഞ്ഞത് കൊതുകായിരുന്നില്ല. കൊതുകിന്റെ മേൽ ആധിപത്യമുള്ള മലക്കിന്റെ ഭാഗത്തു നിന്നായിരുന്നു അത്. അതുകൊണ്ട് വ്യവസ്ഥിതിക്കും ഉദ്ദേശ്യത്തിനും കീഴിൽ പ്രവർത്തിക്കുന്ന ഓരോ സംഗതിയും മലക്കുകളുടെ അസ്തിത്വത്തിനുള്ള തെളിവാണ്.

2) ഭൗതിക ഘടനയിൽ നിന്നും മലക്കുകൾ ഉണ്ടെന്ന് സ്ഥാപിതമാകുന്നുണ്ട്. കാരണം, നാം ഇന്നു ലോകത്ത് കാണുന്ന വസ്തുക്കൾ വാസ്തവത്തിൽ അതേപോലെ ഉണ്ടായതല്ല എന്നാണ് ആധുനിക ഗവേഷണങ്ങളിൽ നിന്ന് തെളിഞ്ഞിരിക്കുന്നത്. ഉദാഹരണത്തിന് നാം കാണുന്ന മനുഷ്യൻ ഒരേ വസ്തുവിൽ നിന്നുണ്ടായതല്ല. മറിച്ച്, ഒരുപാട് പദാർഥങ്ങൾ ചേർന്നുണ്ടായതാണ്. ആ പദാർഥങ്ങളും കോടിക്കണക്കിന് കണങ്ങൾ ചേർന്നാണ് ഉണ്ടായത്. ഇനി ആ കണങ്ങളും സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ കണങ്ങളുടെ സങ്കലനമാണ്. എത്രത്തോളമെന്നാൽ, മനുഷ്യ ശരീരത്തിലൂടെ കടന്നു പോകുന്ന ഒരു കണം അമേരിക്കയിലെ ഒരു ശാസ്ത്രജ്ഞൻ കണ്ടുപിടിച്ചിരിക്കുകയാണ്. കാറ്റിന് ശരീരത്തിലൂടെ കടന്നു പോകാൻ കഴിയില്ലെങ്കിലും ഈ കണം ശരീരത്തിനേറ്റാൽ മറുഭാഗത്ത് കൂടെ അത് കടന്നു പോകുമത്രേ.

നാം കാണുന്ന വസ്തുക്കൾ അതിസൂക്ഷ്മങ്ങളാണെന്നും സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ കണങ്ങളുടെ സങ്കലനമാണെന്നുമാണ് ഈ ഭൗതിക ഗവേഷണങ്ങളിൽ നിന്ന് സ്ഥാപിതമാകുന്നത്. ഓരോ വസ്തുവും ഇങ്ങനെ അഗോചരമായ നിലയിൽ സൂക്ഷ്മമായ ഉറവിടങ്ങളിൽ നിന്ന് തന്റെ ശക്തി ആർജിക്കുമ്പോൾ ഈ സൂക്ഷ്മതയിൽ കൊണ്ടെത്തിക്കുന്നതിൽ എന്തോ യുക്തിയുണ്ടെന്ന് അംഗീകരിക്കേണ്ടി വരുന്നു. വസ്തുക്കളുടെ മേൽ അതിസൂക്ഷ്മരായ മലക്കുകളുടെ നിയന്ത്രണമുണ്ട് എന്നതാണ് ആ യുക്തി.

ചുരുക്കത്തിൽ, അതിസൂക്ഷ്മങ്ങളായ കണങ്ങളിലേക്കുള്ള വസ്തുക്കളുടെ പോക്ക് വിളിച്ചോതുന്നത് അവരുടെ വ്യവസ്ഥാപകരും സൂക്ഷ്മങ്ങൾ തന്നെയെന്നാണ്. വസ്തുക്കൾ സൂക്ഷ്മങ്ങളാണെന്നത് അവയുടെ മേൽ പ്രവർത്തിക്കുന്നത് സൂക്ഷ്മാത്മാക്കൾ തന്നെയാണെന്നതിനെ ദൃഢീകരിക്കുന്നു. അവരാണ് മലക്കുകൾ.

3) വിശ്വാസയോഗ്യങ്ങളായ സാക്ഷ്യങ്ങളിലൂടെയും ഒരു വസ്തു ഉണ്ടെന്നുള്ളതിന് തെളിവ് ലഭിക്കുന്നു. ഉദാ: ജനങ്ങൾ ലണ്ടനിൽ നിന്ന് വന്നു കൊണ്ട് ലണ്ടൻ ഒരു പട്ടണമാണെന്ന് പറയുമ്പോൾ ജനങ്ങൾ ആ പറയുന്നതിനെ വിശ്വാസത്തിലെടുക്കുന്നു. ഇതേ പോലെ മലക്കുകളുണ്ടെന്ന് ഇത്രയും വിശ്വസ്തരായ ആളുകൾ പറഞ്ഞു വന്നിരിക്കെ അതെന്തു കൊണ്ട് വിശ്വസിച്ചു കൂടാ?. സാക്ഷ്യങ്ങൾ വിശ്വാസയോഗ്യമല്ലെങ്കിൽ ലണ്ടൻ കണ്ടവർക്കേ അത് ബാധകമാകുന്നുള്ളൂ. അത് കാണാത്തവരെ സംബന്ധിച്ചിടത്തോളം ലണ്ടന് ഒരു യാഥാർഥ്യവും ഇല്ലാതിരിക്കേണ്ടതാണ്. ഇനി ലണ്ടൻ ആർക്കും പോയി കാണാമല്ലോ, മലക്കുകളെ എല്ലാവർക്കും കാണാൻ കഴിയില്ലല്ലോ എന്നാരെങ്കിലും പറയുകയാണെങ്കിൽ എല്ലാവർക്കും ലണ്ടൻ കാണാൻ കഴിയും എന്നത് തെറ്റാണെന്നേ ഞങ്ങൾ പറയൂ. പണമുള്ളവനേ ലണ്ടൻ കാണാൻ സാധിക്കൂ. ഇതേ പോലെ ഞങ്ങൾ പറയുന്നു, ആരിലാണോ മലക്കുകളെ കാണാനുള്ള കഴിവുള്ളത് അവന് മലക്കുകളെയും കാണാവുന്നതാണ്. പണം സ്വരുക്കൂട്ടി ഒരുവന് ലണ്ടൻ കാണാമെങ്കിൽ മലക്കുകളെ കാണാനുള്ള കഴിവ് ഉണ്ടാക്കിയാൽ അവരെയും കാണാവുന്നതാണ്.

ആയതിനാൽ, മലക്കുകളെ സംബന്ധിച്ച ആയിരക്കണക്കിന് ആളുകളുടെ സാക്ഷ്യങ്ങൾ അവരുടെ അസ്തിത്വത്തിനുള്ള തെളിവാണ്.

4)നാലാമത്തെ തെളിവ് നിത്യേന നാം ദർശിക്കാറുള്ളതാണ്. ഇനി നിത്യേനയല്ലെങ്കിലും ഒരു കാലത്തിനു ശേഷം ഓരോ വ്യക്തിക്കും ഗോചരമാകുന്നതാണ്. അതായത്, അവന്റെ ചിന്തയുമായി തികച്ചും ബന്ധമില്ലാത്ത കാര്യങ്ങൾ അവന്റെ മനസ്സിനെ പലപ്പോഴും സ്വാധീനിക്കുന്നുണ്ട്. എന്നല്ല, ചില സമയത്ത് അവന്റെ ചിന്തകൾക്ക് വിരുദ്ധമായ പ്രേരണകളായിരിക്കും ഉണ്ടാകുന്നത്. അത് ഉപേക്ഷിക്കാനാവാതെ മനുഷ്യൻ ചെയ്യാൻ നിർബന്ധിതനാകുന്നു. ഓരോ വ്യക്തിക്കും എപ്പോഴെങ്കിലും അത്തരം സന്ദർഭങ്ങൾ വരാറുണ്ട്. അവിശ്വാസികൾ പോലും ഇതിൽ നിന്ന് മുക്തരല്ല. നിരീശ്വരവാദികൾക്കും ഉണ്ടാകാറു

ണ്ട്. നിരീശ്വരവാദികൾ അത്തരം സംഭവങ്ങൾ എഴുതിയിട്ടുണ്ട്. ഉദാ: അവർ പറയുന്നു: 'ഞങ്ങളുടെ മനസ്സിലുണ്ടായ പ്രേരണ ഞങ്ങളെ ഒരു സ്ഥലത്ത് കൊണ്ട് ചെന്നെത്തിച്ചപ്പോൾ ഞങ്ങൾ അവിടെ ഒരു ശവം കിടക്കുന്നത് കാണുകയുണ്ടായി'. ഇത്തരം പ്രേരണകളെ പ്രചോദിപ്പിക്കുന്നത് ആരാണ്? മലക്കുകൾ.

അപ്പോൾ ഇത്തരം സാക്ഷ്യങ്ങൾ ഭൗതികരായ ജനങ്ങളിലും കാണപ്പെടുന്നു. ആത്മീയ ജനങ്ങളുടെതാണെങ്കിൽ ഇതുമായി ബന്ധപ്പെട്ട അനേകം സാക്ഷ്യങ്ങൾ ലഭിക്കുന്നുണ്ട്. ചിന്തകളുമായി ഒരു ബന്ധവുമില്ലാത്ത പ്രേരണ മനസ്സിൽ പെട്ടെന്ന് ഉടലെടുക്കുകയും അതനുസരിച്ച് പ്രവർത്തിക്കേണ്ടി വരികയും ചെയ്യുന്നു. ഈ പ്രേരണ മലക്കുകളിൽ നിന്നാണ് വരുന്നത്. ഇതു തന്നെയാണ് അവരുടെ അസ്തിത്വത്തിനുള്ള തെളിവും.

## മലക്കുകളുടെ ആവശ്യകത

മലക്കുകളുടെ അസ്തിത്വത്തിനുള്ള ബുദ്ധിപരമായ തെളിവുകളാണ് ഞാൻ ഇപ്പോൾ പറഞ്ഞത്. ഇനി മലക്കുകളുടെ ആവശ്യകത എന്താണെന്ന് പറയാം. ഒരു വസ്തുവിന്റെ ആവശ്യകതയും അത് ഉണ്ടെന്നുള്ളതിന് തെളിവാണ്. കാരണം, ഒരു വസ്തുവിന്റെ ആവശ്യകത സ്ഥാപിതമായാൽ അത് തീർച്ചയായും ഉണ്ടാകുമെന്നാണ് പ്രകൃതി നിയമങ്ങളുടെ ആഴത്തിലുള്ള പഠനങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. അപ്പോൾ ഒരു വസ്തുവിന്റെ ആവശ്യകത അത് ഉണ്ടെന്ന് തെളിയിക്കുന്നു. എന്നാൽ, ഇത് നേരിട്ടുള്ള തെളിവ് അല്ലാത്തതിനാൽ മലക്കുകളുടെ ആവശ്യകതയെന്താണെന്ന് ഞാൻ പറയാം.

ആത്മീയവും ഭൗതികവു മായ സംവിധാനത്തിന്റെ സാദൃശ്യ മാണ് ഒന്നാമത്തേത്. ആ സാദൃശ്യം അനിവാര്യവുമാണ്. ആത്മീയ കാര്യങ്ങളെ ഭൗതിക കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് അനുമാനിക്കുന്നത്. കാരണം, ഈ രണ്ട് ശൃംഖലകളും സമാനമായി നടക്കുന്നു; ഒരേ പോലെ പോകുന്നത് അനിവാര്യമല്ലാത്തതൊഴികെ. ഭൗതിക കാര്യങ്ങളിൽ കാര്യകാരണ ബന്ധങ്ങളുടെ പ്രവിശാലമായ ശൃംഖലയുള്ളതായി നാം കാണുന്നു. സൂക്ഷ്മാൽ സൂക്ഷ്മമായ കാര്യകാരണ ബന്ധങ്ങളാണുള്ളത്. ഏതുവരെയെന്നാൽ അതിസൂക്ഷ്മമായ വാതകങ്ങളിലേക്കാണ് അത് എത്തിച്ചേരുന്നത്. സർവോപരി, പരമാണു ഊർജമായി പരിണമിക്കുന്നു എന്നാണ് പറയുന്നത്. ഈ ഊർജത്തിന്റെ ഉറവിടങ്ങളുടെ പേരാണ് നാം മലക്കുകൾ എന്ന് വെക്കുന്നത്.

ചുരുക്കത്തിൽ, സൂക്ഷ്മാൽ സൂക്ഷ്മമായിത്തീർന്ന് പൂർണമായും അപ്രത്യക്ഷ്യമാകുകയും ഒരു മാർഗേണയും കാണാൻ സാധിക്കാത്തതുമായ രീതിയിലാണ് ഭൗതിക വ്യവസ്ഥയുള്ളത്. ഇതു പോലെ ആത്മീയ വ്യവസ്ഥയ്ക്കും ഉണ്ടാകേണ്ടത് അനിവാര്യമാണ്. അതുണ്ട് താനും. ഈ വ്യവസ്ഥയുടെ അവസാന കണ്ണിയാണ് മലക്കുകൾ. ഭൗതിക കാര്യങ്ങളിൽ മാത്രമാണ് കാര്യകാരണങ്ങളുള്ളത്, ആത്മീയ കാര്യങ്ങളിൽ അവയില്ല എന്ന് പറയുന്നത് ശരിയല്ല. ഒരു കാര്യവും വെറുതെ അങ്ങനെ ഉണ്ടായതല്ലെന്നും ഓരോന്നിനും വിദൂരമായ നിലയിൽ തുടർന്നു വരുന്ന കാര്യകാരണങ്ങൾ ഉണ്ടെന്നുമാണ് ഭൗതിക വ്യവസ്ഥയെക്കുറിച്ച് ഒരു ഫിലോസഫർ എഴുതിയിരിക്കുന്നത്. അപ്പോൾ ഭൗതിക വ്യവസ്ഥയിൽ ഒരു സംഗതിയും കാര്യകാരണങ്ങൾ കൂടാതെ ഉണ്ടാവുകയില്ലെങ്കിൽ ആത്മീയ കാര്യങ്ങളിൽ മാത്രമാണോ കാര്യകാരണ ബന്ധങ്ങളെ അംഗീകരിക്കാൻ പറ്റാത്തതായിട്ടുള്ളത്? ഭൗതിക വ്യവസ്ഥയോടൊപ്പം സാദൃശ്യത്തിനായി ആത്മീയ വ്യവസ്ഥയും തുടരേണ്ടത് അനിവാര്യമാണ്. ആത്മീയ ശൃഖലയുടെ അവസാന കണ്ണിയാണ് മലക്കുകൾ. അതുകൊണ്ട് ആത്മീയതയ്ക്ക് മലക്കുകൾ അനിവാര്യമാണ്.

മലക്കുകളുടെ രണ്ടാമത്തെ ആവശ്യകത എന്തെന്നാൽ എല്ലാ വസ്തുവും പരിവർത്തന വിധേയമായിട്ടാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഈ പരിണാമ വിഷയത്തിന്റെ പൊതു സ്വഭാവം കണ്ട് ഇപ്പോഴത്തെ മനുഷ്യൻ മുമ്പ് ഇങ്ങനെയായിരുന്നില്ല എന്ന നിഗമനത്തിലാണ് ശാസ്ത്രജ്ഞർ എത്തിയിരിക്കുന്നത്. ആദ്യം അതൊരു കീടത്തിന്റെ രൂപത്തിലായിരുന്നു വത്രേ. പിന്നീടത് വളർന്ന് വളർന്ന് ഇന്നത്തെ അവസ്ഥയിൽ എത്തുകയാണുണ്ടായത്. പരിണാമ വിഷയത്തെ ഈ രീതിയിൽ ഉപയോഗിക്കുന്നത് ശരിയല്ല. പലവിധേനയും അതിനെ ഖണ്ഡിക്കാവുന്നതാണ്. എങ്കിലും, ഈ വിഷയത്തിൽ ചിന്തിക്കുമ്പോൾ വ്യത്യസ്ത അവസ്ഥകൾ തമ്മിലുള്ള മാറ്റം വ്യത്യസ്ത ഘട്ടങ്ങളെ ആവശ്യപ്പെടുകയോ അല്ലെങ്കിൽ മാധ്യമങ്ങൾക്ക് വിധേയമായിരിക്കുകയോ ചെയ്യുന്നുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ഭിന്നാവസ്ഥയിലേക്കുള്ള ആകസ്മികമായ ഗതിമാറ്റം തികച്ചും അസംഭവ്യമാണ്. അതിനാൽ, ഒരു ഭാഗത്ത് അത്യുന്നതമായ അഭിവൃദ്ധി കൈവരിക്കാനും ദൈവവുമായി ബന്ധം സ്ഥാപിക്കാനുമുള്ള മനുഷ്യന്റെ ഉൾക്കടമായ ആഗ്രഹവും മറുഭാഗത്ത് ദൈവവുമായി ബന്ധപ്പെടുന്നതിന് തടസ്സം നില്ക്കുന്ന ഇന്നത്തെ അവന്റെ സ്ഥൂലാവസ്ഥയും എത്തിച്ചേർന്നിരിക്കുന്നത് മനുഷ്യനും ദൈവത്തിനുമിടയിൽ മറ്റൊരു മാധ്യമം ഉണ്ടായിരിക്കണം എന്ന നിഗമനത്തിലാണ്. അത് ഒരു ഭാഗത്ത് സൃഷ്ടിയായിരിക്കുന്നതോടൊപ്പം മറുഭാഗത്ത് പരിശുദ്ധവും ആത്മീയവും ആയിരിക്കേണ്ടതാണ്. ഈ മാധ്യമത്തെയാണ് മലക്കുകൾ എന്ന് പറയുന്നത്.

ഉയർന്ന മിനാരത്തിൽ കയറി ഇറങ്ങാനാവാതെ പോയ ഒരാളുടെ സംഭവമുണ്ട്. ആരോ അമ്പിനു മേൽ നേർത്ത ചരടു കെട്ടി അയാൾക്കു നേരെ എറിഞ്ഞു. അയാൾ അതു പിടിച്ചു. എന്നിട്ട് ആ നേർത്ത ചരടുകളെ താഴെ തൂക്കിയിട്ടു. താഴെയുള്ള വ്യക്തി അതിനോട്

തടിച്ച ചരട് കെട്ടുകയും മുകളിലുള്ള ആൾ അതിനെ മുകളിലേക്ക് വലിക്കുകയും ചെയ്തു. പിന്നീട് അതിനോടൊപ്പം വീണ്ടു തടിച്ച നൂലുകൾ കെട്ടി. ഏതുവരെയെന്നാൽ, അത് ഒരു ചങ്ങല പോലെ ആയിത്തീർന്നു. അയാൾ അതിലൂടെ താഴേക്കിറങ്ങി.

ഇതുപോലെ മലക്കുകൾ മുഖേന ദാസൻ ദൈവവുമായി ബന്ധം സ്ഥാപിക്കുന്നു. ദാസൻ ദൈവവുമായി ബന്ധപ്പെടുന്നതിന് ഇടയിൽ വർത്തിക്കുന്ന കണ്ണികളാണവർ. അതിന്റെ അനുഗ്രഹങ്ങളെ അവൻ തന്നിൽ സ്വാംശീകരിക്കുന്നു. അതുകൊണ്ട് ദൈവവുമായി ബന്ധം സ്ഥാപിക്കുന്നതിന് മലക്കുകളുടെ അസ്തിത്വം അനിവാര്യമാണ്.

മലക്കുകളുടെ മൂന്നാമത്തെ ആവശ്യകത, നാം ബാഹ്യലോകത്ത് ഭൗതികവ്യവസ്ഥിതിയുടെ രണ്ട് വകുപ്പുകൾ ദർശിക്കുന്നു. ഒന്ന്, മനുഷ്യന്റെ അറിവോ ഇടപെടലോ കൂടാതെയാണ് വർത്തിക്കുന്നത്. അല്ലാഹു പറയുന്നു:

സഖറ ലകുമുല്ലൈല വന്നഹാറ.. (അന്നഹ്ൽ;13)

അതായത് ദൈവകല്പന യാൽ രാവും പകലും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും നിങ്ങളുടെ അധ്വാനം കൂടാതെ നിങ്ങൾക്കായി പ്രവർത്തിക്കുന്നു.

ചെലവു നല്കാതെ ജോലി ചെയ്തു തരുന്നവനെയാണ് അറബി ഭാഷയിൽ 'മുസഖർ' എന്നു പറയുന്നത്. അല്ലാഹു പറയുന്നു: നാം നിങ്ങൾക്കായി രാവിനെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും പ്രവർത്തന സജ്ജരാക്കിയിരിക്കുന്നു. അവർക്കുവേണ്ടി നിങ്ങൾ അധ്വാനിക്കേണ്ടതായി വരുന്നില്ല. രാത്രിയാകുന്നു, പകൽ ഉദിക്കുന്നു. പക്ഷേ, നിങ്ങൾ ഇതിനായി വല്ലതും അധ്വാനിക്കുകയോ നിങ്ങൾക്ക് ചെലവ് വരികയോ ചെയ്യുന്നില്ല. ഇതുപോലെ സൂര്യൻ വെളിച്ചം ഇറക്കുന്നു, ചന്ദ്രൻ നിലാവ് ഉതിർക്കുന്നു, താരങ്ങൾ വിവിധ തരം സ്വാധീനങ്ങൾ ചെലുത്തുന്നു. പക്ഷേ, നിങ്ങൾക്ക് ഇതിനു വേണ്ടി ഒന്നും ചെയ്യേണ്ടി വരുന്നില്ല. അല്ലാഹു നമ്മുടെ ഗുണത്തിനു വേണ്ടി സ്വയം തന്നെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഒരു വ്യവസ്ഥ വെച്ചിരിക്കുന്നു എന്ന് ഈ പരാമർശം തെളിയിക്കുന്നു. ഇതിൽ നമുക്ക് പങ്കില്ല. ഉദാഹരണമായി, വിവിധ നിറത്തിലുള്ള കുപ്പി ഗ്ലാസ്സുകളിൽ വെള്ളം നിറച്ച് സൂര്യപ്രകാശത്തിനു മുൻപാകെ വെച്ചാൽ പല രോഗങ്ങളും ചികിത്സിച്ചു മാറ്റാൻ അതു മുഖേന സാധിക്കും. ആ രീതിയിലുള്ള ഗുണം സൂര്യകിരണങ്ങൾക്കുണ്ട്. അതുപോലെ ചന്ദ്രന്റെ നിലാവ് കൊണ്ട് ചില ചെടികൾ പൂക്കുകയും കായ്ക്കുകയും ചെയ്യുന്നു. നിലാവുള്ള രാത്രിയിൽ വെള്ളരിക്ക കായ്ക്കുന്നത് ഞാൻ തന്നെ കണ്ടിട്ടുണ്ട്. അത് വളരുമ്പോൾ 'സ്ര്സ്ര്' എന്ന ഒച്ച കേൾക്കാം. ചന്ദ്രപ്രകാശം വളരെയധികം സ്വാധീനിക്കുന്ന മറ്റ് പച്ചക്കറികളും ഉണ്ട്. ഒന്ന് രണ്ട് ഉദാഹരണങ്ങൾ നല്കിയെന്നേയുള്ളൂ. ഈ സംഗതികളുടെ നമുക്കറിയാവുന്ന ആയിരക്കണക്കിന് പ്രതീതികളുണ്ട്. നമുക്കറിയാത്തത് എത്രയുണ്ടാകുമെന്ന് അറിയില്ല.

ആകയാൽ, ഈ സൂര്യചന്ദ്രാദിനക്ഷത്രങ്ങളെല്ലാം സ്വാധീനം ചെലുത്തുന്നുണ്ട്. ക്ഷയരോഗാണുക്കളെ വെയിലിന് നശിപ്പിക്കാനാകുമെന്ന് ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് വെയിലിനെ ഒരു ചികിത്സയെന്നോണം ഉപയോഗിക്കുന്നുമുണ്ട്. ഈ കാര്യം മുന്നിൽ വെച്ചു കൊണ്ട് തന്നെ സൂര്യൻ എങ്ങനെയാണ് സേവനം ചെയ്യുന്നതെന്ന് നോക്കുക. ഒരാൾ ക്ഷയരോഗിയുടെ അടുക്കൽ പോകുന്നു. അയാളിൽ ക്ഷയരോഗാണു പ്രവേശിച്ച് അയാളുടെ മരണത്തിന് ഹേതുവായേക്കാം. പക്ഷേ, സൂര്യന്റെ തീവ്ര ചൂടേൽക്കുമ്പോൾ ആ അണുക്കൾ സ്വയം തന്നെ നശിക്കുന്നു. അങ്ങനെ അവൻ അതറിയാതെ തന്നെ രക്ഷപ്പെടുന്നു.

ആയതിനാൽ, അധ്വാനവും പ്രയത്നവും കൂടാതെ മനുഷ്യന്റെ പ്രയോജനത്തിനായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഒരു ഏർപ്പാടാണിത്. ഇനി രണ്ടാമത്തെ ഏർപ്പാട് മനുഷ്യൻ അധ്വാനവും പ്രയത്നവും കൊണ്ട് ഒരു വസ്തുവിനെ പ്രയോജനപ്പെടുത്തുകയും അതിനെ ഗുണപ്രദമാക്കുകയും ചെയ്യുന്നതാണ്. ഉദാ: ധാന്യങ്ങൾ കൊണ്ട് അപ്പം ഉണ്ടാക്കുക. മണ്ണു കൊണ്ട് വീടുണ്ടാക്കുക. ഇരുമ്പും മരവും കൊണ്ട് വാഹനങ്ങളും കുതിരവണ്ടികളും തീവണ്ടികളും ഉണ്ടാക്കുക, ജ്ഞാനം നേടുക തുടങ്ങിയവ. അപ്പോൾ മനുഷ്യന്റെ ഭൗതിക ഉൽക്കർശത്തിനും സൗകര്യത്തിനും വേണ്ടി ഈ രണ്ട് ഏർപ്പാടുകളും ഉണ്ടായിരിക്കുകയും എന്നാൽ അവന്റെ ആത്മീയതയ്ക്കു വേണ്ടി ദൈവം ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുക എന്നത് സാധ്യമാണോ എന്നത് ചിന്തനീയമാണ്. മനുഷ്യന്റെ ഭൗതിക വ്യവസ്ഥയിൽ സ്വയം തന്നെ സൂര്യചന്ദ്രാദി നക്ഷത്രങ്ങൾ സ്വാധീനം ചെലുത്തുകയും പ്രയോജനം നല്കുകയും ചെയ്യുന്നതു പോലെ മനുഷ്യന്റെ ആത്മീയതയ്ക്ക് ഗുണം ചെയ്യുന്ന ആത്മീയ വ്യവസ്ഥിതിയും ഉണ്ടായിരിക്കേണ്ടതാണ് എന്നാണ് ആത്മീയവും ഭൗതികയുമായ ശൃംഖലകളുടെ സാദൃശ്യം വിളിച്ചോതുന്നത്. ഇതിനു വേണ്ടിയാണ് അല്ലാഹു മലക്കുകളെ വെച്ചിട്ടുള്ളത്. അവർ മനുഷ്യനിൽ ആത്മീയത സംജാതമാക്കുകയും അവനെ സംരക്ഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ രോഗം വർധിച്ച് സൂര്യപ്രകാശത്തിന് ക്ഷയരോഗാണുക്കളെ നശിപ്പിക്കാനാവാതെ

www.alislam.org

വരുമ്പോൾ മരുന്നിന്റെ ആവശ്യം വരുന്നതു പോലെ ആത്മീയ രോഗം വർധിപ്പിക്കുമ്പോഴും അതിനു മറ്റ് ഏർപ്പാടുകളാണ് ആവശ്യമായി വരിക. മലക്കുകൾ ഉണ്ടെന്നു ള്ളതിന്റെ അനിവാര്യതകളാണിത്.

### മലക്കുകൾ:
### ആക്ഷേപങ്ങളും മറുപടിയും

ഇനി ഞാൻ മലക്കുകളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾക്ക് മറുപടി നല്കാം.

മലക്കുകളുണ്ടെങ്കിൽ അവ രെ നമുക്ക് എന്തു കൊണ്ട് കാണാൻ സാധിക്കുന്നില്ല എന്നതാണ് ആദ്യ ത്തെ ആക്ഷേപം. കേട്ടാൽ ചിരി വരുന്ന ആക്ഷേപമാണിത്. കാരണം, നമുക്ക് കാണാൻ സാധിക്കാത്ത നൂറുകണക്കിന് വസ്തുക്കൾ ലോകത്തുണ്ട്. എന്നിട്ടും ജനങ്ങൾ അവയെ വിശ്വസിക്കുന്നു. മധുരം ആർക്കെങ്കിലും കാണാനാവുമോ എന്ന് ഞാൻ ചോദിച്ചാൽ നാവു മായി ബന്ധപ്പെട്ട ആ സംഗതി കാണാനാവില്ലെന്നേ അതിനെ ക്കുറിച്ച് പറയാനാകൂ. ഇനി ശബ്ദം ആർക്കെങ്കിലും കാണാൻ കഴിയു മോ എന്ന് ചോദിച്ചാൽ അതു കാതുമായി ബന്ധപ്പെട്ടതാണെന്നേ പറയുകയുള്ളു. കാഠിന്യവും മൃദു ലതയും കാണാൻ കഴിയുമോ എന്ന് ചോദിച്ചാൽ അത് സ്പർശ നവുമായി ബന്ധപ്പെട്ടതാണെന്നാണ് പറയുക. ഇനി സുഗന്ധവും ദുർഗന്ധവും കാണാൻ കഴിയുമോ എന്ന് ചോദിച്ചാൽ അത് മൂക്കുമായി ബന്ധപ്പെട്ടതാണെന്നേ പറയൂ. അപ്പോൾ ഒരു വസ്തുവിനെ കാണുന്നതിലൂടെ മാത്രമല്ല അതി ന്റെ സാന്നിധ്യം മനസ്സിലാകുന്ന തെന്ന് ഈ ഉത്തരങ്ങളിൽ നിന്ന് ഗ്രഹിക്കാം. മറ്റ് ഇന്ദ്രിയങ്ങളിലൂടെ യും നാം അവയുടെ സാന്നിധ്യം മനസ്സിലാക്കുന്നുണ്ട്. ഇനി ഞാൻ ചോദിക്കട്ടെ, കാറ്റിനെ ആരാണ് കണ്ടിട്ടുള്ളത്? കാറ്റടിക്കുമ്പോൾ അറിയുന്നുവെന്നല്ലാതെ അത് ദൃശ്യമല്ല. മറ്റു കഴിവുകളും ഇതു പോലെയാണ്. ഉദാഹരണമായി ഓർമ ശക്തി. ആരാണ് ഇതിനെ രുചിച്ചു കൊണ്ടോ മണത്തു കൊണ്ടോ കണ്ടു കൊണ്ടോ വിശ്വസിക്കുന്നത്? അത് ചെലു ത്തുന്ന പ്രഭാവങ്ങളിലൂടെയാണ് അതിനെക്കുറിച്ച് അറിയാൻ സാധിക്കുന്നത്. അപ്പോൾ ചില വസ്തുക്കളെ കാണാതെ മറ്റു മാർഗങ്ങളിലൂടെയും അവയുടെ സാന്നിധ്യം വിശ്വസിക്കപ്പെടുന്നുണ്ട് എന്ന് മനസ്സിലാകുന്നു. അവ ചെലുത്തുന്ന സ്വാധീനങ്ങളെ കണ്ടു കൊണ്ടാണ് വിശ്വസിക്ക പ്പെടുന്നത്. ഇതു പോലെ മലക്കു കളും അവയുടെ സ്വാധീനം മുഖേനയാണ് വിശ്വസിക്കപ്പെടുന്ന ത്. അവരെ കണ്ടേ മതിയാവൂ എന്നില്ല. അവർ ചെലുത്തുന്ന പ്രഭാവങ്ങളിലൂടെയാണ് അവർ അറിയപ്പെടുന്നത്.

രണ്ടാമത്തെ ആക്ഷേപത്തെ ക്കുറിച്ച് അത് പണ്ഡിതന്മാരുടെ പ്രബലമായ ആക്ഷേപമാണെന്നാണ് പറയപ്പെടുന്നത്. ഇതിനെക്കാളും വലിയ മറ്റൊരു അജ്ഞതയില്ലാ എന്നാണ് എനിക്ക് പറയാനുള്ളത്. ആക്ഷേപം ഇതാണ്: ദൈവത്തിന് മലക്കുകളുടെ ആവശ്യം ഉള്ളത് കൊണ്ടാണോ അവൻ അവരെ സൃഷ്ടിച്ചത്? ദൈവം മലക്കുകളുടെ സ്രഷ്ടാവാണെന്ന് ഞങ്ങൾ പറയു ന്നു. ഒരു വസ്തുവിന്റെ സ്രഷ്ടാവ് അതിന്റെ ആശ്രിതനാകാവതല്ല. ദൈവം മലക്കുകളെ മറ്റെവിടെ നിന്നെങ്കിലും കൊണ്ടു വരുമ്പോഴെ അവൻ ആശ്രിതനെന്ന് പറയപ്പെടു കയുള്ളു. എന്നാൽ, ദൈവം അവരെ സ്വയം സൃഷ്ടിക്കുകയാണ് ചെയ്യു ന്നത്. പിന്നെങ്ങനെ അവരുടെ ആശ്രിതനാകും? അന്യവസ്തുക്ക ളാണെങ്കിൽ ആശ്രയിക്കുന്നുവെ ന്നു പറയാം. സ്വന്തം അധീനതയിൽ ഉള്ളതിനെ ആശ്രയിക്കുക എന്നു പറയില്ല. ദൈവം മലക്കുകളെ സ്വയം സൃഷ്ടിച്ചതിനാൽ അവൻ അവരുടെ ആശ്രിതനാകുന്നില്ല. അതുകൊണ്ട് തന്നെ ഈ ആക്ഷേ പം തികഞ്ഞ അജ്ഞതയാണ്.

രണ്ടാമതായി, ഈ ആക്ഷേപ ത്തെ ഇങ്ങനെയും ഖണ്ഡിക്കാവു ന്നതാണ്: ഭൗതിക ലോകത്ത് എല്ലാ വസ്തുവിനും മാധ്യമങ്ങൾ നിശ്ചയി ക്കപ്പെട്ടിരിക്കുന്നതായി നാം കാണു ന്നു. മലക്കുകളിൽ വിശ്വസിക്കു മ്പോൾ ദൈവത്തെ ആശ്രിതനെന്ന് വിശ്വസിക്കേണ്ടി വരുമെന്ന് പറയു ന്നവർ ഭക്ഷണം കഴിക്കുമ്പോൾ വയറു നിറയുമെന്നത് ദൈവിക നിയമമാണെന്ന് വിശ്വസിക്കുന്നവരാ ണ്. ഭക്ഷണം കഴിച്ചാൽ വയറു നിറയുമെന്ന നിയമം വെയ്ക്കുന്നതി ലൂടെ മനുഷ്യന്റെ വയറു നിറയു ന്നതിനെ ദൈവം ആശ്രയിക്കുകയാ ണോ എന്നാണ് ഞങ്ങൾ ചോദി ക്കുന്നത്. അതു പോലെ തന്നെയാ ണ് രോഗങ്ങളും. മരുന്നിലൂടെ ദൈവം രോഗം ഭേദമാക്കുന്നു. ദൈവം മരുന്നിനെ ആശ്രയിച്ചു എന്ന് വരുമോ? അതു പോലെ വെളിച്ചം നല്കാൻ ദൈവം സൂര്യനെ സൃഷ്ടിച്ചു. ദൈവം സൂര്യനെ ആശ്രയിച്ചതാണോ? ഭൗതിക വ്യവസ്ഥയിൽ മാധ്യമ ങ്ങളെ നിശ്ചയിച്ചാൽ ആശ്രിതനാകാ ത്ത ദൈവം ആത്മീയ വ്യവസ്ഥ യിൽ മാധ്യമം നിശ്ചയിക്കുന്നത് കൊണ്ട് ആശ്രിതനാകുന്നതെങ്ങ നെ?

ഈ ആക്ഷേപത്തിനുള്ള മൂന്നാമത്തെ ഖണ്ഡനം ഇതാണ്: ഏത് മാധ്യമം കൂടാതെയാണോ ഒരു പ്രവൃത്തിയും ചെയ്യാനാവാത്ത സ്ഥിതി വരുന്നത് ആ മാധ്യമം ലോകത്ത് ന്യൂനത പ്രകടിപ്പിക്കുന്നു. സ്വന്തം അധീനതയിലും നിയന്ത്രണ ത്തിലുള്ള മാധ്യമങ്ങൾ ന്യൂനതയി ല്ലാത്തതായിരിക്കും. ഉദാ: ഒരാൾ മറ്റൊരാളോട് ദേഷ്യം കാരണ ത്താൽ മിണ്ടാതിരിക്കുന്നു. എന്നാ ൽ ആ വ്യക്തിയെക്കുറിച്ച് വേറൊരാളോട് ഇന്നയാൾ തന്റെ വീട്ടിൽ വരരുതെന്ന് അയാൾ പറയുന്നു. അപ്പോൾ തന്നോട് മിണ്ടാത്തത് കൊണ്ട് ഇയാൾ ഊമയാണെന്ന് ആദ്യത്തെ വ്യക്തി പറയുമോ? ഇല്ല. അത് തെറ്റായ ആക്ഷേപമായിരിക്കും. കാരണം അയാൾ മറ്റുള്ളവരോട് സംസാരി ക്കുന്നുണ്ട്. ഇനി അല്ലാഹു മലക്കുകളെ സൃഷ്ടിച്ചിരിക്കുന്നത് മാർഗോപാധികൾ കൂടാതെയാണോ

എന്ന് നോക്കാം. അവരെ അങ്ങനെയാണ് സൃഷ്ടിച്ചതെങ്കിൽ അല്ലാഹു മാധ്യമങ്ങൾ കൂടാതെയും സൃഷ്ടിക്കുമെന്ന് മനസ്സിലാക്കാം. എന്നാൽ മലക്കുകൾക്ക് അവൻ തന്റെ ഏതോ യുക്തിജ്ഞാനത്താൽ മാധ്യമം നിശ്ചയിച്ചിരിക്കുകയാണ്. മലക്കുകളുടെ സൃഷ്ടിപ്പ് ഭൗതിക മാർഗോപാധികളില്ലാതെയായതിനാൽ അവരെ നിശ്ചയിച്ചിരിക്കുന്നതും ഒരു യുക്തിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് മനസ്സിലാക്കാം. അല്ലാതെ ദൈവം ആശ്രിതനാണെന്നോ അവരെ കൂടാതെ അവന് ഒന്നും ചെയ്യാൻ സാധിക്കില്ലെന്നോ അല്ല.

നാലാമത്തെ മറുപടി ഇതാ ണ്: മലക്കുകളെ നിശ്ചയിക്കുന്ന തിനെ നിങ്ങൾ ആശ്രയം എന്ന് വിളിക്കുന്നു. എന്നാൽ ഞങ്ങൾ അതിനെ യുക്തി എന്നാണ് വിളിക്കുന്നത്. ജ്ഞാനവൈപുല്യവും അവയുടെ അദൃശ്യ കാരണങ്ങളും ആ കാരണങ്ങളുടെ ആധിക്യവുമാണ് മലക്കുകളെ നിശ്ചയിക്കുന്നതിലടങ്ങിയിരിക്കുന്ന തത്ത്വരഹസ്യം. ഉദാഹരണമായി, Quinine (ജ്വരഹരി- പനിക്ക് ഉപയോഗിക്കുന്ന മരുന്ന്) ൽ അടങ്ങിയിരിക്കുന്ന ഗുണം ഗോപ്യമായിരുന്നില്ലെങ്കിൽ അതിനെപ്പറ്റി ഉണ്ടായിട്ടുള്ള വൈജ്ഞാനിക അഭിവൃദ്ധി ഉണ്ടാകുമായിരുന്നില്ല. ആയതിനാൽ അറിവിന്റെ വളർച്ചയ്ക്ക് ഗോപ്യമായ വശങ്ങൾ ഉണ്ടായിരിക്കേണ്ടതും അനിവാര്യമാണ്. അദൃശ്യഘടകങ്ങളില്ലാതെ പുരോഗതിയുണ്ടാകില്ല. കാരണം, പൂർണമായി ജ്ഞാനം വെളിപ്പെട്ട സംഗതിക്ക് പുരോഗതി എങ്ങനെയുണ്ടാകാനാണ്? അതുകൊണ്ടാണ് ജ്ഞാനാഭിവൃദ്ധിക്ക് വേണ്ടി അദൃശ്യ ഏർപ്പാടുകളും ദൈവം വെച്ചിരിക്കുന്നത്. ആ അദൃശ്യ സംഗതികൾ കണ്ടു പിടിക്കുന്നതനുസരിച്ചു അറിവ് അഭിവൃദ്ധിപ്പെട്ടു കൊണ്ടേ പോകുന്നു. അത് കണ്ടെത്താൻ ചെയ്യുന്ന അധ്വാനവും പ്രയത്നവും അനുസരിച്ച് പ്രയോജനവും പ്രശസ്തിയും കൈവരുന്നു. പനി വെറുതെ ഭേദമാകുമായിരുന്നെങ്കിൽ അതിന്റെ കാര്യകാരണങ്ങളിൽ ഗാഢമായി ചിന്തിച്ച് അതിനുള്ള ചികിത്സയായി Quinine കണ്ടെത്തിയ ഡോക്ടറും മറ്റുള്ളവരും തമ്മിൽ എന്തു വ്യത്യാസമാണുണ്ടാവുക? അറിവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി എങ്ങനെയുണ്ടാകും? ഗോപ്യമായ കാര്യകാരണങ്ങളപ്പോൾ ലോകത്ത് അഭിവൃദ്ധിയും അന്തസ്സും ലഭിക്കാനുള്ള മഹത്തായ മാർഗങ്ങളാണ്. ഇവയില്ലെങ്കിൽ പുരോഗതി നേടാനോ ഉന്നതസ്ഥാനം കൈവരിക്കാനോ സാധിക്കില്ല.

ആത്മീയതയുടെ അവസ്ഥ യും ഇതു തന്നെയാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ആത്മീയാഭിവൃദ്ധി കരസ്ഥമാക്കാനാണല്ലോ. ഇതിനായി ആത്മീയ മാർഗോപാധികൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അവയെ ഉപയോഗപ്പെടുത്തുന്നവന് അനുഗ്രഹവും പദവിയും ലഭിക്കുന്നു. ആ ഗോപ്യമാക്കൽ പുരോഗതിക്ക് വളരെ അനിവാര്യമാണ്. ഇക്കാരണം കൊണ്ട് ഗോപ്യമായ മാർഗോപാധികളെ അംഗീകരിക്കുന്ന പക്ഷം ദൈവം അവയുടെ ആശ്രിതനാണെന്ന് അംഗീകരിക്കേണ്ടി വരുമെന്ന് പറയുന്നത് ശരിയല്ല. ഗുപ്തമായ മാർഗോപാധികൾ ദൈവം ആശ്രിതനാണെന്നല്ല തെളിയിക്കുന്നത്. മറിച്ച്, മനുഷ്യപുരോഗതി ഈ ഗുപ്തമായ മാർഗോപാധികളെയാണ് ആശ്രയിച്ചിരിക്കുന്നത്. ഭൂമിയിൽ നിശ്ചിത പരിധി വരെ കുഴിച്ചാൽ ഫലം ലഭിക്കുമെന്ന നിയമം വെച്ചിരിക്കുന്നത് അല്ലാഹു അതിനെ ആശ്രയിച്ചിരിക്കുന്നത് കൊണ്ടല്ല. നല്ല കർഷകനാകാനും നല്ല വിളവ് ഉണ്ടാക്കാനും ആഗ്രഹിക്കുന്നവൻ ഇക്കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നത് കൊണ്ടാണ്. കൃഷിഭൂമിയിലെ നല്ല വിളവെടുപ്പ് അധ്വാനത്തെയും അറിവിനെയും അടിസ്ഥാനപ്പെടുത്തിയായിരുന്നില്ലെങ്കിൽ ഒരു കർഷകനും മറ്റുള്ളവരുടെ മേൽ മേന്മയുണ്ടാകുമായിരുന്നില്ല. അപ്പോൾ സംജാതമാകുന്ന മുന്നേറാനുള്ള ആത്മാവ് തന്നെ അപ്രത്യക്ഷ്യമായേനെ.

രണ്ടാമതായി, ഗുപ്തമായ മാർഗോപാധികൾ ഇല്ലായിരുന്നെങ്കിൽ ദൈവത്തിന്റെ പ്രഭാവം ജനങ്ങൾക്ക് വെളിപ്പെടുകയോ അവന്റെ ശക്തിപ്രഭാവത്തെ അവർ വിലമതിക്കുകയോ ചെയ്യുമായിരുന്നില്ല. എല്ലാ സംഗതികളും മുൻപേ തന്നെ അറിഞ്ഞാൽ ദൈവിക പ്രഭാവം ജനങ്ങളിൽ വെളിപ്പെടുന്നതെങ്ങനെ? അതു പ്രകടമാകുന്നത് മനുഷ്യൻ ഒരു സംഗതിയെക്കുറിച്ച് അന്വേഷിക്കുന്നതിനനുസരിച്ച് നവംനവങ്ങളായ കാര്യങ്ങൾ അവൻ കണ്ടെത്തിക്കൊണ്ടിരിക്കുന്നതാണ്. ഇങ്ങനെ വരുമ്പോൾ അവന് ദൈവത്തിന്റെ ശക്തിപ്രഭാവം അംഗീകരിക്കേണ്ടി വരുന്നു. ആയതിനാൽ ഗുപ്തമായ മാർഗോപാധികളുടെ സൃഷ്ടിപ്പ് ദൈവത്തിന്റെ ആശ്രയത്വത്തെയല്ല പ്രകടമാക്കുന്നത്. മറിച്ച് അവ മനുഷ്യന്റെ സംസ്കരണത്തിനും ഉന്നമനത്തിനും ഗുണത്തിനും വേണ്ടിയുള്ളതാണ്.

ഈ ഗുപ്തമായ മാർഗോപാധികൾ കണ്ടെത്തുന്നതു മൂലം ലഭ്യമാകുന്ന പുരോഗതിയുടെയും ആദരവിന്റെയും അവസാന കണ്ണികളാണ് മലക്കുകൾ. നബി(സ) തിരുമേനിക്ക് വളരെ വിപുലമായ നിലയിലാണ് ഈ മാർഗോപാധികൾ പ്രകടമായത്. അദ്ദേഹത്തിന് ലഭിച്ചത്ര പുരോഗതി മറ്റാർക്കും ലഭിച്ചിട്ടില്ല. വാഗ്ദത്ത മസീഹി(അ)നും ഇതു പോലെ മാർഗോപാധികൾ വെളിപ്പെടുകയുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന് ആദരവും പദവിയും ലഭിക്കുകയുണ്ടായി. പിന്നീട് എനിക്കും അവർ മുഖാന്തിരം ഈ മാർഗങ്ങൾ വെളിപ്പെടുകയും ആദരവും സ്ഥാനവും ലഭിച്ചു. പദവികളിലുള്ള ഈ വ്യതിരിക്തത ഇല്ലായിരുന്നെങ്കിൽ എല്ലാവരും ഒരു പോലെ ആകുമായിരുന്നു. ചുരുക്കത്തിൽ, ഗുപ്തമായ മാർഗോപാധികൾ വെളിപ്പെടുന്നതനുസരിച്ചാണ് പദവികൾ ലഭിക്കുന്നത്. (തുടരും)

# കിടങ്ങ് യുദ്ധവും അത്ഭുതകരമായ പ്രവചന സാക്ഷാത്ക്കാരവും

അങ്ങേയറ്റം ദുരിതപൂർണവും നിസ്സഹായവുമായ അവസ്ഥയിൽ റസൂൽ തിരുമേനി(സ)നടത്തിയ ഒരു പ്രവചനവും അതിന്റെ സാക്ഷാത്ക്കാരവും

## ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**ഇ**സ്ലാമിന്റെ ശത്രുക്കളുമായി നടന്ന യുദ്ധങ്ങളിൽ സൂക്ഷ്മമായി പ്രവചിക്കപ്പെട്ടതിൽ അസാധാരണ മായ പ്രാധാന്യമുള്ള ഒരു യുദ്ധ മാണ് കിടങ്ങ് യുദ്ധം . ഈ യുദ്ധാവ സരത്തിലായിരുന്നു ഇസ്ലാമിന്റെ ചില മഹത്തായ ചരിത്ര വിജയ ങ്ങളെപറ്റിയുള്ള പ്രവചനമുണ്ടായ ത്. ആ സന്ദർഭത്തിൽ മുസ് ലിംകൾ അവരുടെ അതിജീവന സമരത്തി ന്റെ ഏറ്റവും തീക്ഷ്ണമായ സന്ദിഗ് ധാവസ്ഥയിലായിരുന്നു.

'സൂറ: സാദ്' ലാണ് കിടങ്ങ് യുദ്ധ ത്തെപറ്റിയുള്ള ആദ്യത്തെ പ്രവച നം വരുന്നത്. തീർച്ചയായും അത് റസൂൽ തിരുമേനി(സ)യുടെ മക്കാ ജീവിത കാലത്ത് വെളിപ്പെട്ട തായിരുന്നു. മിക്ക പണ്ഡിതന്മാരു ടേയും അഭിപ്രായത്തിൽ പ്രവാചക ത്വത്തിന്റെ ആദ്യഘട്ടത്തിലാണ് ഈ വചനം വെളിപ്പെട്ട തെന്നാണ്.

***'ഐക്യകക്ഷികളിൽപെട്ട പരാജയമടയുന്ന ഒരു നിസ്സാര സൈന്യമുണ്ടവിടെ' (38:12)***

ഈ പ്രവചനത്തെ പറ്റിയാണ് ഖുർആൻ പ്രതിപാദിക്കുന്നത്.

'സത്യ വിശ്വാസികൾ ഐക്യ കക്ഷികളെ കണ്ടപ്പോൾ പറഞ്ഞു: ഇത് അല്ലാഹുവും അവന്റെ ദൂതനും ഞങ്ങളോട് വാഗ്ദാനം ചെയതതാണ്. അല്ലാഹുവും അവ ന്റെ ദുതവും സത്യം പറഞ്ഞിരി ക്കുന്നു. അത് അവർക്ക് വിശ്വാസ വും അനുസരണ ബോധവും വർധിപ്പിക്കുക മാത്രമേ ചെയ്തു ള്ളൂ.' (33:23)

ഇസ്ലാമിന്റെ പുണ്യപ്രവാച കൻ ചെയ്യേണ്ടിവന്ന യുദ്ധങ്ങളിൽ കിടങ്ങ് യുദ്ധമായിരുന്നു ഏറ്റവും അപകട സാദ്ധ്യത യുണ്ടായിരുന്നത്. മദീനയിലെ മുസ്ലിംകൾക്ക് അത് ഏറ്റവും കടുത്ത പരീക്ഷണ ഘട്ടമാ യിരുന്നു. പലപ്പോഴും മുസ്ലിംകളു ടെ നിലനിൽപ്പിന് തന്നെ വിപരീത മായി വന്ന വിപത്തുകൾ കനത്ത തായിരുന്നു. മുസ്ലിംകളുടെ അവ സ്ഥ ഖുർആൻ വിവരിക്കുന്നത് ഇപ്രകാരമാണ്

അവർ ശത്രു സൈന്യം നിങ്ങ ളുടെ മുകൾ ഭാഗത്തു നിന്നും നിങ്ങളുടെ താഴ്ഭാഗത്തു നിന്നും നിങ്ങളുടെ നേരെ വന്നുകൊണ്ടി രുന്നപ്പോൾ, (നിങ്ങളുടെ) ദൃഷ്ടി കൾ പതറുകയും ഹൃദയങ്ങൾ കണ് ഠനാളങ്ങളിലേക്ക് കുതിച്ചെത്തു കയും അല്ലാഹുവിനെക്കുറിച്ച് (പല ഭാവനകളും) നിങ്ങൾ ഭാവിക്കു കയും ചെയ്ത സന്ദർഭത്തിൽ അ വിടെ (ആ സമയത്ത്) സത്യവിശ്വാ സികൾ പരീക്ഷിക്കപ്പെടുകയും ശക്തമായി വിറപ്പിക്കപ്പെടുകയും ചെയ്തു. അല്ലാഹുവും അവന്റെ ദൂതനും വഞ്ചിക്കാൻ വേണ്ടി മാത്ര മാണ് നമ്മോട് വാഗ്ദാനം ചെയ്ത തെന്ന് കപട വിശ്വാസികളും ഹൃദയ ങ്ങളിൽ രോഗമുള്ളവരും പറയുക യായിരുന്ന. സന്ദർഭം (സ്മരിക്കുക) യഥ്രിബ് (മദീന) നിവാസികളെ നിങ്ങൾക്ക് (ശത്രുക്കൾക്കെതിരെ) നില നില നിൽ പ്പില്ല. അതു കൊണ്ട് നിങ്ങൾ തിരിച്ച് പോകുകയെന്ന് അവരിൽ ഒരു കൂട്ടർ പറഞ്ഞ സന്ദർ ഭവും സ്മരിക്കുക. ഞങ്ങളുടെ വീടുകൾ അരക്ഷിതാവ സ്ഥയിലാ ണെന്ന് പറഞ്ഞ് അവരിൽ നിന്നുള്ള ഒരു സംഘം നബിയോട് സമ്മതം ചോദിക്കുകയായിരുന്നു. (വാസ്ത വത്തിൽ) അവരുടെ വീടുകൾ അരക്ഷിതാവസ്ഥയിലായിരുന്നില്ല. അവർ ഓടിപ്പോകാൻ മാത്രമേ ഉദ്ദേശിക്കുണ്ടായിരുന്നുള്ളൂ. (33: 11-14)

ഈ യുദ്ധം കിടങ്ങുയുദ്ധം എന്ന പേരിലാണ് അറിയപ്പെടുന്നത്. എല്ലാ അറബ് ഗോത്രങ്ങളും ഇസ്ലാമിനെ എന്നെന്നേക്കുമായി നശിപ്പിക്കാൻ മദീനക്കെതിരെ ഒരു അവസാന യുദ്ധത്തിന് ഗൂഢാലോചന നടത്തു ന്നതായി മുഹമ്മദ് നബി(സ) അറി ഞ്ഞപ്പോൾ, മദീനയുടെ തുറസ്സായ സ്ഥലത്ത് ഒരു കിടങ്ങു കുഴിക്കാൻ നിർബന്ധിതരായി വന്നു, ആക്രമി ക്കുവാൻ വരുന്ന സൈന്യവുമായി താരതമ്യം ചെയ്യുമ്പോൾ മദീനയിൽ അപ്പോൾ ഉണ്ടായിരുന്ന മുസ്ലിം കൾ വളരെ കുറച്ച് പേർ മാത്രമായി രുന്നു. ഒരു തുറന്ന യുദ്ധം മുഖേന അവരെ മദീനയിലേക്ക് പ്രവേശി ക്കുന്നതിൽ നിന്നും തടഞ്ഞു നിറു ത്താൻ അവർക്ക് തീർത്തും അസാ ദ്ധ്യമായിരുന്നു. അതിനാൽ കൂടി യാലോചനക്ക്ശേഷം ഒരു കിടങ്ങ് കുഴിക്കുകമാത്രമാണ് രക്ഷയെന്ന



കിടങ്ങ് യുദ്ധം നടന്ന മദീനയിലെ സ്ഥലം

തീരുമാനത്തിൽ എത്തിചേരുന്ന പാറക്കൂട്ടങ്ങൾ നിറഞ്ഞ ആ പ്രദേശത്ത് ഒരു മൈൽ നീളത്തിൽ കിടങ്ങ് കുഴിക്കുക എന്നത് വളരെ പ്രയാസകരമായിരുന്നു.

ഏറ്റവും ദുസ്സഹമായ ഈ സന്ദർഭത്തിൽ കിടങ്ങ് കുഴിക്കുന്ന ഉദ്യമത്തിൽ പങ്കെടുത്ത മുസ്‌ലിംകളുടെ എണ്ണത്തെ പറ്റി അഭിപ്രായ ഭേദങ്ങളുണ്ട്. ഏറ്റവും കുറഞ്ഞത് എഴുന്നൂറ്. പരമാവധി മൂവ്വായിരവുമാണ്. നമ്മുടെ കണക്ക് കൂട്ടൽ പ്രകാരം മിക്കവാറും അവരുടെ എണ്ണം ആയിരത്തിഎണ്ണൂറ് എന്നാണ്. ഒരു കാര്യത്തിൽ പണ്ഡിതന്മാർ യോജിക്കുന്നു. അതായത് ഓ രോ പത്ത് വീതം അംഗങ്ങളുള്ള സംഘങ്ങളും പത്ത് ഗജം (Yard- ഒരു ഗജം - മൂന്നടിക്കോൽ) വീതം കിടങ്ങ് കുഴിക്കാനിരുന്നു തീരുമാനിച്ചത് കിടങ്ങിന് ഒരു മൈലിൽ കൂടുതൽ നീളംമില്ലെന്നിരിക്കെ അതിൽ പങ്കെടുത്ത മുസ്‌ലിംകൾ ആയിരത്തി എഴുനൂറ്റി അറുപതിൽ കവിയില്ല. കിടങ്ങു കുഴിക്കുന്ന ജോലി വളരെ കഠിനവും സൂക്ഷ്മവുമായിരുന്നു. മൊത്തത്തിലിലുള്ള ദാരിദ്ര്യവും നിസ്വതയും മുസ്‌ലിം ക്യാമ്പിലെ പ്രശ്നങ്ങൾ കൂടുതൽ ദുരിതപൂർണ്ണമാക്കി. ആ സമയത്ത് ഒട്ടിയ വയറുമായി ദിവസങ്ങളോളം അവർ ജോലിയെടുക്കേണ്ടി വന്നു.

ഏറ്റവും ദുസ്സഹമായ ഈ സന്ദർഭത്തിൽ കിടങ്ങു കുഴിക്കുന്നതിൽ ഒരു അനുചരന്റെ ഉപകരണങ്ങൾക്ക് വഴങ്ങാതെ നിന്ന ഒരു പാറ കണ്ടെത്തിയത് റസൂൽ തിരുമേനി (സ)യെ അറിയിക്കുകയുണ്ടായി. പ്രയാസം നേരിടുന്ന ആ സ്ഥലത്തേക്ക് റസൂൽ തിരുമേനി (സ) പോയി അവിടെ എത്തിയ തിരുമേനി (സ) തന്റെ കൈയ്യിൽ പിക്കാസെടുത്തു ആ പാറയിൽ മൂന്ന് തവണ ആഞ്ഞു വെട്ടി. ആ പാറ പൊട്ടി കഷണങ്ങളായി. ഓരോ സമയത്തും റസൂൽ തിരുമേനി (സ) പാറ മേൽ വെട്ടുമ്പോൾ തീചിതറുന്നുണ്ടായിരുന്നു. അപ്പോൾ അദ്ദേഹം വിസ്മയത്തോടെ ***അല്ലാഹു അക്ബർ*** (അല്ലാഹുവാണ് ഏറ്റവും മഹാൻ) എന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു. ഒടുവിൽ അനുചരന്മാർ അദ്ദേഹത്തോട് അങ്ങ് എന്തു കൊണ്ട് ഒരു വിജയിയേ പോലെ അല്ലാഹു അക്ബർ എന്ന് ഉരുവിട്ടത്? എന്ന് ചോദിച്ചു. റസൂൽ തിരുമേനി (സ) മറുപടിപറഞ്ഞു: ഒന്നാമത്തെ വെട്ടിൽ പാറയിൽ നിന്ന് തീപാറുമ്പോൾ ബൈസാന്റിയൻ* സാമ്രാജ്യത്തിന്റെ സറിയൻ കൊട്ടാരങ്ങളും അതിന്റെ താക്കോലുകളും എനിക്ക് നൽകപ്പെട്ടതായി ഞാൻ കണ്ടു. രണ്ടാമത്തെ തവണ എനിക്ക് ദർശിക്കാൻ കഴിഞ്ഞത്, മദീനയിലെ പ്രകാശം പൊഴിക്കുന്ന പേർഷ്യൻ കൊട്ടാരങ്ങളാണ്. അതിന്റെ താക്കോൽ എനിക്ക് നൽകപെട്ടതായും കണ്ടു. മൂന്നാ മത്തെ തവണ ഞാൻ പാറയിൽ വെട്ടിയപ്പോൾ, സനായുടെ കൊട്ടരങ്ങളുടെ താക്കോൽ എനിക്ക് നൽകപെട്ടതായും കണ്ടു. ഇതെല്ലാം അക്ഷരം പ്രതി പുലർന്നതിന് പിൽക്കാല ചരിത്രം സാക്ഷ്യിയാണ് . എന്നാൽ, അതിന്റെ പൂർത്തീകരണത്തിൽ മാത്രമല്ല അത്ഭുതം കിടക്കുന്നത് ഈ പ്രവചനങ്ങൾ നടത്തിയ സന്ദർഭമാണ്. ഇതിനെ ഒരു ദിവ്യാത്ഭുതമാക്കി മാറ്റുന്നത്.

ബലഹീനരും വ്രണിത ചിത്തരുമായികൊണ്ട് ദിവസങ്ങളോളം പട്ടിണിയും പരിവട്ടവുമായി കിടങ്ങു കുഴിക്കലിൽ ഏർപ്പെട്ട മുസ്‌ലിംകളെ പോലെ അത്യന്തം നിസ്സാഹായാവസ്ഥയിലുള്ളവരുടെ പ്രതിരോധ സംരംഭങ്ങൾ വളരെ അപൂർവമായി മാത്രമേ ചരിത്രത്തിൽ കാണാൻ സാധിക്കുകയുള്ളു. മുസ്‌ലിംകളുടെ ദുരിതാവസ്ഥക്ക് അതിൽ പരം താഴാൻ പറ്റാത്ത അങ്ങേയറ്റം വിപരീതമായ സന്ദർഭമായിരുന്നു അത്. ആ സന്ദർഭത്തിലാണ് മുഹമ്മദ് നബി (സ) ചരിത്രം കുറിച്ച ഈ വാക്കുകൾ ഉരുവിട്ടത്. ചരിത്രത്തി

**ബൈസാന്റിയം**: ക്രി.മു 27 ൽ ആരംഭിച്ച റോമാ സാമ്രാജ്യം കിഴക്കും പടിഞ്ഞാറുമായി വിഭജിക്കപ്പെട്ടിരുന്നു. റോമാ സാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗത്തെയാണ് ബൈസാന്റിയം എന്ന് വിളിക്കുന്നത്. റോം ആസ്ഥാനമായുള്ള പടിഞ്ഞാറൻ റോമാ സാമാജ്യം അഞ്ഞൂറ് കൊല്ലം മാത്രമേ നിലനിന്നിരുന്നുള്ളു. ബൈസാന്റിയം അഥവാ കിഴക്കൻ റോമാ സാമ്രാജ്യമാണ് പിന്നെയും ആയിരം കൊല്ലം നിലനിന്നത്. ക്രിസ്തുമതം സ്വീകരിച്ച കോൺസ്റ്റന്റയിൻ ചക്രവർത്തിയാണ് (ക്രി.വ 274 –337) റോമാ സാമ്രാജ്യ തലസ്ഥാനം റോമിൽ നിന്നും കിഴക്ക് ഭാഗത്തുള്ള കോൺസ്റ്റാന്റിനോപ്പിളിലേക്ക് ( ഇന്നത്തെ തുർക്കിയിലെ ഇസ്താംബൂൾ) മാറ്റിയത്. ബൈസാന്റിയം എന്ന പുരാതന ഗ്രീക്ക് പട്ടണത്തിൽ ഒരു കോട്ട നഗര ം പണിയുകയും തന്റെ പേര് അനശ്വരമാക്കാൻ കോൺസ്റ്റാന്റിനോപ്പിൾ എന്ന് നാമകരണം ചെയ്യുകയും ചെയ്തു. ഇസ്‌ലാം അവതരി ക്കുമ്പോൾ അറേബ്യയുടെ പടിഞ്ഞാർ ഭാഗത്ത് കോൺസ്റ്റാന്റിനോപ്പിൾസ് ആസ്ഥാനമായുള്ള ബൈസാന്റിയം സാമ്രാജ്യവും കിഴക്ക് ഭാഗത്ത് ഇറാൻ കേന്ദ്രമായുള്ള പേർഷ്യൻ സാമ്രാജ്യവുമായിരുന്നു. ഇസ്‌ലാം ആവിർഭവിച്ച് എട്ടര നൂറ്റാണ്ടുകൾക്ക് ശേഷം ക്രി.വ. 1453 ലാണ് ബൈസാന്റിയം സാമ്രാജ്യം തുർക്കി സുൽത്താൻ മുഹമ്മദ് അൽ ഫാത്തിഹ് പൂർണ്ണമായും കീഴടക്കിയത്.(വിവ:)

ഭാഗം – 2

# ഖിലാഫത്തിന്റെ അനിവാര്യത

സമൂഹപരിഷ്ക്കരണത്തിന് പ്രവാചകന്മാരെ അയക്കുക എന്നത് അല്ലാഹുവിന്റെ സനാതനമായ നടപടിക്രമമാണ്. അത് ഒരിക്കലും നിലക്കുന്ന പ്രതിഭാസമല്ല. അപ്രകാരം തന്നെ പ്രവാചകത്വത്തിന്റെ സാമൂഹിക പരിഷ്ക്കരണ ദൗത്യം പൂർത്തീകരിക്കാനും ആ ദിവ്യാനുഭൂതിയുടെ സുസ്ഥിരത സമൂഹത്തിൽ നിലനിർത്താനും ഖിലാഫത്തിന്റെ തുടർച്ച ഒരു അനിവാര്യതയും ദൈവിക വാഗ്ദാനത്തിൽ ഉള്ളടങ്ങിയതുമാണ്.

**അബ്ദുർറഹ്മാൻ, കൊടിയത്തൂർ**

### അഹ്മദിയ്യാ ജമാഅത്തും അബ്നാഉൽ ഫാരിസിയും

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി (അ) ന്റെ വിയോഗത്തെ തുടർന്ന് പ്രവചനമനുസരിച്ച് ഖിലാഫത്തൻ അലാ മിൻഹാജൻ നുബൂവ്വത്ത് (നുബൂവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത്) സമാരംഭം കുറിക്കുകയുണ്ടായി. അഹ്മദിയ്യാ ഖിലാഫത്ത് ഒന്നാം ഖലീഫയായി ഹക്കീം നൂറുദ്ദീൻ സാഹിബ് തിരഞ്ഞെടുക്കപ്പെട്ടു. നബി തിരുമേനി(സ) ക്ക് അബൂബക്കർ (റ) ഏത് പ്രകാരമായിരുന്നോ അപ്രകാരമായിരുന്നു വാഗ്ദത്ത മസീഹിന് ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് എന്നതിന് ചരിത്രം സാക്ഷിയാണ്. ആറ് വർഷത്തെ അദ്ദേഹത്തിന്റെ ഖിലാഫത്തിന് ശ്ശേഷം 52 വർഷം ഖിലാഫത്തിന്റെ പദവി വഹിച്ചത് ഹദ്റത്ത് ബശീറുദ്ദീൻ സാഹിബാണ്. അനേകം പ്രവചനങ്ങളാൽ വിവരിക്കപ്പെട്ട വാഗ്ദത്ത പുത്രൻ ഹദ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് (റ). അതിനെ തുടർന്ന് ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ് തുടർന്ന് ഹ: മിർസ ത്വാഹിർ അഹ്മദ് സാഹിബും ഖലീഫമാരായി വന്നു. 2003 ഏപ്രിൽ മാസത്തിൽ നാലാം ഖലീഫ ഹ: മിർസാ ത്വാഹിർ അഹ്മദ് സാഹിബ് വഫാത്തായപ്പോൾ തുടർന്ന് ജമാഅത്തിന്റെ അഞ്ചാമത്തെ ഖലീഫയായി പ്രസ്ഥാനത്തെ നയിച്ചുകൊണ്ടിരിക്കുന്നത് വാഗ്ദത്ത മസീഹിന്റെ പ്രപൗത്രൻ ഹ: മിർസാ മസ്റൂർ അഹ്മദ് സാഹിബാണ്. അഹ്മദിയ്യാ ഖിലാഫത്തിന് വാഗ്ദത്ത മസീഹുമായുള്ള കുടുംബ ബന്ധം വിവരിക്കുന്നതിന്റെ പ്രസക്തിയെന്ത് എന്ന് വായനക്കാർ ചിന്തിച്ചേക്കാം. അനേകം പ്രവചനങ്ങളുടെ പുലർച്ചയും സാക്ഷാൽക്കാരവുമാണ് ഇവിടെ സംഭവിച്ചിരിക്കുന്നത് എന്ന യാഥാർഥ്യം വ്യക്തമാക്കാനാണ് ഇക്കാര്യം ഇവിടെ പരാമർശിക്കുന്നത്.

നബി(സ) തിരുമേനിയുടെ യും വാഗ്ദത്ത് മസീഹ് (അ) ന്റെയും പ്രവചനങ്ങളുടെ സാക്ഷാത്ക്കാരവും വിശ്വാസ ദൃഢീകരണത്തിനുള്ള മഹത്തായ സാക്ഷ്യങ്ങളുമാണ് ഇക്കാര്യങ്ങൾ. പ്രവാചകന്മാരുടെ ലക്ഷ്യം അവരുടെ ദൗത്യകാലത്ത് പൂർണനിലയിൽ പൂർത്തിയാവാറില്ല. അവരെ തുടർന്ന് വന്ന ഖിലാഫത്ത് സംവിധാനം മുഖേനയും അവരുടെ ജമാഅത്ത് മുഖേനയുമാണ് അക്കാര്യങ്ങൾ നിറവേറ്റപ്പെടുക. ഹദ്റത്ത് അഹ്മദ് (അ) ഇക്കാര്യം പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്.

ഒന്നാമതായി ഇസബ്നു മറിയം

---

ന് അത് സൃഷ്ടിക്കൻ സാദ്ധ്യമല്ലായിരുന്നു. അവർ ചരിത്രം സൃഷടിക്കുകയായിരുന്നു.

ഇത്തരത്തിൽ അങ്ങേയറ്റം ദുരിത പൂർണമായ നിസ്സഹായാവസ്ഥയിൽ വൻ വിജയങ്ങളെ പറ്റിയുള്ള പ്ര വചനം നടത്തുക എന്നത് ഒന്നുകിൽ ഒരു ഭ്രാന്തന്റെ പുലമ്പലായിരിക്കും. അല്ലെങ്കിൽ ഒരു മഹാനായ ഒരു പ്രവാചകനിലൂടെയുള്ള ദൈവത്തിന്റെ പ്രഖ്യാപനങ്ങളായിരിക്കും. റസൂൽ തിരുമേനി (സ) എക്കാലത്തേയും ജീവിച്ചിരിക്കുന്ന ജ്ഞാനികളിൽ വെച്ച് ഏറ്റവും വലിയ ജ്ഞാനിയായിരുന്നു. ഒരിക്കലും അദ്ദേഹം ഭ്രാന്തനായിരുന്നില്ല. ഏതെങ്കിലും ഒരു പ്രവാചകൻ ദൈവത്തിന്റെ വചനമായിരിക്കാൻ വേണ്ടി അനുഗ്രഹീതനായിട്ടുണ്ടെങ്കിൽ അത് അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ വദനവും അദ്ദേഹത്തിന്റെ അധരവുമായിരുന്നു മനു ഷ്യ ഭാഗധേയങ്ങൾ നിർണയിച്ചിരുന്നത്. ദൈവം അദ്ദേഹത്തോട് കൽപ്പിച്ചതെന്തോ അത് പ്രകാരം അദ്ദേഹം വിധികൾ പ്രഖ്യാപിച്ചു. അദ്ദേഹം ദൈവത്തിന് വേണ്ടി സംസാരിച്ചു.

(Revelation Rationality Knowledge and Truth) *വിവ: എ. എം*

അവതരിക്കുമെന്ന് പ്രസ്താവിച്ചപ്പോൾ അദ്ദേഹത്തെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത് അദ്ദേഹം വിവാഹം കഴിക്കുകയും സന്താനങ്ങൾ ഉണ്ടാവുകയും ചെയ്യുന്നതാണ് എന്നാണ്. ആഗതനാകുന്ന ഈസബ്നു മറിയം മുസ്‌ലിം ഉമ്മത്തിൽ നിന്നുള്ള ഒരു വ്യക്തിയാണെന്നും അദ്ദേഹമാണ് ഹദ്റത്ത് അഹ്മദ് എന്നുമാണല്ലോ അഹ്മദിയ്യാ ജമാഅത്തിലുള്ള വിശ്വാസം. ഇവിടെ ഒരു പ്രവാചകൻ വിവാഹം ചെയ്യുമെന്നും മക്കളുണ്ടാവുമെന്നും പ്രവചിക്കുമ്പോൾ ആ മക്കളുടെ സവിശേഷതകളിലേക്കാണ് സൂചന നൽകുന്നത്. സാധാരണ നിലയിലുള്ള സന്താനങ്ങളായിരുന്നുവെങ്കിൽ പ്രവചനത്തിലെ പരാമർശം അർഥശൂന്യമാകുമായിരുന്നു. എന്നാൽ റസൂൽ (സ) തിരുമേനിയുടെ പ്രവചനങ്ങൾ ഒരിക്കലും അങ്ങനെ ആകാവതല്ല. ഇവിടെ പ്രവചിച്ചിരിക്കുന്നത് സവിശേഷ സന്തതികളെക്കുറിച്ചാണെന്ന് നമുക്ക് മനസ്സിലാക്കാം.

രണ്ടാമതായി സൂറ ജുമുഅയിലെ നബി(സ) തിരുമേനിയുടെ നിയോഗത്തെ സംബന്ധിച്ച് വിവരിച്ചിടത്ത് ***'വ ആഹിരീന മിൻകും ലമ്മാ യൽഹഖു ബിഹിം' (അവരുമായി ഇത്വരെ ചേർന്നിട്ടില്ലാത്ത ഒരു കൂട്ടരിലും നിയോഗിതനാകും)*** എന്ന് പറഞ്ഞതിന് വിശദീകരണമായി, നബി (സ) അരുളിയ വിശദീകരണം സഹീഹ് ബുഖാരി ബാബ് തഫ്സീറുൽ ജുമാഇൽ രേഖപ്പെടുത്തിയിരിക്കുന്നു.

***'ഈമാൻ സുരയ്യാ നക്ഷത്രത്തോളം ഉയർന്നു പോവുന്ന കാലത്ത് പേർഷ്യൻ വംശത്തിൽ നിന്നുള്ള ഒരാൾ അല്ലെങ്കിൽ ഒരു കൂട്ടം ആളുകൾ നഷ്ടപെട്ടുപോയ ഈമാനെ മടക്കിക്കൊണ്ടു വരുന്നതാണ്.'(ബുഖാരി)*** ഇമാം മഹ്ദിയുടെ ആഗമനത്തെ കുറിച്ചുള്ള ഒരു സുപ്രധാന സാക്ഷ്യമാണ് ഈ തിരുവചനം. ഈ വിശ്വാസത്തിന്റെ പുനസ്ഥാപനം നിർവഹിക്കുന്ന ഒരു പ്രത്യേക വ്യക്തിക്ക് പുറമെ ഒരു കൂട്ടം വ്യക്തികളെ സംബന്ധിച്ചും പറയുന്നു. ഇവിടെ മഹ്ദിയും മസീഹും ഉമ്മത്തീ നബിയും ഹദ്റത്ത് അഹ്മദ് (അ) യെ സംബന്ധിച്ചും അവിടത്തെ ദൗത്യത്തിന്റെ പൂർത്തീകരണത്തിന് വേണ്ടി നിയോഗിക്കപ്പെടുന്ന ഖലീഫമാരെയും സംബന്ധിച്ച് വ്യക്തമായ പ്രവചനങ്ങൾ കാണാവുന്നതാണ്. മൂന്നാമതായി ഹദ്റത്ത് അഹ്മദ് (അ)ന് അല്ലാഹു അവതരിപ്പിച്ച വചനങ്ങളിൽ ***'തൗഹീദിനെ മുറുകെ പ്പിടിക്കുക തൗഹീദിനെ മുറുകെപ്പിടിക്കുക അല്ലയോ ഫാരിസിന്റെ സന്താനങ്ങളെ' തദ്കിറ, പേ. 197)*** തൗഹീദിന്റെ സംസ്ഥാപനത്തിന് വേണ്ടി നിയോഗിക്കപ്പെടുന്ന ഒരു കൂട്ടം പേർഷ്യൻ വംശജരെ സംബന്ധിച്ചാണ് ഇവിടെ അല്ലാഹു പറയുന്നത്. നാലാമതായി ഇസ്‌ലാമിന്റെ വിജയത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അല്ലാഹുവിന്റെ സഹായത്തിന് വേണ്ടി ഹോശിയാർപൂറിൽ വെച്ച് നാൽപ്പത് ദിവസം തുടർച്ചയായി അല്ലാഹുവിന്റെ പ്രിയപ്പെട്ട ദാസൻ മഹ്ദി മസീഹ് (അ) പ്രാർഥനയിൽ മുഴുകിയപ്പോൾ അല്ലാഹു നൽകിയ മറുപടി നിനക്ക് അമ്പത്തി രണ്ടോളം സവിശേഷ ഗുണങ്ങളുള്ള ഒരു പാവന പുത്രനെ നൽകപ്പെടുമെന്നായിരുന്നു. ഇതിൽ നിന്ന് ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയുന്ന കാര്യം തന്റെ ദൗത്യത്തിന്റെയും അഭിലാഷങ്ങളുടെയും പൂർത്തീകരണം ഈ പുത്രൻ മുഖേന സംഭവിക്കുമെന്നാണ്. വഗ്ദത്ത മസീഹ്(അ) തനിക്ക് ശേഷം ഉണ്ടാകുന്ന ഖിലാഫത്ത് വ്യവസ്ഥിതിയെ സംബന്ധിച്ച് പ്രവചനം ചെയ്യുന്ന 'അൽ വസിയ്യത്ത്'ലെ മുകളിലുന്നയിച്ച വചനങ്ങളിൽ ഈ സവിശേഷ പുത്രനെ സംബന്ധിച്ച് പ്രത്യേകം പരാമർശിക്കുന്നു എന്നതും ചിന്താർഹമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ പ്രസ്തുത വാഗ്ദത്ത പുത്രൻ ഹദ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)ന്റെ അമ്പത്തി രണ്ട് വർഷക്കാലത്തെ ഖിലാഫത്ത് കാലഘട്ടം പ്രസ്തുത പ്രവചനങ്ങളുടെ ഉജ്ജ്വലമായ പുലർച്ചയുടെ നേർകാഴ്ച്ചയായിരുന്നു. ജമാഅത്തിലെ പ്രമുഖരെന്ന് ഗണിക്കപ്പെട്ടിരുന്ന ചിലർ ഖിലാഫത്തിന്റെ ആവശ്യകതയെ നിഷേധിച്ച് രംഗത്ത് വന്ന സന്ദിഗ്ദഘട്ടത്തിൽ തന്റെ സവിശേഷമായ ജ്ഞാനത്തിന്റെയും ഉൾക്കാഴ്ച്ചയുടെയും അനുഗ്രഹത്താൽ ഖിലാഫത്തിന്റെ അനിവാര്യത ജമാഅത്തിനെ ബോധ്യപ്പെടുത്തുകയും തുടർന്ന് ഇരുപത്തഞ്ചാമത്തെ വയസ്സിൽ ഖലീഫയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്ത അദ്ദേഹം അമ്പത്തിരണ്ട് വർഷത്തെ തന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ വാഗ്ദത്ത പുത്രന്റെ സവിശേഷതകളായി അല്ലാഹു എടുത്ത് പറഞ്ഞ മുഴുവൻ കാര്യങ്ങളും തന്നിൽ പൂർത്തിയായതായി പ്രവൃത്തി മുഖേന തെളിയിക്കുകയുണ്ടായി. ജമാഅത്തിന്റെ കഠിന വിരോധികൾപോലും മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി(റ)ന്റെ വ്യക്തിത്വത്തിൽ വിസ്മയം കൊള്ളുകയുണ്ടായി. വാഗ്ദത്ത മസീഹിന് അല്ലാഹു നൽകിയ വാഗ്ദാനത്തിന്റെ പുലർച്ച കണ്ണ് നിറയെ കണ്ടിട്ടും ഖിലാഫത്ത് നിഷേധികൾ വാഗ്ദത്ത പുത്രനെ സംബന്ധിച്ച പ്രവചനത്തിന് വിചിത്ര വ്യാഖ്യാനം നൽകി നിഷേധത്തിൽ ഉറച്ചു നിൽക്കുന്നു എന്നത് അത്ഭുതകരമാണ്. വേറെ ചിലർ ഭാവിയിൽ പിറക്കാനിരിക്കുന്നു എന്ന് ജൽപ്പിക്കുന്നു. എന്നാൽ വാഗ്ദത്ത മസീഹ് തൊട്ട് കാണിക്കുന്നത് കാണുക. വാഗ്ദത്ത പുത്രന്റെ ജനനത്തിന് (1889 ജനുവരി 12) പതിനേഴ് വർഷങ്ങൾക്ക് ശേഷം (1906) രചിച്ച 'ഹഖീഖത്തുൽ വഹ്‌യ്'എന്ന ഗ്രന്ഥത്തിൽ അവിടുന്ന് പറയുന്നു: ***'അപ്പോൾ അല്ലാഹു വേറൊരു സുതനെ കുറിച്ച് എനിക്ക് സുവാർത്ത നൽകി. പച്ച ലഘു ലേഖയിൽ 7ാം പേജിൽ ആ പുത്രന്റെ ജനനത്തെ സംബന്ധിച്ച സുവിശേഷം ചേർത്തിട്ടുണ്ട്. ഇതനുസരിച്ച് ജനുവരിയിൽ പുത്രൻ ജനിച്ചു. അവന് മഹ്മൂദ് എന്ന് നാമകരണം***

*ചെയ്തു. ദൈവാനുഗ്രഹത്താൽ അവൻ ജീവിച്ചിരിക്കുന്നു. പതിനേഴ് വയസ്സ് പ്രായത്തിലാണ് ഇന്ന്.'* (ഹഖീഖത്തു വഹ്‌യ് പേ 374) 'തിരിയാഖുൽ ഖുലൂഖ്' എന്ന ഗ്രന്ഥത്തിലും ഇക്കാര്യം രേഖപ്പെടുത്തിയതായി കാണാം. ഇത്രയും വ്യക്തമാക്കിയ കാര്യം തങ്ങൾ വാഗ്ദത്ത മസീഹി നെ വിശ്വസിക്കുന്നു എന്ന് പറഞ്ഞു കൊണ്ട് ഖിലാഫത്തിനെയും വാഗ്ദ ത്ത പുത്രനേയും നിഷേധിക്കുന്ന വരെക്കുറിച്ചെന്തു പറയാൻ!!

അഞ്ചാമതായി ഹദ്‌റത്ത് അഹ്മദ് (അ) തനിക്ക് വേറെയും അനുഗൃഹീതരായ സന്തതികളെ അല്ലാഹു നൽകുമെന്നും തന്റെ പരമ്പര മുറിഞ്ഞു പോകുകയില്ലെ ന്നും തന്റെ ഭവനം അനുഗൃഹീത സന്തതികളാൽ നിറക്കപ്പടുമെന്നും നിരവധി ഗ്രന്ഥങ്ങളിൽ രേഖപ്പെടു ത്തിയിട്ടുണ്ട്. ഇത്രയും വിശദീകരി ക്കുവാൻ കാരണം എത്രമാത്രം അനുഗൃഹീതമാണ് അഹ്മദിയ്യാ ഖിലാഫത്തിന്റെ പരമ്പര എന്ന് വായനക്കാർ ഗ്രഹിക്കുന്നതിന് വേണ്ടിയാണ്.

## ഖിലാഫത്തും ഭരണവും

വിശുദ്ധ ഖുർആനിൽ നബി (സ) ദീർഘദർശനം ചെയ്ത ആത്മീയ ഖിലാഫത്ത് സംവിധാന വും അതു മുഖേനയുള്ള അനുഗ്ര ഹങ്ങളും അഹ്മദിയ്യാ ജമാഅത്തി ൽ ദർശിക്കാൻ കഴിയുന്ന ജമാഅ ത്തിന്റെ എതിരാളികൾ സാധാരണ ജനം ജമാഅത്തിൽ ആകൃഷ്ടരാവു മെന്ന് മനസ്സിലാക്കി. എങ്ങനെയെ ങ്കിലും സത്യത്തെ എതിർക്കണ മെന്ന വാശിയിൽ ഉന്നയിക്കുന്ന ഒരു വാദമാണ് ഖലീഫക്ക് ഭൗതിക ഭരണം വേണമെന്ന്. അഹ്മദിയ്യാ ഖലീഫക്ക് ഭരണമില്ല അത്കൊണ്ട് അത് ഖിലാഫത്തല്ല. ഇതാണ് ഇക്കൂട്ടരുടെ വാദം. ഇസ്‌ലാമിലെ ആദ്യനാല് ഖലീഫമാർക്കും അറേബ്യയിലെ ചെറിയ ഭൂപ്രദേശ ത്ത് ഭരണമുണ്ടായിരുന്നു. ഇതാണ് അവർ മുഖ്യ തെളിവായി പറയുന്ന ത്. എന്നാൽ ഇവർ കാര്യങ്ങൾ മനസ്സിലാക്കാത്തവരോ മനസ്സിലായി ട്ടും മനസ്സിലായില്ല എന്ന് നടിക്കുന്ന വരോ അണ്. ഖലീഫ എന്നതിന്നർ ഥം പ്രതിനിധി, അല്ലെങ്കിൽ പോകു ന്ന ആളുടെ സ്ഥാനത്ത് അവരോധി തനാകുന്ന ആൾ എന്നെല്ലാമാണ്. ഇസ്‌ലാമിക സാങ്കേതികശൈലി അനുസരിച്ച് ഖലീഫ എന്നാൽ ഒരു പ്രവാചകന് ശേഷം അദ്ദേഹത്തി ന്റെ നേതൃത്വം വഹിക്കുന്ന ആൾ എന്നാണ് അർഥം. നബി (സ) തിരുമേനിക്ക് ശേഷം വന്ന അദ്ദേഹത്തിന്റെ പ്രതിനിധികൾക്ക് ഭരണം ഉണ്ടായിരുന്നുവെങ്കിൽ നബി (സ) ക്കും മക്കയും മദീനയും ഉൾപ്പെടെ ചെറിയ പ്രദേശത്ത് ഭരണമുണ്ടായിരുന്നു. തിരുനബി (സ) ക്ക് ഉണ്ടായിരുന്ന ഭരണ സാരഥ്യം പിറകെ വരുന്നവരും വഹിച്ചു എന്ന് മാത്രം. ഖലീഫക്ക് ഭരണം വേണമെന്ന് പറയുന്നവർ എന്തുകൊണ്ട് തിരുനബി(സ) പ്രവാചകനായി അംഗീകരിക്കണ മെങ്കിൽ ഭൗതിക ഭരണം നിർബന്ധ മാണെന്ന ഉപാധി മുന്നോട്ട് വെക്കുന്നില്ല?. തിരുനബി(സ)യും ഖലീഫമാരും മുഴുലോകത്തിനും ഉള്ള നബിയും ഖലീഫമാരും ആണ് എന്നിരിക്കെ ഭരണമില്ലാത്ത പ്രദേശ ത്തേക്കുള്ള ദൗത്യം ഇക്കൂട്ടർ അംഗീകരിക്കില്ലേ? ഇന്നും കേരളക്ക രയിലെ മുസ്‌ലിംകൾ തങ്ങളുടെ ഖുത്ബകളിൽ അമീറുൽ മുഅ്മിനീ ൻ എന്ന് പറഞ്ഞുകൊണ്ട് അനു സ്മരണം നടത്തുന്നത് കേരളക്കര യിൽ ആ മഹാത്മാക്കളുടെ ഭരണം ഉണ്ടായിരുന്നത് കൊണ്ടാണോ? അഹ്മദിയ്യാ ജമാഅത്തിനെ എതിർ ക്കുന്നവർ തങ്ങൾ കൊണ്ട് വരുന്ന ദുർന്യായങ്ങൾ ഇരിക്കും കൊമ്പ് മുറിക്കുന്നതും, തിരുനബി (സ) യെ മറ്റു പ്രവാചകന്മാരുടെയും ഖുലഫാ ഉർറാശിദയുടെയും സത്യതയെ നിഷേധിക്കാൻ കാരണമാവുന്നതു മാണെന്ന് ഇക്കൂട്ടരെ ഉണർത്തിക്കൊ ള്ളട്ടെ.

## ഖിലാഫത്തും മുജദ്ദിദിയ്യത്തും

അഹ്മദിയ്യാ ജമാഅത്തിന്റെ എതിരാളികളിൽ ചിലർ ചോദിക്കു ന്നു. മിർസാ ഗുലാം അഹ്മദ് (അ) പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദ് ആണെങ്കിൽ 15-ാം നൂറ്റാണ്ടിൽ മുജദ്ദിദ് എവിടെ? ഇക്കൂട്ടർ തിരുന ബി (സ) യുടെ പ്രവചനമനുസരിച്ച് 14 ാം നൂറ്റണ്ടിലെ മുജദ്ദിദ് ഇമാം മഹ്ദിയും മസീഹ് മഊദും ഉമ്മത്തീ നബിയുമായി വന്ന വ്യക്തിയെ ആയിരക്കണക്കിന് അടയാളങ്ങൾ വെളിപ്പെട്ട ശേഷവും നിഷേധിച്ചു കൊണ്ട് 15-ാം നൂറ്റാണ്ടിലെ മുജദ്ദിദിനെ തേടി അന്ധകാരത്തിൽ അലയുകയാണ്. നബി(സ)യുടെ പ്രവചനങ്ങളനുസരിച്ച് നീതിമാ നായ വിധികർത്താവായി വന്ന വാഗ്ദത്ത മസീഹി ന്റെ വാക്കുകൾ ശരിയാംവണ്ണം ശ്രവിച്ചിരുന്നു വെങ്കിൽ കാര്യങ്ങൾ ഗ്രഹിക്കാ മായിരുന്നു. തിരുനബി (സ) ഓരോ നൂറ്റാണ്ടിന്റെയും തലക്കൽ മുജദ്ദി ദുമാരുടെ ആഗമനമുണ്ടാകുമെന്ന് അരുളിയിട്ടുണ്ട്. 'ഖിലാഫത്തൻ അലാ മിൻഹാജിൻ നുബുവ്വ:' എന്ന് വിശേഷിപ്പിച്ച ആ വിശുദ്ധ ഖിലാഫത്തിന്റെ അഭാവത്തിലുള്ള ഒരു സംവിധാനമെന്ന നിലക്കാണെ ന്ന് മൻസ്സിലാക്കാം. കാരണം ഖിലാഫത്തെ റാശിദ 30 വർഷത്തിന് ശേഷം തിരോഭവിക്കുമെന്ന് തിരു നബി (സ) അരുളുകയുണ്ടായി. മുകളിൽ ഉദ്ധരിച്ച മിശ്ക്കാത്തിലെ ഹദീസിൽ ഖിലാഫത്ത് വ്യവസ്ഥിതി രാജാധിപത്യവും സേച്ഛാധിപത്യ വുമായി അധ:പതിക്കുമെന്ന കാര്യം വ്യക്തമായി പ്രവചിച്ചിരിക്കുന്നു. ഇസ്‌ലാമിക സമൂഹത്തിൽ സംഭവി ക്കാനിരിക്കുന്ന കുഴപ്പങ്ങളെ സംബ ന്ധിച്ച് വിവരിച്ചപ്പോൾ ഇസ്‌ലാം നശിച്ചുപോവുമോ എന്ന് സംശയം ചോദിച്ച സഹാബിയോട് ഞാൻ ആദ്യത്തിലും 12 ഖലീഫമാർ എനിക്ക് പിന്നാലെയും ഈസബ്നു മറിയം പിറകെയുമുള്ള സമുദായം എങ്ങനെ നശിക്കാനാണ് എന്നാണ് തിരുനബി (സ) ഉത്തരം നൽകിയത്. ഇവിടെ പറഞ്ഞ 12 ആത്മീയ ഖലീഫമാർ 12 ാം നൂറ്റാണ്ടിൽ വന്ന മുജദ്ദിദ്മാരാണെന്ന് നമുക്ക് മനസ്സി ലാക്കാം. അപ്പോൾ തിരുനബി (സ) ഖിലാഫത്തുർറാശിദ അടക്കമുള്ള

ആദ്യനൂറ്റാണ്ടിൽ വേറെ മുജദ്ദിദില്ല. അതേ പോലെ അവസാനം വാഗ്ദത്ത മസീഹിന്റെ കാലഘട്ടമാണെന്നും തിരുനബി (സ) മനസ്സിലാക്കിതന്നു. അതുപോലെ ഖിലാഫത്ത് വ്യവസ്ഥിതി രാജാധിപത്യത്തിന്റേയും സേച്ഛാധിപത്യത്തിന്റേയും ഘട്ടങ്ങൾ പിന്നിട്ടശേഷം വീണ്ടും മിൻ ഹാജൻ നുബുവ്വത്തിന്റെ രൂപത്തിൽ പുനസ്ഥാപിക്കപ്പെടുമെന്നും തിരുനബി (സ) അർഥശങ്കക്കിടയില്ലാതെ വ്യക്തമാക്കുകയുണ്ടായി. പ്രസ്തുത സംവിധാനം തുടർന്നും നിലനിൽക്കുമെന്നും മനസ്സിലാക്കിതന്നു. വാഗ്ദത്ത മസീഹിന്റെ ആഗമനത്തോടെ 'ഖിലാഫത്തുന്നുബുവ്വ:' പുനസ്ഥാപിക്കപ്പെടുമെന്നത് മുസ്‌ലിം ലോകത്തിന്റെ വിശ്വാസമാണ്. നുബൂവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്തിന്റെ അഭാവത്തിൽ ഉള്ള ഒരു പകരം സംവിധാനം മാത്രമാണ് മുജദ്ദിദിയ്യത്ത്. റസൂൽ തിരുമേനി(സ) അരുളിയിട്ടുള്ളത് ***'എന്നെ യും സച്ചരിതരായ ഖലീഫമാരേ യും നിങ്ങൾ പിൻപറ്റുക'*** എന്നാ ണ്. ഒരു മുജദ്ദിദിനെ സംബന്ധിച്ചും തിരുമേനി(സ) ഇങ്ങനെ പറഞ്ഞിട്ടില്ല.

ചുരുക്കത്തിൽ അല്ലാഹുവി ന്റെ പ്രവാചകന്മാരും ഖലീഫമാരും മുജദ്ദിദുകൾ തന്നെയാണ്. ബിരുദാനന്തര ബിരുദമുള്ള ഒരാൾക്ക് ഡിഗ്രിയുമുണ്ടാകും എന്ന് പറയുന്നത് പോലെ മുസ്‌ലിം ലോകത്തിന്റെ നിലപാടും ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നു. ഇസ്‌ലാമിലെ നാല് ഖലീഫമാർക്ക് നൽകുന്ന പ്രാമാണികതയും മഹത്വവും പിന്നീട് വന്ന മുജദ്ദിദുകളിൽ ആർക്കും തന്നെ അവർ കൽപ്പിക്കുന്നില്ല. വാഗ്ദത്ത മസീഹും ഇക്കാര്യം മനസ്സിലാക്കിത്തരുന്നുണ്ട്. ***'താൻ ആയിരം വർഷത്തേക്കുള്ള മുജദ്ദിദാണെന്നും' (ലക്ച്ചർ സിയാൽക്കോട്ട്)*** തനിക്ക്ശേഷം തന്നെ പിന്തുടർന്ന് കൊണ്ട് തന്റെ വ്യവസ്ഥിതിയെ മുന്നോട്ട് നയിക്കുന്ന ഖിലാഫത്തിന്റെ പരമ്പര എന്നെന്നും നിലനിൽക്കുമെന്നും അവിടുന്ന് വ്യക്തമാക്കി.

ഈ ഖിലാഫത്ത് വ്യവസ്ഥിതിക്ക് കീഴിൽ തന്റെ പ്രസ്ഥാനം ലോകം മുഴുവൻ വ്യാപിക്കുമെന്നും ഇസ്‌ലാമിന്റെ ആഗോള വിജയവും നവലോക ക്രമവും ലോകത്ത് നിലവിൽ വരുമെന്നും അവിടുന്ന് പ്രവചിച്ചു. ഇന്ന് 210 രാജ്യങ്ങളിൽ അഹ്മദിയ്യാ ഖിലാഫത്തിന്റെ കീഴിൽ ഈ പ്രസ്ഥാനം ലക്ഷ്യത്തിലേക്ക് കുതിക്കുമ്പോൾ ഈ വ്യവസ്ഥക്ക് പുറത്ത് മുജദ്ദിദിനെ അന്വേഷിക്കുന്നവർ വിഡ്ഢികളുടെ സ്വർഗത്തിലാണെന്ന് വ്യക്തമാക്കട്ടെ.

## കേവല നിഷേധം കൊണ്ട് മാത്രം ഇഹ ലോകത്ത് ശിക്ഷയില്ല

കേവല നിഷേധം കൊണ്ട് ഇഹലോകത്ത് ശ്രദ്ധേയമായ കാര്യമെന്തെന്നാൽ മക്കക്കാർ റസൂൽ തിരുമേനി(സ)യെ കേവലം നിഷേധിക്കുക മാത്രമായിരുന്നില്ല. ഒരാളിന്റെ പോഴത്തം കൊണ്ട് കേവലം നിഷേധിക്കുകയാണെങ്കിൽ ഈ ലോകത്ത് അവന് ശിക്ഷ ലഭിക്കില്ല. പക്ഷേ അവിശ്വാസി മനുഷ്യാസ്തിത്വത്തിന്റേയും സൽസ്വഭാവത്തിന്റേയും പരിധി ലംഘിച്ച് ലജ്ജാ വിഹീനനായിക്കൊണ്ട് അധാർമികതയിൽ വർത്തിക്കുകയും സർവ പീഢനങ്ങളും അസൂത്രണം ചെയ്യുകയും അതിൽ അങ്ങേയറ്റം മുന്നോട്ടു പോകുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ കോപം പതച്ചു പൊങ്ങുകയും ദൈവം നൂഹിന്റെ ജനതയെയും ലൂത്തിന്റെ ജനതയെയും നശിപ്പിച്ചത് പോലെ അവന്റെ ദൂതന് വേണ്ടി ആ അതിക്രമകാരികളെ നശിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ദൂതനും അനുയായികളും അത്തരം പീഢനങ്ങൾക്കും ക്രൂരതകൾക്കും വിധേയമാവുമ്പോൾ മാത്രമാണ് ദൈവം ഇങ്ങനെ ശിക്ഷയിറക്കാറ്. വെറും നിഷേധം കൊണ്ട് മാത്രം ദൈവം ഈ ലോകത്ത് ശിക്ഷയിറക്കാറില്ല. അത്തരം ശിക്ഷകൾക്കായി ദൈവം പരലോകം ഒരുക്കിവെച്ചിരിക്കുന്നു. പരിഹാസം, നിന്ദിക്കൽ, പീഢനം, എന്നിവയെ തുടർന്നാണ് ഈ ലോകത്ത് ശിക്ഷകൾ ദൈവം ഇറക്കുക.

കാര്യം പൂർണമായും ബോദ്ധ്യമാകാത്തത് കാരണം ഒരാൾക്ക് വിശ്വാസം സ്വീകരിക്കാതെ മാറിനിൽക്കാവുന്നതാണ്. അത്തരം നിഷേധം ഒരിക്കലും ഈ ലോകത്ത് ശിക്ഷ ക്ഷണിച്ചു വരുത്തുന്നില്ല. കാരണം അത് അൽപ്പത്തം കൊണ്ടോ ധാരണാശക്തിയുടെ കുറവ് കൊണ്ടോ സംഭവിക്കാവുന്നതാവാം. ഞാൻ ദൃഢമായി വിശ്വസിക്കുന്നത് നൂഹ് നബി (അ) യുടെ ജനത മാന്യമായ രീതിയിലാണ് അദ്ദേഹത്തെ എതിർത്തതെങ്കിൽ സർവശക്തനായ ദൈവം അദ്ദേഹത്തിന്റെ ജനതയെ പിടിക്കില്ലായിരുന്നു. ജനങ്ങൾ അവരുടെ അതിക്രമ ശീലം കൊണ്ടാണ് ശിക്ഷിക്കപ്പെടുന്നത്. വിശുദ്ധ ഖുർആൻ വായിക്കുന്ന ശത്രുവിനും അവന്റെ സുരക്ഷിത സ്ഥാനത്തെ സംബന്ധിച്ച് സർവശ ക്തനായ ദൈവം അറിയിക്കുന്നു. അതായത് മതത്തിൽ യതൊരു നിർബന്ധമോ പ്രേരണയോ ഇല്ലാ എന്ന് (അതിനാൽ നിഷേധി സുരക്ഷി തനാണ് ) ഖുർആൻ പറയുന്നു. **ലാ ഇക്റാഹ ഫി ദ്ദീൻ**. എന്നാൽ ഏതൊ രുവൻ വധിക്കാനോ ഗൂഢാലോച നക്കോ പുറപ്പെടുകയോ അക്രമവും പീഢനവും നടത്തുകയോ ആണെങ്കിൽ അയാൾ കഠിന ശിക്ഷക്ക് വിധേയനാകും

**-ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

**(മൽഫൂസാത്ത് വാല്യം. 3 പേജ് 162, 165)**

# ഉവൈസുൽ ഖർനി

മുഹമ്മദ് നബി(സ)യുടെ കാലത്ത് യമനിൽ ജീവിച്ചിരുന്ന പരമ സാത്വികനായ ഒരു പുണ്യാത്മാവായിരുന്നു ഹദ്റത്ത് ഉവൈസുൽ ഖർനി. പ്രവാചക സ്നേഹത്തിന്റെ തുല്യതയില്ലാത്ത മാതൃകയായും മാതൃശുശ്രൂഷയുടെ പ്രതീകമായും അദ്ദേഹം ഇസ്‌ലാമിക സാഹിത്യങ്ങളിൽ വാഴ്ത്തപ്പെടുന്നു

എ. എം. മുഹമ്മദ് സലീം

**മു**ഹമ്മദ് നബി(സ)യുടെ കാലത്ത് യമനിൽ ജീവിച്ചിരുന്ന പരമ സാത്വികനായ ഒരു പുണ്യാത്മാവായിരുന്നു ഹദ്റത്ത് ഉവൈസുൽ ഖർനി. പ്രവാചക സ്നേഹത്തിന്റെ അത്യുന്നതമായ മാതൃകകളിലൊന്നായി മുസ്‌ലിം ലോകം ഉവൈസുൽ ഖർനിയെ ആദരിക്കുന്നു. മാത്രമല്ല അദ്ദേഹ ത്തിനുള്ള ഒരു പ്രത്യേകത റസൂൽ തിരുമേനി(സ)യെ ഇത്ര അഗാധമായി സ്നേഹിച്ചിട്ടും അവിടുത്തെ സമകാലികനായി ജീവിച്ചിട്ടും തിരുമേനി(സ)യുടെ തിരുമുഖം ദർശിക്കാനുള്ള അവസരം ഉവൈസുൽ ഖർനിക്കുണ്ടായില്ല എന്നതാ ണ്.

ഉവൈസുൽ ഖർനിയെ കുറിച്ച് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) സറൂറത്തുൽ ഇമാം എന്ന പുസ്തകത്തിൽ പറഞ്ഞത്: ***'ഉവൈസുൽ ഖർനി ദിവ്യവെളി പാടുകൾ ലഭിക്കുന്ന വ്യക്തിയായി രുന്നു. റസൂൽ തിരുമേനി(സ) യുടെ പ്രവാചകത്വമാകുന്ന സൂര്യബിംബത്തിനും അവിടുത്തെ ഇമാമത്തിന് മുന്നിലും തന്റെ സാന്നിദ്ധ്യം തന്നെ അവമതിപ്പാണെന്ന് അദ്ദേഹം സ്വയം കരുതിയിരുന്നു. അത്രമാത്രം അതീവ വിനയാന്വിതനായിരുന്നു അദ്ദേഹം. നമ്മുടെ യജമാനനായ മുഹമ്മദ് നബി(സ) ചിലപ്പോൾ അവിടുത്തെ തിരുവദനം യമനിനു നേരെ തിരിച്ചുപിടിച്ചുകൊണ്ട് പറയുമായിരുന്നു. 'അഹിദു റീഹും ർറഹ്മാനി മിൻ കിബലിൽ യമനി' (യമനിന്റെ ഭാഗത്ത് നിന്നുള്ള ഹൃദ്യമായ ഒരു സുഗന്ധം ഞാൻ അനുഭവിക്കുന്നു.) ഇത് ഉവൈസിന് തീർച്ചയായും ദിവ്യവെളിപാടുകൾ ലഭിച്ചിരുന്നു എന്നതിന്റെ ആലങ്കാരിക പ്രയോഗമാണ്.***

അങ്ങേയറ്റം സാത്വികമായ ജീവിതം നയിച്ച ഉവൈസുൽ ഖർനി മറ്റെങ്ങും പോകാതെ വൃദ്ധയായ മാതാവിനെ ശുശ്രൂഷിക്കുന്നതിൽ നിമഗ്നായിരുന്നത് കാരണം ആ മഹാത്മാവിന് മദീനയിൽ വന്ന് തിരുനബി(സ)യുമായി കൂടികാഴ്ച്ച നടത്താൻ കഴിഞ്ഞില്ല. സാങ്കേതികമായി സഹാബിയായി അറിയപ്പെടുന്നില്ലെങ്കിലും സഹാബാക്കളുടെ പദവിയിൽ അറിയപ്പെടുകയും റസൂൽ തിരുമേനി(സ)യുടെയും ഖുലഫാ ഉർറാശിദയുടെയും പിൽക്കാലത്ത് ജീവിച്ച മുസ്‌ലിംകളുടെയും അഗാധ സ്നേഹം ഏറ്റു വാങ്ങുകയും സ്മരിക്കപ്പെടുകയും ചെയ്യുന്ന ഒരു പുണ്യാത്മാവായിരുന്നു അദ്ദേഹം.

ഉവൈസുൽ ഖർനിയുടെ പൂർണനാമം ഉവൈസിബ്നു ആമിരിബ്നു ജസ്ഇബ്നി മാലികിൽ ഖർനി എന്നാണ്. യമനിലെ മുറാദ് ഗോത്രത്തിന്റെ ശാഖയായ ഖറൻ ശാഖയിൽ ഖർനി എന്ന സ്ഥലത്ത് ജനിച്ചയാളാണ് അദ്ദേഹം. വൃദ്ധരായ മാതാപിതാക്കളെ മറ്റെങ്ങും പോകാതെ സംരക്ഷിച്ച് അവരുടെ മരണശേഷം പർവത മുകളിൽ ഏകാന്തവാസം അനുഷ്ഠിക്കുകയും രാത്രി ആരാധനകളിൽ മുഴുകി ഏകാന്ത വിജനതകളിൽ ജീവിക്കാനുമാണ് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നതെന്നാണ് വിവരണങ്ങളിൽ കാണുന്നത്.

റസൂൽ തിരുമേനി(സ) ഉമറിനോടും ഹദ്റത്ത് അലി(റ)യോ ടും ഉവൈസുൽ ഖർനിയെ പറ്റി പറഞ്ഞ ചില വചനങ്ങളാണ് ഖർനിയെ ഇസ്‌ലാമിക ചരിത്രത്തിൽ അനശ്വരനാക്കി മാറ്റിയത്. ഉവൈസ് സാത്വികനായ പുണ്യാത്മാവാണെന്നും അദ്ദേഹത്തെ കണ്ടുമുട്ടിയാൽ നമ്മക്ക് വേണ്ടി അദ്ദേഹത്തെ കൊണ്ട് പ്രാർഥിപ്പിക്കണമെന്നും തന്റെ സലാം അദ്ദേഹത്തെ അറിയിക്കണമെന്നും നബി(സ) അനുചരന്മാരെ ഉപദേശിച്ചു. റസൂൽ തിരുമേനി(സ)യുടെ ഈ ഉപദേശം ശിരസാ വഹിച്ചുകൊണ്ട് ഉവൈസിയെ കാണാൻ ഉമറും (റ) അലി(റ)യും നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. റസൂൽ തിരുമേനി(സ) ഉവൈസിയെ കുറിച്ച് പറഞ്ഞ

അസാധാരണമായ ഈ പ്രശംസയും അവർക്ക് നൽകിയ ഉപദേശം നിമിത്തവും ഹദ്റത്ത് ഉമറും(റ) ഹദ്റത്ത് അലി(റ) യും പിന്നീട് ഉവൈസുൽ ഖർനിയെ തേടിപ്പിടിച്ച് സന്ദർശിക്കുകയാണുണ്ടായത്. ഈ കാരണത്താൽ മുസ്ലിം ലോകം അജ്ഞാതനായിരിക്കാൻ ആഗ്രഹിച്ച ഉവൈസിയെ അത്യധികം ബഹുമാനം നൽകി ആദരമർപ്പിക്കുകയുണ്ടായി.

ഇമാം മുസ്ലിം അദ്ദേഹത്തി ന്റെ പ്രശസ്തമായ ഹദീസ് ഗ്രന്ഥത്തിൽ ഒരു അദ്ധ്യായം ഉവൈസുൽ ഖർനിക്കായി നീക്കിവച്ചിട്ടുണ്ട്. ***'ഉവൈസുൽ ഖർനിയുടെ നന്മകൾ' എന്നതാണ് ഈ അദ്ധ്യായത്തിന്റെ പേര്. അതിൽ ഉമറുബ്നുൽ ഖത്വാബിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസ് ഇപ്രകാരമാണ്. അല്ലാഹുവിന്റെ റസൂൽ (സ) പറയുന്നതായി ഞാൻ കേട്ടു: 'നിങ്ങളുടെ അടുത്ത് യമനിലെ മുറാദ് ഗോത്രത്തിന്റെ ശാഖയായ ഖറൻ ശാഖയിൽ പെട്ട ഉവൈസു ബ്നു അംറ് യമൻ ജനതയുടെ ശക്തിയോടുകൂടി വരുന്നതാണ്. അദ്ദേഹത്തിന് വെള്ളപാണ്ഡിന്റെ രോഗ ബാധയുണ്ടായിരുന്നു. അദ്ദേഹം പ്രാർഥിച്ചതിന്റെ ഫലമായി ഒരു ദിർഹം നാണയത്തിന്റെ വലുപ്പം ഒഴിച്ച് ബാക്കി സ്ഥലത്തെ രോഗ ബാധ പൂർണമായും ഭേദമായി. അദ്ദേഹം തന്റെ മാതാവിനോട് അങ്ങേയറ്റം വിനയത്തോടെ പെരുമാറി. അദ്ദേഹം അല്ലാഹുവിന്റെ പേരിൽ എന്തെങ്കിലും പ്രതിജ്ഞയെടുത്തെങ്കിൽ അതിൽ ഉറച്ചു നിൽക്കുമായിരുന്നു. അദ്ദേഹത്തോട് താങ്കൾക്ക് (ഉമർ)വേണ്ടി മാപ്പ് ലഭിക്കാൻ അല്ലാഹുവിനോട് പ്രാർഥിക്കാൻ അപേക്ഷിക്കണം.' (മുസ്ലിം)***

ദരിദ്രനായി ജീവിച്ച ഉവൈസുൽ ഖർനി തന്റെ മാതാവിനെ ശുശ്രൂഷിക്കുന്നതിൽ മാത്രമല്ല സമസൃഷ്ടികളോടുള്ള അദ്ദേഹത്തിന്റെ കടപ്പാടുകൾ പൂർത്തിയാക്കുന്നതിലും അതീവ ശ്രദ്ധപുലർത്തിയിരുന്നു. അദ്ദേഹം ഇങ്ങനെ പ്രാർഥിക്കാറുണ്ടായിരുന്നു. ***'വല്ലവനും വിശപ്പ് മൂലം മരിക്കാനിടയായാൽ അല്ലാഹുവേ! നീ എന്നെ ശിക്ഷിക്കരുതേ ആരെങ്കിലും വിവസ്ത്രനായി മരിക്കാനിടയായാൽ അല്ലാഹുവേ നീ എന്നെ ശിക്ഷിക്കരുതേ'.***

വിരക്തജീവിതം നയിച്ച ഉവൈസുൽ ഖർനിയെ സൂഫികളുടെ ആചാര്യനായി ചിലർ ഗണിക്കാറുണ്ട്. നേരിട്ട് റസൂൽ തിരുമേനി(സ)യുമായി ബന്ധമില്ലെങ്കിലും ആത്മീയമായി നിരന്തരം റസൂൽ തിരുമേനി(സ) അദ്ദേഹവുമായി ബന്ധപ്പെടാറുണ്ടായിരുന്നുവെന്നാണ് അവരുടെ വാദം. ഉവൈസുൽ ഖർനിയുടെ പ്രവാചക സ്നേഹത്തെ പറ്റി അതിശയോക്തി കലർന്നതും ഇതിഹാസ സമാനമായതുമായ അനേകം കഥകൾ പ്രചാരത്തിലുണ്ട്.. ഒരു കഥ ഇങ്ങനെയാണ് ഉഹദ് യുദ്ധത്തിൽ റസൂൽ തിരുമേനി(സ)യുടെ അണപ്പല്ലുകൾ നഷ്ടപ്പെട്ട വാർത്ത അറിഞ്ഞപ്പോൾ തന്റെ അണപ്പല്ല് ഖർനി സ്വയം തല്ലിക്കൊഴിക്കുകയുണ്ടായി എന്നതാണ് ആ കഥ.

'സീറ: അൽ ഹലാബിയ്യ' എന്ന ഗ്രന്ഥത്തിൽ ഇമാം അൽ ശഹറാനിയുടെ തബാക്കത്ത് അൽഖുബ്റയിൽ നിന്നുമുള്ള ഒരു ഉദ്ധരണിയിൽ ഇപ്രകാരം കാണാം:

'ഉവൈസുൽ ഖർനി പറഞ്ഞു. അല്ലാഹുവാണെ, എന്റെ അണപ്പല്ലുകൾ കൊഴിയാതെ പ്രവാചകന്റെ പല്ലുകൾ കൊഴിയാൻ പാടില്ല....' ഇങ്ങനെ പല ഗ്രന്ഥങ്ങളിലും ഞാൻ വായിച്ചിട്ടുണ്ട്.. അത് സത്യമാണോ അസത്യമാണോ എന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. (അൽ ഹലബി, ഇൻസാനുൽ ഉയൂൻ അഖാ അൽ സീറ അൽ ഹലബിയ്യ:) ഈ ഗ്രന്ഥം ചരിത്ര വസ്തുത എന്ന നിലക്ക് പ്രസ്തുത സംഭവം അവതരിപ്പിക്കാൻ ശ്രമിക്കുന്നില്ല.

16-ാം നൂറ്റാണ്ടിൽ ജീവിച്ച പ്രശസ്തനായ ഖുർആൻ വ്യാഖ്യാതാവും മുസ്ലിം ലോകം ആദരിക്കുന്ന പണ്ഡിതനുമായ മുല്ലാ അലിയുൽ ഖാരിയുടെ ഉവൈസുൽ ഖർനിയുടെ നന്മകളുടെ വിവരണത്തിൽ ഈ വിഷയത്തെ പറ്റി യുക്തിപരമായ ഒരു തീർപ്പ് കൽപ്പിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു:

*'നല്ലവണ്ണം അറിയുക. അതായത് റസൂൽ തിരുമേനി (സ) യുടെ അണപ്പല്ല് നഷ്ടപ്പെട്ടപ്പെട്ടപ്പോൾ തീവ്രദുഖം നിമിത്തം തന്റെ എല്ലാ പല്ലുകളും ഉവൈസുൽ ഖർനി പിഴുതുമാറ്റി എന്നത് സാധാരണക്കാരന്റെ ഭാഷയിൽ പ്രചരിച്ചതാണ്. റസൂൽ തിരുമേനി(സ)യുടെ ഏത് പല്ലാണ് നഷ്ടപ്പെട്ടത് എന്ന് അദ്ദേഹം ഒരിക്കലും വ്യക്തമായി അറിഞ്ഞിരിക്കാനിടയില്ല. ആയതിനാൽ ഈ കഥക്ക് പണ്ഡിതന്മാരെ സംബന്ധിച്ചിടത്തോളം യാതൊരു അടിസ്ഥാനവുമില്ല. മാത്രമല്ല സ്വയം നശിപ്പിക്കുന്ന ഇത്തരം നിഷ്ഫലവും ചപലവുമായ പ്രവർത്തിയിലൂടെ മഹാനായ അദ്ദേഹം ഇസ്ലാമിന്റെ പരിശുദ്ധ നിയമങ്ങൾ ലംഘിച്ചു എന്ന് പറയേണ്ടിവരും. കാരണം ഇത്തരം പ്രവർത്തികൾ ഒരു വിഡ്ഢിയിൽ നിന്ന് മാത്രമേ ഉണ്ടാവുകയുള്ളൂ.' (അലിയുൽ ഖാരി-അൽ മാദിൻ അൽ അദ്നി ഫി ഫളലിൻ ഉവൈസുൽ ഖർനി)*

മറ്റൊരു സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടത് ഇങ്ങനെയാണ്. ഹദ്റത്ത് ഉവൈസുൽ ഖർനി റസൂൽ തിരുമേനിയിൽ അസാധരണമാംവിധം അനുരക്തി കാണിച്ചയാളായിരുന്നുവല്ലോ. പല തവണ അദ്ദേഹം അവിടുത്തെ കാണാൻ ആഗ്രഹിച്ചിട്ടും കാണാൻ പോകാൻ സാധിച്ചില്ല. കാരണം വൃദ്ധയായ തന്റെ മാതാവിനെ ശുശ്രൂഷിക്കുന്നത് ഏറ്റവും പുണ്യമുള്ള കാര്യമാണെന്ന റസൂൽ തിരുമേനി(സ)യുടെ ഉപദേശം മാനിച്ച് അദ്ദേഹം മറ്റെങ്ങും പോയില്ല. ഒരിക്കൽ ഉവൈസ് റസൂൽ തിരുമേനി(സ)യെ കാണാൻ തന്റെ മാതാവിൽ നിന്ന് സമ്മതം ചോദിച്ചു. മാതാവ് പറഞ്ഞു: ഞാൻ നിനക്ക് സമ്മതം തന്നിരിക്കുന്നു. പക്ഷേ ഒരുകാര്യം നമ്മുടെ പ്രിയപ്പെട്ട റസൂലുള്ള(സ) വീട്ടിൽ ഉണ്ടെങ്കിൽ നീ അവിടെ വെച്ച് അദ്ദേഹത്തെ

കാണുക. വീട്ടിലില്ലെങ്കിൽ നേരെ തിരിച്ച് ഇവിടേക്ക് വരിക. ഉവൈസ് താൻ അഗാധമായി സ്നേഹിക്കുന്ന ആ പ്രേമ ഭാജനത്തിന്റെ തിരുമുഖം ദർശിക്കാൻ മദീനയിലേക്ക് പുറപ്പെട്ടു. യമനിൽ നിന്നും മൂന്നു മാസം കാൽനടയായി സഞ്ചരിച്ച് ഉവൈസുൽ ഖർനി മദീനയിലെത്തി. റസൂൽ തിരുമേനി(സ)യുടെ വസതിയിലെത്തി. കതകിന് മുട്ടി. തന്റെ ഹൃദയാഭിലാഷങ്ങൾ നിറവേറ്റപ്പെടുന്ന ആ അസുലഭമുഹൂർത്തത്തിന് വേണ്ടി ഹൃദയത്തുടിപ്പോടെ കാത്തുനിന്നു. വാതിലിന് മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ആ ചന്ദ്ര ബിംബത്തെ കാണാൻ കൊതിച്ചിരുന്നു. ഹദ്റത്ത് ആയിശ (റ) വാതിൽ തുറന്നു. ഖർനി സ്വയം പരിചയപ്പെടുത്തി. *'ഞാൻ യമനിൽ നിന്ന് വരുന്ന ഉവൈസുൽ ഖർനി എന്നയാളാണ്. റസൂൽ തിരുമേനി(സ)യെ കാണാനാണ് വന്നത്'.* ഉവൈസ് പറഞ്ഞു. അവിടുന്ന് വീട്ടിലില്ലെന്ന മറുപടിയാണ് ഹദ്റത്ത് ആയിശയിൽ നിന്ന് കേട്ടത് നിരാശനായ ഉവൈസുൽ ഖർനി തന്റെ നിരാശയും ദുഃഖവും കടിച്ചമർത്തി പറഞ്ഞു. *'റസൂൽ തിരുമേനി(സ) വന്നാൽ എന്റെ സലാം അറിയിക്കണം. മാതാവിന്റെ ഉപദേശമുള്ളതിനാൽ ഞാൻ നാട്ടിലേക്ക് മടങ്ങുകയാണ്'* റസൂൽ തിരുമേനി(സ) വീട്ടിലില്ലെങ്കിൽ നേരെ സ്വദേശത്തേക്ക് മടങ്ങണം എന്ന മാതാവിന്റെ ഉപദേശം ഉവൈസിക്ക് ഓർമ വന്നു. അദ്ദേഹം റസൂലിനെ കാണാൻ നിൽക്കാതെ യമനിലേക്ക് മടങ്ങി.

റസൂലുള്ള വീട്ടിൽ മടങ്ങിയെത്തിയപ്പോൾ ഉവൈസിയുടെ ആത്മീയ പ്രഭ അദ്ദേഹം അവിടെ അനുഭവിക്കുകയും ഹദ്റത്ത് ആയിശ (റ) നടന്ന കാര്യം അവിടത്തെ അറിയിക്കുകയും ചെയ്തു. വീട്ടിലി ല്ലെങ്കിൽ മറ്റെങ്ങും പോയി താങ്കളെ കാണാൻ മാതാവിന്റെ അനുവാദമില്ലാത്തതിനാൽ അദ്ദേഹം മടങ്ങുകയാണുണ്ടായതെന്ന് ഹദ്റത്ത് ആയിശ(റ) പറഞ്ഞു. അപ്പോൾ റസൂലുള്ള യമനിന്റെ നേരെ നോക്കി പറഞ്ഞു *'നമ്മുടെ സുഹൃത്തിന്റെ സുഗന്ധം നമ്മിലേക്കെത്തുന്നു.'* റസൂൽ തിരുമേനി(സ) അവസാന നാളിലാണ് ഹദ്റത്ത് ഉമറി(റ)നോടും ഹദ്റത്ത് അലി(റ)യോടും ഉവൈസിൽ ഖർനിയെ പറ്റിപറയുന്നത്. എന്നിട്ട് താൻ ധരിച്ച തിരു വസ്ത്രം ഉവൈസിക്ക് നൽകാൻ ഏൽപ്പിക്കുകയും ചെയ്തു. സഹാബാക്കൾ പൊന്നിനേക്കാളും രത്നത്തേക്കാളും വിലമതിക്കുന്ന ഉപഹാരമായി കരുതുന്നതായിരുന്നു അവിടുന്ന് ധരിച്ച് വസ്ത്രങ്ങൾ

ഏതായാലും ഉവൈസുൽ ഖർനിയെപറ്റിയുള്ള അതിശയോക്തി കലർന്നതും ഇതിഹാസസമാനവുമായ ഇത്തരം കഥകൾക്ക് കാരണം റസൂൽ തിരുമേനി (സ) അദ്ദേഹത്തോട് കാണിച്ച സ്നേഹാദരങ്ങൾ തന്നെയാണ്. റസൂൽ തിരുമേനി(സ)യാൽ വളരെയേറെ പുകഴ്ത്തലിന് പാത്രമായ ഭക്തനും പരമസാത്വികനുമായ ഉവൈസിയുടെ ജീവിത വിശുദ്ധിയെ പറ്റി മനസ്സിലാക്കിയ ഉമർ (റ) അദ്ദേഹത്തെ കാണാൻ പ്രത്യേകം താൽപര്യം കാണിക്കുകയും യമനിൽ നിന്നും വരുന്ന ഇസ്ലാമിക സംഘങ്ങളിൽ ഉവൈസ് ഉണ്ടോ എന്ന് അന്വേഷിക്കുകയും ചെയ്യുക പതിവായിരുന്നു. ഒരിക്കൽ ഉമർ റസൂൽ തിരുമേനി(സ) പറഞ്ഞ അടയാളങ്ങൾ കൊണ്ട് ഒരു സേനാവ്യൂഹത്തിൽ ദരിദ്രനായ ഉവൈസിനെ കണ്ടെത്തുകയും റസൂൽ തിരുമേനി (സ) പറഞ്ഞത് പ്രകാരം തനിക്ക് വേണ്ടിയും മുസ്ലിം ഉമ്മത്തിന് വേണ്ടിയും പ്രാർഥിക്കാൻ ഉമർ (റ) ഉവൈസൽ ഖർനിയോട് അപേക്ഷിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം കൂഫയിലേക്ക് പോകുവാൻ ഉദ്ദേശിക്കുന്നു എന്ന തന്റെ ആഗ്രഹം ഉമർ(റ) നോട് പറഞ്ഞപ്പോൾ അവിടുത്തെ ഗവർണർക്ക് വിവരമറിയിക്കാമെന്ന് ഉമർ (റ) പറഞ്ഞു. പക്ഷേ ഉവൈസുൽ ഖർനി അത് നിരസിക്കുകയാണുണ്ടായത്. സാധാരണക്കാരിൽ ഒരുവനായി കഴിയാനാണ് താൻ ഇഷ്ടപ്പെടുന്നതെന്ന് അദ്ദേഹം ഖലീഫയെ അറിയിച്ചു. അദ്ദേഹത്തിന്റെ അന്ത്യത്തെ കുറിച്ച് അഭിപ്രായഭിന്നതകളുണ്ട്. അലി (റ) യുടെ കൂടെ സിഫ്ഫീൻ യുദ്ധത്തിൽ പങ്കെടുക്കുകയും അവിടെ ഹിജ്റ 37ന് ശഹീദാവുകയും ചെയ്തുവെന്നാണ് പ്രബലമായ അഭിപ്രായം. റസൂൽ തിരുമേനി(സ)യെ അഗാധമായി സ്നേഹിക്കുകയും റസൂൽ തിരുമേനി(സ) സ്നേഹപൂർവം സ്മരിക്കുകയും ചെയ്ത യമനിന്റെ സുഗന്ധമായ ഉവൈസുൽ ഖർനിക്കുമേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എന്നുമെന്നും വർഷിക്കുമാറാകട്ടെ.

---

വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുക; (അവന്റെ) ദൂതനേയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും അനുസരിക്കുക. പിന്നെ നിങ്ങൾ ഏതെങ്കിലും കാര്യത്തിൽ അന്യോന്യം ഭിന്നിച്ചാൽ അത് അല്ലാഹുവിങ്കലേക്കും (അവന്റെ) ദൂതങ്കലേക്കും (തീരുമാനത്തിനായി) ഏല്പിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അതാണ് ഏറ്റവും ഉത്തമമായതും ഏറ്റവുംനല്ല ഗുണപര്യവസായിയും.

(വിശുദ്ധ ഖുർആൻ 4:60)

ഭാഗം - 15

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

ഇബ്നു വഫ കോഴിക്കോട്

ശത്രുക്കളായ യുദ്ധത്തടവുകാരെ എല്ലാവരേയും യുദ്ധത്തിനു ശേഷം മദീനയിൽ കൊണ്ടുവന്ന കാര്യം ഞാൻ നിങ്ങളോട് നേരത്തെ പറഞ്ഞുവല്ലോ? അവരെ കൈകാൽ ബന്ധിച്ച നിലയിൽ മസ്ജിദ് നബ്വിയിലാണ് ആദ്യം പാർപ്പിച്ചത്. പിന്നീട് ഓരോ തടവുകാരനേയും അല്ലാഹുവിന്റെ റസൂൽ, അവരോട് ക്രൂരത കാണിക്കരുതെന്നും അവർ ഓടി പോകാതെ ശ്രദ്ധിക്കേണമെന്നുമുള്ള നിർദേശത്തോടെ ഞങ്ങളിൽപ്പെട്ട ഓരോരുത്തരേയും ഏൽപിച്ചു. അനന്തരം ഈ തടവുകാരുടെ സാമ്പത്തിക, സാമൂഹിക, വൈജ്ഞാനിക കഴിവുകളും സ്ഥിതിഗതികളും പരിഗണിച്ചു കൊണ്ട് മോചനമൂല്യം ഈടാക്കി എല്ലാവരേയും മോചിപ്പിച്ച കാര്യവും നിങ്ങളോട് ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നു. ചിലരെ ഭീമമായ മോചനമൂല്യം ഈടാക്കിയും കഴിവില്ലാത്തവരെ യാതൊന്നും തന്നെ ഈടാക്കാതേയും മറ്റ് ചിലരെ മറ്റു ചില വ്യവസ്ഥയിലുമാണ് മോചിപ്പിച്ചത്. യുദ്ധത്തിൽ പിടിക്കപ്പെട്ട റസൂൽ തിരുമേനിയുടെ പിതൃവ്യൻ അബ്ബാസ് ബിൻ അബ്ദുൽ മുത്ത്വലിബിനേയും മറ്റു തടവുകാരോടൊപ്പം കൈകാൽ ബന്ധിച്ച നിലയിൽ മസ്ജിദ് നബ്വിയിൽ തന്നേയാണ് പാർപ്പിച്ചത്. ഇത് കേട്ട നിങ്ങളുടെ മനസ്സിൽ അബ്ബാസിനെ കുറിച്ച്, അദ്ദേഹത്തിന്റെ ഇസ്ലാമിക വിശ്വാസത്തെ കുറിച്ച്, അദ്ദേഹത്തിന് ഇസ്ലാമിനോടുണ്ടായിരുന്ന ആത്മാർത്ഥതയെ കുറിച്ച് പലതരം സംശയങ്ങൾ ഉടലെടുത്തിരിക്കാം. ആയതിനാൽ എന്റെ ഈ ചരിത്ര കഥകൾ ഇനി മുന്നോട്ടു തുടരുന്നതിനു മുമ്പ് അബ്ബാസ് ബിൻ അബ്ദുൽ മുത്ത്വലിബ് ആരായിരുന്നുവെന്നും അദ്ദേഹം ഇസ്ലാമിനു ചെയ്ത സേവനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും നിങ്ങളോട് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

### അബ്ബാസ് ബിൻ അബ്ദിൽ മുത്തലിബ്

റസൂലുല്ലാഹ് (സ) ന്റെ പിതാമഹനായ അബ്ദുൽ മുത്ത്വലിബിന്റെ ഒന്നിൽ കൂടുതൽ ഭാര്യമാരിൽ ജനിച്ച ഏഴ് മക്കളിൽ ഒരാളാണു അബ്ബാസ്. അദ്ദേഹം റസൂലുല്ലാഹ് യുടെ പിതൃവ്യനാണെങ്കിലും, അദ്ദേഹത്തിന്നു റസൂലുല്ലായേക്കാൾ രണ്ട് മൂന്ന് വയസ്സ് മാത്രമേ കൂടുതലുണ്ടായിരുന്നുള്ളൂ. ജാഹിലിയ്യാ കാലം മുതൽ അബ്ബാസ് ബിൻ അബ്ദിൽ മുത്ത്വലിബ് ഖുറൈശികളിൽ പ്രതാപശാലിയും ഗോത്രത്തിൽ വളരെ പ്രധാന സ്ഥാനം അലങ്കരിക്കുകയും ചെയ്തിരുന്ന ഒരാളായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് നതീല ബിൻത്ത് ഖുബാബ് ബിൻ കലീബ് എന്ന മഹിളയാണ് ആദ്യമായി കഅബയെ പട്ടുകൊണ്ടുള്ള മൂടുപടം അണിയിച്ചത്.

അബ്ബാസ് തന്റെ ഭാര്യ ഉമ്മുൽ ഫളിലിനോടൊപ്പം ആദ്യകാലത്ത് തന്നെ പരിപൂർണ ഹൃദയത്തോടെ ഇസ്ലാം സ്വീകരിച്ചിരുന്നു. തന്റെ സഹോദര പുത്രൻ മുഹമ്മദ് ബിൻ അബ്ദുല്ലാഹ്(സ)ക്ക് പൂർണ പിന്തുണയും സഹായവും ഉറപ്പിക്കാൻ വേണ്ടി കൂടിയായിരുന്നു അദ്ദേഹം ഇസ്ലാം സ്വീകരിച്ചത്. എന്നാൽ ഇസ്ലാം മതവിരോധികളാണ് കൂടുതൽ ഉള്ളതെന്നും അവർക്കിടയിൽ നിന്നുകൊണ്ടാണു മുഹമ്മദി (സ) നെ സഹായിക്കേണ്ടതെന്നും അബ്ബാസ് മനസ്സിലാക്കിയപ്പോൾ, തന്റെ ഇസ്ലാംമത വിശ്വാസവും ആചരണവും മറ്റുള്ളവരെ കൂടുതലായി അറിയിച്ചിരുന്നില്ല. അബൂത്വാലിബിന്റെ നിര്യാണ ശേഷം അബ്ബാസിന്റെ വീട് റസൂലുല്ലായുടെ സുരക്ഷിതമായ ഒരു ഇടത്താവളമായിരുന്നു. പന്ത്രണ്ട് മദീനക്കാർ പങ്കെടുത്ത ഒന്നാം അഖബ ബൈഅത്തിനായി (ബൈഅത്ത് അഖബ ഊല) രാത്രി അബ്ബാസ് ബിൻ അബ്ദിൽ മുത്ത്വലിബിന്റെ വീട്ടിൽ നിന്നായിരുന്നു റസൂൽ തിരുമേനി പുറപ്പെട്ടിരുന്നത്. അവിടെ അൻസാർ സഹോദരങ്ങൾക്കൊപ്പം റസൂലുല്ലായുടെ കൈപിടിച്ചു കൊണ്ട് അബ്ബാസും തന്റെ ബൈഅത്ത് പുതുക്കിയിരുന്നു. ആ അവസരത്തിൽ, ഇവിടെ മക്കയിൽ റസൂൽ തികച്ചും അരക്ഷിതാവസ്ഥയിലാണെന്നും ഞങ്ങൾ ബനൂഹാശിം ഗോത്രം വേണ്ട സംരക്ഷണവും സുരക്ഷിതത്വവും നൽകാൻ പരമാവധി ശ്രമിക്കുന്നുണ്ടെന്നും, എന്നാൽ അല്ലാഹുവിന്റെ റസൂലിനെ

നിങ്ങൾ നിങ്ങളുടെ നാട്ടിലേക്ക് കൊണ്ടുപോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും വർദ്ധിക്കുമെന്നും അബ്ബാസ് മദീനയിൽ നിന്നും വന്ന ആ അൻസ്വാർ സഹോദരന്മാരെ ഓർമപ്പെടുത്തിയിരുന്നു. അടുത്ത വർഷം ഹജ്ജ് വേളയിൽ എഴുപത് അൻസ്വാർ സഹോദരന്മാരുടെ രണ്ടാം അഖബാ ബൈഅത്തി (ബൈഅത്ത് അഖബ സാനിയ) ന്റെ അവസരത്തിൽ അർദ്ധരാത്രി അല്ലാഹുവിന്റെ റസൂൽ അബ്ബാസിനോടൊപ്പമാണ് അഖബയിൽ എത്തിയത്. ബൈഅത്തിന് ശേഷം എല്ലാവരും തങ്ങളുടെ താമസസ്ഥലത്തേക്ക് തിരിച്ചുപോകുമ്പോൾ, ഖുറൈശികളുടെ ചാരന്മാർ നാലുഭാഗവും കറങ്ങി നടക്കുന്നുണ്ടെന്നും വളരെ ജാഗ്രത പാലിക്കേണമെന്നും, അവർ ഒരിക്കലും ഈ ബൈഅത്ത് കാര്യം അറിയരുതെന്നും എല്ലാവരേയും ഓർമപ്പെടുത്തിയത്, അബ്ബാസിന്റെ മുസ്‌ലിംകളോടും റസൂലുല്ലാഹ്‌യോടുമുള്ള ആത്മാർത്ഥ സ്നേഹമാണ് കാണിക്കുന്നത്.

വളരെ ചുരുക്കം ചിലരൊഴികെ ഞങ്ങൾ മുസ്‌ലിമീംകളും അല്ലാഹുവിന്റെ റസൂലും മദീനയിലേക്ക് പാലായനം ചെയ്തപ്പോൾ അബ്ബാസ് മക്കയിൽ തന്നെ തങ്ങിയത് റസൂൽ തിരുമേനിയുടെ നിർദേശ പ്രകാരമായിരുന്നുവെന്നത് നിങ്ങളിൽ പലരും മനസ്സിലാക്കിയിരുന്നില്ല. അതുകൊണ്ട് മക്കയിലെ അവിശ്വാസികളായ ഖുറൈശികളുടെ പദ്ധതികളെകുറിച്ചും അവരെടുക്കുന്ന എല്ലാ തീരുമാനങ്ങളെ കുറിച്ചും റസൂലുല്ലാക്ക് തൽസമയം വിവരം നൽകാൻ അബ്ബാസിന് കഴിഞ്ഞു. അതിലൂടെ എല്ലാ പ്രതിരോധ നടപടികളും കൈകൊള്ളാൻ അല്ലാഹുവിന്റെ റസൂലിനും സാധിച്ചു. മാത്രവുമല്ല ചില കാരണങ്ങളാൽ മദീനയിലേക്ക് പാലായനം ചെയ്യാൻ സാധിക്കാതെ മക്കയിൽ തന്നെ തുടരേണ്ടി വന്ന ഏതാനും ചില പാവം മുസ്‌ലിം സഹോദരങ്ങൾക്ക് റസൂൽ തിരുമേനിയുടെ നിർദേശാനുസരണം അബ്ബാസിന്റെ പിന്തുണയും സഹായവും ലഭിച്ചിട്ടുണ്ടായിരുന്നു. മക്ക ഉപേക്ഷിച്ച് മദീനയിലേക്ക് ഹിജ്റത്ത് ചെയ്യാൻ അബ്ബാസ് ബിൻ അബ്ദിൽ മുത്ത്വലിബ് അല്ലാഹുവിന്റെ റസൂലിനോട് പല പ്രാവശ്യം അനുവാദം ചോദിച്ചിരുന്നുവെങ്കിലും, താങ്കളുടെ മക്കാവാസം ദീനിനുവേണ്ടി ചെയ്യുന്ന വലിയൊരു ജിഹാദാണെന്ന് തന്റെ എളാപ്പയെ ഓർമപ്പെടുത്തുകയും മക്കയിൽ തന്നെ തുടരാൻ റസൂലുല്ലാഹ് നിർദേശിക്കുകയുമാണ് ചെയ്തത്. മക്കയിലെ ഖുറൈശികൾ ശഅബ് അബീത്വാലിബിൽ മുസ്‌ലിമീങ്ങളെ മൂന്ന് വർഷത്തോളം തിന്നാനും കുടിക്കാനും ഉടുക്കാനും ഇല്ലാത്ത അവസ്ഥയിൽ വലയം ചെയ്യുകയും, അബൂലഹബിനെ പോലുള്ള ഇസ്‌ലാമിന്റെ ബദ്ധവൈരികൾ മുസ്‌ലിമീംകളെ നിഷ്കരുണം തള്ളിപ്പറയുകയും ചെയ്ത നിസ്സഹായാവസ്ഥയിൽ മുസ്‌ലിമീംകൾക്ക് പരസ്യമായും രഹസ്യമായും സാധിക്കുന്ന എല്ലാ പിന്തുണയും സഹായവും നൽകിയത് അബ്ബാസ് ബിൻ അബ്ദിൽ മുത്ത്വലിബായിരുന്നു.

ബദർ യുദ്ധവേളയിൽ അബ്ബാസും ബനൂഹാശിമിലെ പലരും ആദ്യം ശത്രുസൈന്യത്തിൽ ഭാഗഭാക്കായിരുന്നില്ല. ഖുറൈശികളുടെ പ്രസ്തുത സൈന്യം മക്കയിൽ നിന്ന് ബദർ ലക്ഷ്യമാക്കി പുറപ്പെട്ടു. കുറെ ഏറെ മുന്നോട്ട് എത്തിയപ്പോൾ, ബനൂ ഹാശിം ഗോത്രത്തിൽപെട്ടവർ ഈ യുദ്ധത്തിൽ പങ്കെടുക്കുകയില്ലെങ്കിൽ യുദ്ധം ജയിച്ചാലും പരാജയപ്പെട്ടാലും കോട്ടവും നഷ്ടവും നിങ്ങൾക്ക് തന്നെ ആയിരിക്കും ഉണ്ടാവുക എന്ന് അബൂജഹൽ കൂടെ ഉള്ളവരെ ഓർമപ്പെടുത്തുകയും അതുകൊണ്ട് അവരെ നിർബന്ധിച്ചായാലും ശരി നമ്മുടെ സൈന്യത്തിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെന്നു തറപ്പിച്ചു പറയുകയും ചെയ്തു. അബൂജഹലിന്റെ ഈ ദു:ശ്ശാഠ്യം കാരണം കുറച്ച് പേർ മക്കയിലേക്ക് തിരിച്ച് പോയി ബനൂഹാശിമിലെ അബ്ബാസ്, അഖീൽ, ത്വാലിബ്, നൗഫൽ എന്നിവരെ നിർബ്ബന്ധിച്ച് കൂട്ടികൊണ്ടു വന്നു സൈന്യത്തിൽ ചേർക്കുകയാണ് ചെയ്തത്. അല്ലാതെ അബ്ബാസും കൂട്ടരും സ്വമേധയാ മുസ്‌ലിമീംകളോട് യുദ്ധം ചെയ്യുവാനായി ശത്രുപക്ഷത്ത് ചേർന്നിരുന്നില്ല. മക്കയിൽ നിന്നു ബദറിലേക്ക് പോയിരുന്നുമില്ല.

ബദറിൽ വെച്ച് അല്ലാഹുവിന്റെ റസൂലിന് അബ്ബാസിനേയും മറ്റുള്ളവരേയും അബൂജഹലും കൂട്ടരും നിർബന്ധിച്ചു ശത്രുസൈന്യത്തിൽ ചേർത്ത വാർത്ത ലഭിച്ചപ്പോൾ തിരുമേനി വളരെയധികം ചിന്താകുലനായി. മുസ്‌ലിമീംകളോട് യുദ്ധം ചെയ്യാൻ ആലോചിക്കാൻ കൂടി സാധിക്കാത്ത അബ്ബാസും കൂടെയുള്ളവരും യുദ്ധാരവത്തിലും കോലാഹലത്തിലും പെട്ട് മുസ്‌ലിമീംകളുടെ കൈകളാൽ വധിക്കപ്പെട്ടേക്കുമോ എന്ന ചിന്ത അല്ലാഹുവിന്റെ റസൂലിനെ മാനസികമായി വല്ലാതെ തളർത്തി. ആ ഉത്കണ്ഠയിൽ തിരുമേനി (സ) അവർക്ക് വേണ്ടി, അവരുടെ സുരക്ഷിതത്വത്തിനു വേണ്ടി അല്ലാഹുവിനോട് വളരെ ദയനീയമായി ദുആ ചെയ്തു കൊണ്ടിരുന്നു. ഒരു വേള നമ്മെ സഹായിക്കുകയും നമ്മോട് യുദ്ധം ചെയ്യാൻ ആഗ്രഹിക്കാത്തവരും ഇവിടെ ശത്രുപക്ഷത്തുണ്ടെന്നും അവരെ ദ്രോഹിക്കരുതെന്നും റസൂലുല്ലാഹ് ഞങ്ങളെ ഓർമപ്പെടുത്തിയതു, ഈ കാര്യം മുൻനിർത്തിയാണ്. പിന്നീട് യുദ്ധത്തിൽ ഉബൈദിബ്നു ഔസ് അൻസ്വാരി, അബ്ബാസ് ബിൻ അബ്ദിൽ മുത്ത്വലിബിനേയും അഖീൽ ബിൻ അബൂത്വാലിബിനേയും കീഴടക്കിയതറിഞ്ഞപ്പോൾ അല്ലാഹുവിന്റെ റസൂൽ വളരെയധികം ആശ്വാസം പ്രകടിപ്പിക്കുകയും ഇവരെ യാതൊരു ഏറ്റുമുട്ടലും പരിക്കുകളും കൂടാതെ പിടികൂടുവാൻ അല്ലാഹുവിന്റെ മലക്കുകളാണ് നിന്നെ സഹായിച്ചതെന്ന് ഉബൈദിബ്നു ഔസ്

അൻസ്വാരിയോട് റസൂലുല്ലാഹ് (സ) പറയുകയും ചെയ്തിരുന്നു.

മുസ്‌ലിം സൈന്യത്താൽ പിടിക്കപ്പെട്ട അബ്ബാസിനേയും മറ്റു തടവുക്കാരേയും മദീനയിൽ കൊണ്ടു വന്നു. അബ്ബാസിനോട് യാതൊരുവിധ മൃദുലസമീപനവും കാണിച്ചില്ല. കാരണം അതു ശത്രുക്കളിൽ സംശയമുണർത്തും. ഭാവിയിലും മക്കയിൽ ചെന്ന് ഇസ്‌ലാമിന്റെ താൽപര്യങ്ങൾക്ക നുസൃതമായി അബ്ബാസിന് പഴയതു പോലെ ദീനിസേവനങ്ങൾ കാഴ്ച വെക്കാനുള്ളതാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ ഇസ്‌ലാമികവിശ്വാസവും കൂറും ഭക്തിയും സ്നേഹവും ആത്മാർത്ഥതയും അവിശ്വാസികളിൽ നിന്ന് മറച്ചു വെക്കേണ്ടത് ഒഴിച്ച് കൂടാനാവാത്തതാണ്. അതിന് മറ്റു തടവുകാരോടെന്ന പോലെ അബ്ബാസിനോടും പെരുമാറിയേ പറ്റൂ. അതുകൊണ്ട് അദ്ദേഹത്തിന് യാതൊരു പരിഗണനയും നൽകപ്പെടാൻ നിർവാഹമില്ല. അബ്ബാസിനേയും മറ്റു തടവുകാരോടൊപ്പം കയറു കൊണ്ട് കൈകാൽ ബന്ധിച്ച് മസ്ജിദ് നബവിയിൽ പാർപ്പിച്ചു. അല്ലാഹുവിന്റെ റസൂലിന്ന് തന്റെ സ്നേഹനിധിയും മുസ്‌ലിമും മുഅ്മിനുമായ എളാപ്പയുടെ ഈ ദുരവസ്ഥ കണ്ടുനിൽക്കാൻ വളരെ പ്രയാസമായിരുന്നു. രാത്രി ഉറക്കം വരാതെ അബ്ബാസ് ഞരങ്ങുകയാണ്. അബ്ബാസിന്റെ ഞരക്കം തിരുമേനിയെ വല്ലാതെ വേദനിപ്പിച്ചു കൊണ്ടിരുന്നു. തിരുമേനി ആ മാനസിക വ്യഥയിൽ ഉറക്കം കിട്ടാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. കാര്യം മനസ്സിലാക്കിയ ഞങ്ങൾ വരിഞ്ഞു മുറുക്കിയ അബ്ബാസിന്റെ കെട്ടിന്റെ മുറുക്കം കുറച്ചു. കെട്ട് അയച്ചു കെട്ടി. അത് അദ്ദേഹത്തിന്ന് ആശ്വാസമേകുകയും അദ്ദേഹം താമസിയാതെ ഉറങ്ങുകയും ചെയ്തു. അബ്ബാസിന്റെ ഞരക്കം കേൾക്കാതായപ്പോൾ അബ്ബാസ് ബോധരഹിതനായിപ്പോയി എന്ന് കരുതി റസൂലുല്ലാഹ് പെട്ടെന്ന് ചാടി എഴുന്നേറ്റു. ഞങ്ങളോട് കാര്യം തിരക്കി. അബ്ബാസിന്റെ ഞരക്കവും വിഷമവും കാരണം അങ്ങേക്ക് ഉറങ്ങാൻ സാധിക്കുന്നില്ലെന്ന് മനസ്സിലാക്കിയ ഞങ്ങൾ അബ്ബാസിന്റെ കെട്ട് അയച്ചതുകൊണ്ട് അദ്ദേഹം ഉറങ്ങിയതായി തിരുമേനിയെ അറിയിച്ചു. നീതിമാന്മാരിൽ ഏറ്റവും വലിയ നീതിമാനായ റഹ്മത്തുല്ലിൽ ആലമീനായ റസൂൽ തിരുമേനി (സ) പറഞ്ഞു, പാടില്ല. ഇതനീതിയാണ്. ഇതന്യായമാണ്. അബ്ബാസ് എന്റെ ബന്ധുവാണെങ്കിൽ, അദ്ദേഹം എന്റെ എളാപ്പയാണെങ്കിൽ ഇവിടെ തടവിലാക്കപ്പെട്ട എല്ലാവരും പലരുടേയും ബന്ധുക്കളാണ്. അതുകൊണ്ട് കെട്ട് അയച്ചുകെട്ടുകയാണെങ്കിൽ എല്ലാ തടവുക്കാരുടേയും കെട്ട് അയച്ചു കെട്ടണം. അല്ലെങ്കിൽ അബ്ബാസിന്റെ കെട്ട് പൂർവസ്ഥിതിലാക്കണം. അങ്ങനെ ഞങ്ങൾ എല്ലാവരുടേയും കെട്ടിന്റെ മുറുക്കം കുറച്ചു. എല്ലാവരുടേയും കെട്ട് അയച്ചു കെട്ടി.

മോചനമൂല്യത്തിന്റെ കാര്യത്തിലും അബ്ബാസിന് യാതൊരു പരിഗണനയും നൽകപ്പെട്ടില്ല. അബ്ബാസിന് 4000 ദിർഹമിന് തുല്യമായ 20 ഊക്കിയ തൂക്കം സ്വർണമാണ് മോചനമൂല്യം നിശ്ചയിക്കപ്പെട്ടത്. ഇതൽപം ഭാരിച്ചതാണെങ്കിലും ഇതും റസൂലുല്ലായുടെ വളരെ യുക്തിപൂർവവും വിവേകപൂർവവുമായ നടപടിയായിരുന്നു. ഇതു അബ്ബാസിനോട് പറയപ്പെട്ടപ്പോൾ വളരെ ആശ്ചര്യത്തോടെ അബ്ബാസ് തിരുമേനിയോട് പറഞ്ഞു, യാ റസൂലല്ലാഹ് ഞാൻ സത്യഹൃദയത്തോടും കൂടി ഇസ്‌ലാം സ്വീകരിച്ചവനാണ്. ശത്രുക്കൾ യുദ്ധത്തിൽ എന്നെ നിർബന്ധിച്ച് ഉൾപ്പെടുത്തിയതാണ്. സ്വന്തം ഇഷ്ടത്താൽ ഞാനവരോടൊപ്പം ചേർന്നിട്ടില്ല. എന്നിട്ടും മോചനമൂല്യം ഇത്ര ഭാരിച്ചതോ? അല്ലാഹുവിന്റെ റസൂൽ പറഞ്ഞു, "അല്ലാഹു താങ്കളുടെ ഹൃദയത്തിലുള്ള ഇസ്‌ലാമിനെ നന്നായി അറിയുന്നവനാണ്. ഇതു സത്യവും യഥാർഥവുമാണെങ്കിൽ അല്ലാഹു ഇതിന് പകരം, തീർച്ചയായും ഏറ്റവും അനുയോജ്യവും അതിമഹത്തായതുമായ പ്രതിഫലം അങ്ങേക്ക് ഈ ലോകത്ത് വെച്ച് തന്നെ നൽകുന്നതാണ്. ഞാൻ ബാഹ്യനിലപാട് പരിഗണിച്ച് കൊണ്ടാണ് ഈ തീരുമാനമെടുത്തത്. തന്റെ എളാപ്പ യഥാർഥ മുഅ്മിനാണെന്നും മുസ്‌ലിമീങ്ങളുടെ സഹായിയാണെന്നും അല്ലാഹുവിന്റെ റസൂലിന് നന്നായി അറിയാവുന്ന കാര്യമാണ്. പക്ഷേ അബ്ബാസ് പിടിക്കപ്പെട്ടത് ശത്രുപക്ഷത്തു നിന്നായതു കൊണ്ട് എല്ലാ നടപടിയും ആ ബാഹ്യനില പരിഗണിച്ചാണ് ചെയ്തത്. എന്തൊരു നീതിമാൻ, എന്തൊരു നീതിമാനായ റസൂൽ. സുബ്ഹാനല്ലാഹ്. അബ്ബാസ് നമ്മുടെ സഹോദരനാണെന്നും അതുകൊണ്ട് മോചനമൂല്യമില്ലാതെ അബ്ബാസിനെ മോചിപ്പിക്കണമെന്നും ഞങ്ങളോടൊപ്പമുണ്ടായിരുന്ന ചിലർ ആഗ്രഹം പ്രകടിപ്പിച്ചുവെങ്കിലും അല്ലാഹുവിന്റെ റസൂൽ വിസമ്മതിക്കുകയാണ് ചെയ്തത്. തന്റെ പിതൃവ്യനാണെന്ന ഒരാനുകൂല്യവും ഈ കാര്യത്തിൽ തിരുമേനി നൽകിയില്ല. ആ രീതിയിലുള്ള ഒരു മൃദുല സമീപനവും അബ്ബാസ് ബിൻ അബ്ദിൽ മുത്ത്വലിബെന്ന ഇസ്‌ലാമിന്റെ അഭ്യുദയകാംക്ഷിയോട് കാണിച്ചില്ല. എന്നിട്ടും അബ്ബാസ് ഒരണുപോലും ഈ കാര്യത്തിൽ അതൃപ്തി പ്രകടിപ്പിക്കുകയോ പരാതി പറയുകയോ ചെയ്തില്ലെന്ന് മാത്രമല്ല റസൂലുല്ലായുടെ എല്ലാ തീരുമാനങ്ങളും വളരെ സന്തോഷപൂർവം അനുസരണയോടെ ശിരസ്സാവഹിച്ചു.

റസൂൽ തിരുമേനി(സ) അബ്ബാസിനോട് വളരെയധികം സ്നേഹവും ബഹുമാനവും ആദരവും കാണിച്ചിരുന്നു. അബ്ബാസ് എന്റെ കുടുംബത്തിലെ പൂർവികരിൽപ്പെട്ട ആളാണെന്നും, അബ്ബാസിനെ ഏതെങ്കിലും കാര്യത്തിൽ വേദനിപ്പിക്കുന്നത് എന്നെ വേദനിപ്പിക്കുന്നത് പോലെയാണെന്നും, പിതൃവ്യൻ പിതാവിന് തുല്യമാണെന്നും അല്ലാഹുവിന്റെ റസൂൽ

പറയാറുണ്ടായിരുന്നു. റസൂൽ തിരുമേനി അബ്ബാസിനോട് കാണിച്ചിരുന്ന സ്നേഹവും ആദരവും കാരണം ഞങ്ങൾ പല കാര്യങ്ങളിലും അബ്ബാസിനോട് അഭിപ്രായം ചോദിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നു.

മക്ക വിജയാവസരത്തിൽ ഞങ്ങൾ അല്ലാഹുവിന്റെ റസൂലിനോടൊപ്പം മദീനയിൽ നിന്ന് പുറപ്പെട്ടു. ഞങ്ങളെ സ്വീകരിക്കാനായി മക്കയുടെ അടുത്ത പ്രദേശമായ ''ജഹ്ഫ'' യിൽ അബ്ബാസ് ബിൻ അബ്ദിൽ മുത്തലിബ് എത്തിയിരുന്നു. തന്റെ പിതൃവ്യനെ കണ്ടപ്പാൾ, അല്ലാഹുവിന്റെ റസൂൽ വളരെ ഏറെ സന്തോഷം പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു, യാ അമ്മി, ഇന്നക ഖാത്തമുൽ മുഹാജിരീൻ ഫിൽ ഹിജ്റത്തി കമാ അന ഖാത്തമുന്നബിയ്യീൻ ഫിന്നുബുവ്വ. എന്റെ എളാപ്പാ, ഞാൻ നുബുവ്വത്തിന്റെ കാര്യത്തിൽ ഖാത്തമുന്നബിയ്യീൻ (ശ്രേഷ്ഠ പ്രവാചകൻ) ആയതു പോലെ താങ്കൾ ഹിജ്റത്ത് കാര്യത്തിൽ ശ്രേഷ്ഠനായ മുഹാജിറാണ്. എത്ര വലിയ ശ്രേഷ്ഠതയാണു റസൂൽ തന്റെ ബാഹ്യമായി അതുവരെ ഹിജ്റത്ത് ചെയ്തിട്ടില്ലാത്ത പിതൃവ്യന്നു നൽകിയത്.

അല്ലാഹു താങ്കളുടെ ഹൃദയത്തിലുള്ള ഇസ്ലാമിനെ നന്നായി അറിയുന്നവനാണെന്നും ഇത് സത്യവും യഥാർഥവുമാണെങ്കിൽ അല്ലാഹു ഈ മോചനമൂല്യത്തിനു പകരം അതിമഹത്തായ അനുഗ്രഹങ്ങൾ നൽകുന്നതാണെന്നും റസൂൽ (സ) അബ്ബാസിനോട് പറഞ്ഞതു പ്രകാരം അബ്ബാസിന് ബാഹ്യവും ആന്തരീകവുമായ എല്ലാ അനുഗ്രഹങ്ങളും അല്ലാഹു നൽകുകയുണ്ടായി. അല്ലാഹു തിരുനബിയെ സംബോധന ചെയ്ത് കൊണ്ട് പറഞ്ഞു, ഓ നബി, നിങ്ങളുടെ അധീനതയിലുള്ള യുദ്ധത്തടവുകാരോട് പറയുക, നിങ്ങളുടെ ഹൃദയങ്ങളിലെന്തെങ്കിലും നന്മയുണ്ടെന്ന് അല്ലാഹു അറിയുന്നപക്ഷം നിങ്ങളിൽ നിന്ന് പിടിച്ചെടുക്കപ്പെട്ട (മോചനമൂല്യം) തിനേക്കാൾ ഉത്തമമായത് അവൻ നിങ്ങൾക്ക് തരുന്നതാണ്. അവൻ നിങ്ങൾക്ക് പൊറുത്തു തരികയും ചെയ്യും. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.(ഖുർആൻ 8:71) ഈ ആയത്തിനെ കുറിച്ച് അബ്ബാസ് തന്നെ പറയുകയാണ്, എന്നിൽ നിന്ന് ഈടാക്കിയ മോചനമൂല്യത്തിന് പകരം അല്ലാഹു എനിക്ക് നൽകിയ അനുഗ്രഹങ്ങളും ഭൗതീക സമ്പത്തുകളും അളവറ്റതും സമാനതകളില്ലാത്തതുമാണ്. അത്രയധികം അല്ലാഹു എനിക്ക് വാരി ക്കോരി നൽകിയിട്ടുണ്ട്. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാണെന്ന് പറഞ്ഞ ആ വാഗ്ദാനം മാത്രമേ ഇനി എനിക്ക് ലഭിക്കുവാനുള്ളൂ. ഇനി ഞാൻ അത് മാത്രമേ കാംക്ഷിക്കുന്നുള്ളൂ.

## വീണ്ടും യുദ്ധമേഘങ്ങൾ നിഴൽ വിരിക്കുന്നു

ബദർ യുദ്ധത്തിന് ശേഷം ഖുറൈശി തലവന്മാർ കഅബയുടെ മൂടുപടം കയ്യിലേന്തി ആണയിട്ടു കൊണ്ടു പറഞ്ഞു, 'ഞങ്ങളിതിന് പകരം ചെയ്യും, യുദ്ധത്തിൽ ഞങ്ങൾക്കുണ്ടായ നഷ്ടത്തിന് തീർച്ചയായും ഞങ്ങൾ പ്രതികാരം ചെയ്യും'. അവരുടെ ആ ശപഥത്തിന്റെ ബഹിർപ്രകടനമായിരുന്നു തുടരെ തുടരെ അവർ നടത്തിയ ആറ് പടയോട്ടങ്ങൾ. അഞ്ച് ഗസ്വയും ഒരു സരിഅയും. ആ എല്ലാ കാര്യങ്ങളും നിങ്ങളോട് ഞാൻ വിശദീകരിച്ചു പറഞ്ഞിട്ടുണ്ട്. അബൂ സുഫിയാൻ നടത്തിയ പടയോട്ടവും (ഗസ്വ സുവീഖ്) അറബികളുടെ മുന്നിൽ തന്റെ മുഖം രക്ഷിക്കാനുള്ള ഒരു വിഫലശ്രമമായിരുന്നു. മുസ്ലിമീംകളോട് പ്രതികാരം ചെയ്യുന്നതുവരെ ഞാൻ ഭാര്യയെ സമീപിക്കുകയോ, തലയിൽ എണ്ണ തേക്കുകയോ ചെയ്യില്ല എന്നതായിരുന്നു അയാളുടെ ശപഥം. അതു പൂർത്തിയാക്കിയതായി അയാൾക്ക് മറ്റുള്ളവരെ കാണിക്കണം. അതിനായി അയാൾ പല കോപ്രായങ്ങളും കാണിച്ചു. പക്ഷേ അതുകൊണ്ടൊന്നും മുസ്ലിമീംകൾക്ക് നേട്ടമല്ലാതെ യാതൊരു കോട്ടവുമുണ്ടായില്ല. അതിലൂടെ സ്വന്തം മുഖത്ത് തന്നെയായിരുന്നു അയാൾ കരിവാരിത്തേച്ചത് എന്ന് എല്ലാവരും മനസ്സിലാക്കുകയും ചെയ്തിരുന്നു. മുസ്ലിമീംകളിൽ നിന്നുള്ള തിരിച്ചടികളെല്ലാം തന്നെ ഈ അവിശ്വാസികളെ കൂടുതൽ കൂടുതൽ പ്രകോപിതരാക്കുകയാണു ചെയ്തത്. അതേ തുടർന്നു അവർ മറ്റു ഗോത്രങ്ങളെ കൂടി മുസ്ലിമീംകൾക്കെതിരിൽ അണിനിരത്താൻ തുടങ്ങി.

അബൂ സുഫിയാൻ നയിച്ച ഒരു വൻ കച്ചവട സംഘത്തെ തടയണം എന്ന ഉദ്ദേശത്തോടെയാണല്ലോ അന്നു മുസ്ലിമീംകൾ മദീനയിൽ നിന്നും പുറപ്പെട്ടത്. അത് ബദർ യുദ്ധത്തിൽ കലാശിച്ചു. പ്രസ്തുത കച്ചവടത്തിൽ മക്കയിലെ ചെറിയവരും വലിയവരും സ്ത്രീകളും പുരുഷന്മാരും തങ്ങളാലാവുന്ന പണം നിക്ഷേപിച്ചിട്ടുണ്ടായിരുന്ന കാര്യവും ഞാൻ നിങ്ങളോട് പറഞ്ഞതു നിങ്ങൾക്കു ഓർമയുണ്ടായിരിക്കുമല്ലോ? അതിൽ നിന്നുള്ള ലാഭം കൊണ്ട് മുസ്ലിമീംകൾക്കെതിരിൽ ഒരു വൻസൈന്യത്തെ ഒരുക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അതോടെ മുസ്ലിമീംകൾ ഈ ഭൂമുഖത്ത് നിന്ന് തുടച്ചു നീക്കപ്പെടണം. പ്രസ്തുത കച്ചവടത്തിൽ നിന്നും ചില്ലറ ലാഭമൊന്നുമായിരുന്നില്ല ലഭിച്ചതു. അവർക്കന്ന് ആ കച്ചവടത്തിൽ നിന്നും അമ്പതിനായിരം ദീനാർ ലഭിച്ചിട്ടുണ്ടായിരുന്നു. പക്ഷേ മുസ്ലിമീംകൾക്കെതിരിൽ ആ സംഖ്യ കൊണ്ടുള്ള പദ്ധതി തയ്യാറാക്കുന്നതിന് മുൻപ് തന്നെ അവരുടെ അഹങ്കാരം നിമിത്തം യുദ്ധം ആരംഭിച്ചു പോയി. അതുകാരണം, ലാഭം കിട്ടിയ സംഖ്യ നേതാക്കളുടെ സംയുക്ത തീരുമാനമനുസരിച്ചു മക്കയിൽ തന്നെയുള്ള അവരുടെ സാംസ്കാരിക കേന്ദ്രമായ ദാറുന്നദ്‌വയിൽ സൂക്ഷിച്ചു

വെക്കുകയാണ് അവർ ചെയ്തത്,

ദീർഘദർശിയും ദീർഘ വീക്ഷണവുമുള്ള അല്ലാഹുവിന്റെ റസൂൽ തന്റെ പിതൃവ്യൻ അബ്ബാസ് ബിൻ അബ്ദിൽ മുത്തലിബിനെ മക്കക്കാരുടെ എല്ലാ നീക്കങ്ങളും സസൂക്ഷ്മം നിരീക്ഷിച്ചു കൊണ്ട് വിവരം നൽകാൻ വേണ്ടിയാണ് മക്കയിൽ നിർത്തിയിരിക്കുന്നത്. ബദർ യുദ്ധത്തിനു മുമ്പും അതിനു ശേഷവും മക്കയിൽ നിന്നുള്ള എല്ലാ വിവരങ്ങളും റസൂലുല്ലാക്ക് നൽകിയിരുന്നത് അബ്ബാസ് ബിൻ അബ്ദുൽ മുത്തലിബ് തന്നെയായിരുന്നു. അല്ലായിരുന്നുവെങ്കിൽ ശത്രുക്കൾ മദീനയിൽ വന്നു ഞങ്ങളുടെ വീടിന്റെ വാതിലിൽ മുട്ടുമ്പോഴായിരിക്കും അവരുടെ സാന്നിദ്ധ്യം ഞങ്ങൾ അറിയുന്നത്.

## ഖുറൈശികൾ അന്തിമ തീരുമാനത്തോടെ ഉഹ്ദിലേക്ക്

പെട്ടെന്നൊരു ദിവസം ശത്രുക്കൾ മക്കയിൽ ഒരു വൻ യുദ്ധത്തിനുള്ള ഒരുക്കം കൂട്ടുന്നതായി അബ്ബാസിനു മനസ്സിലായി. അതിനായി ദാറുന്നദ്വയിൽ സൂക്ഷിച്ചിരുന്ന അമ്പതിനായിരം ദീനാർ പിൻവലിച്ചതായും അബ്ബാസ് അറിഞ്ഞു. അബ്ബാസ് പിന്നെ ഒട്ടും താമസിച്ചില്ല. ഉടൻ തന്നെ റസൂലുല്ലാക്ക് ഒരു കത്തെഴുതി. ബനൂ ഗഫ്ഫാർ ഗോത്രത്തിലെ ഒരു പ്രത്യേക ദൂതൻ വശം ആ കത്ത് മൂന്ന് ദിവസം കൊണ്ട് തന്നെ റസൂലുല്ലാക്ക് എത്തിക്കേണമെന്ന ശക്തമായ താക്കീതോടു കൂടി മദീനയിലേക്ക് അയച്ചു. അതിനയാൾക്കുള്ള പ്രതിഫലം നൽകുകയും ചെയ്തു. പറഞ്ഞതുപോലെ മൂന്നാം ദിവസം തന്നെ ദൂതൻ റസൂലുല്ലായുടെ അടുക്കൽ എത്തി, കത്ത് കൊടുത്തു. തിരുമേനി ഉടൻ തന്നെ തന്റെ സ്ഥിരം കാതിബ് ആയ (കാതിബ് എഴുതുന്ന ആൾ) അബീ ബിൻ കഅബിനെ വിളിച്ചു കത്ത് വായിക്കാൻ പറഞ്ഞു. മൂവായിരം പേരടങ്ങുന്ന ഒരു വൻ സൈന്യവ്യൂഹം മക്കയിൽ നിന്നും മദീനയെ ലക്ഷ്യമാക്കി നീങ്ങാൻ തയ്യാറായി നിൽക്കുന്ന വാർത്തയാണ് കത്തിലുള്ളത്. ഞെട്ടിക്കുന്ന ഈ വാർത്ത പുറത്താരോടും പറയരുതെന്ന് അബീ ബിൻ കഅബിനെ അല്ലാഹുവിന്റെ റസൂൽ താക്കീത് ചെയ്തു.

ഹിജ്റ മൂന്നാം വർഷം ശവ്വാൽ മാസത്തിന്റെ ആരംഭത്തിൽ, അതായത് ബദർ യുദ്ധത്തിന് ഒരു വർഷത്തിന് ശേഷം, ശത്രുക്കൾ മുഴുവൻ ഒരുക്കത്തോടും സജ്ജീകരണങ്ങളോടും കൂടി ബദർ യുദ്ധത്തിന് പ്രതികാരം ചെയ്യുവാനായി മക്കയിൽ നിന്ന് പുറപ്പെട്ടു. വിവിധ ഗോത്ര നേതാക്കളുടെ നേതൃത്വത്തിൽ ധാരാളം വില്ലാളി വീരന്മാരായ യോദ്ധാക്കളും സൈന്യത്തിലുണ്ടായിരുന്നു. സർവസൈന്യാധിപൻ അബൂ സുഫിയാനാണ്. മൂവായിരം ഒട്ടകങ്ങളും ഇരുന്നൂറ് കുതിരകളുമുള്ള ആ സൈന്യത്തിൽ എഴുന്നൂറോളം പേർ ലോഹപോർച്ചട്ട അണിഞ്ഞവരാണ്. യുദ്ധസാധനസമഗ്രികകൾ വേണ്ടുവോളമുണ്ട്. ധാരാളം സ്ത്രീകളും ഈ സൈന്യത്തോടൊപ്പമുണ്ടെന്നതും ഒരു പ്രത്യേകതയാണ്. അബൂ സുഫിയാന്റെ ഭാര്യ ഹിന്ദ, ഇക്രിമ ബിൻ അബീ ജഹൽ, സഫ്വാൻ ബിൻ ഉമയ്യ, ഖാലിദ് ബിൻ വലീദ്, ഉമറിബ്നുൽ ആസ് തുടങ്ങിയവരുടെ ഭാര്യമാരും ഹിജ്റത്തിന് മുമ്പ് രണ്ടാം അഖബ (ബൈഅത്ത് അഖബ സാനിയ) ബൈഅത്തിന് ശേഷം മദീനക്കാർ ആവശ്യപ്പെട്ടതനുസരിച്ചു അവിടേക്ക് അയക്കപ്പെട്ട ആദ്യ മുബല്ലിഗ് മസ്അബ് ബിൻ ഉമൈറിന്റെ അവിശ്വാസിനിയും ഇസ്ലാമിന്റെ കഠിനവിരോധിയുമായ മാതാവും സൈന്യത്തോടൊപ്പം പുറപ്പെട്ടിട്ടുണ്ട്. ധീരതയുടേയും ശൂരതയുടേയും ഗാനമാലപിച്ച്, ദഫ്ഫ് മുട്ടി ആടികൊണ്ട്, പുരുഷന്മാരിൽ യുദ്ധവീര്യവും അത്യാവേശവും ജനിപ്പിക്കുവാനായിട്ടാണ് ഈ സ്ത്രീകൾ കൂടെ വന്നിരിക്കുന്നത്. അതിനായി വാദ്യോപകരണങ്ങളും അവർ കൂടെ കരുതിയിട്ടുണ്ട്. ഇവരെ കൂടാതെ ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെട്ട ചിലരുടെ വിധവകളും ഇവരൊടൊപ്പം പുരുഷന്മാരിൽ യുദ്ധാവേശം പകരാൻ എത്തീട്ടുണ്ട്. 10, 11 ദിവസത്തെ മരുഭൂമിയിലൂടെയുള്ള സുദീർഘമായ യാത്രക്കൊടുവിൽ മക്കക്കാരുടെ ഈ സൈന്യം മദീനക്ക് മൂന്ന് മൈൽ അകലെ വടക്ക് ഭാഗത്തു ഉഹ്ദ് മലക്കു സമീപമുള്ള 'അരീസ്' എന്ന പ്രദേശത്തു വന്നു താവളമടിച്ചു. ഇതൊരു പച്ച പുൽമൈതാനമാണ്. മുസ്ലിമീംകളുടെ വളർത്തുമൃഗങ്ങൾ മേഞ്ഞിരുന്ന മേച്ചിൻ പുറം. കുറച്ചു കൃഷി ഇടവും ഇവിടെ ഉണ്ട്. അവർ എത്തിയതു മുതൽ അവരവിടെ താന്തൊന്നിത്തവും തോന്ന്യവാസവും കാണിച്ചു കൊണ്ടിരിക്കുകയാണ്. നാശനഷ്ടങ്ങളും ഉണ്ടാക്കികൊണ്ടിരിക്കുന്നുണ്ട്.

ശത്രുക്കൾ നമ്മുടെ വളരെ സമീപം എത്തിയ വിവരം അല്ലാഹുവിന്റെ റസൂലിന് ലഭിച്ചപ്പോൾ അവരുടെ ശക്തിയും വലുപ്പവും നിജസ്ഥിതിയും അറിയുന്നതിനായി നമ്മുടെ ഒരു സഹോദൻ ഹുബാബ് ബിൻ മുൻസിറിനെ അവരുടെ സൈന്യം താവളമടിച്ച ഭാഗത്തേക്കു അയച്ചു. ഹുബാബ് പോകുന്നതിന് മുമ്പ് റസൂലുല്ലാഹ് ഒരു കാര്യം പ്രത്യേകം ഓർമപ്പെടുത്തി. ശത്രുക്കൾ എണ്ണത്തിലും ശക്തിയിലും വളരെ വലുതും മുസ്ലിമീംകൾക്ക് അതീവ ഭീഷണിയുമാണെന്നു തോന്നുന്നുവെങ്കിൽ ആ കാര്യം മറ്റുള്ളവരുടെ മുന്നിൽ വെച്ചു പരസ്യമായി പറയാതെ, എന്നെ രഹസ്യമായി അറിയിച്ചാൽ മതി. അല്ലാത്തപക്ഷം അതു നമ്മുടെ സഹോദരന്മാരുടെ മനസ്സിൽ ഭീതിയും സംഭ്രമവും ഉളവാക്കും. ഹുബാബ് ചെന്നു. വളരെ സമർഥമായി കാര്യങ്ങൾ മനസ്സിലാക്കി. അൽപസമയം കൊണ്ട് തന്നെ തിരിച്ചെത്തി. എല്ലാ വിവരങ്ങളും റസൂൽ തിരുമേനിയെ വിശദമായി അറിയിക്കുകയും ചെയ്തു. ശത്രുക്കളുടെ സാന്നിധ്യം മദീനാവാസികൾ എല്ലാവരും അറിഞ്ഞു.

അന്നൊരു വ്യാഴാഴ്ച ദിവസമായിരുന്നു. ഞങ്ങളാരും അന്ന് ഉറങ്ങിയില്ല. റസൂലിന്റെ വീടിന് ചുറ്റും നിതാന്ത ജാഗ്രത പാലിച്ചു കൊണ്ടിരുന്നു. നേരെത്തേയുള്ള കാവൽ ഒന്നുകൂടി ശക്തമാക്കി.

## ഖുറൈശികൾക്കു പുറകിൽ റസൂലും സംഘവും ഉഹ്ദിലേക്ക്

പിറ്റേദിവസം വെള്ളിയാഴ്ച രാവിലെ റസൂലുല്ലാഹ് ഞങ്ങളെ എല്ലാവരേയും കൂടിയാലോചനക്കായി ഒരുമിച്ചു കൂട്ടി. മുനാഫിഖു (കപടവിശ്വാസികൾ) കളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ അബീ ബിൻ സുലൂലിനേയും കൂടിയാലോചനക്കായി വിളിച്ചിട്ടു ണ്ട്. ബദർ യുദ്ധത്തിനുശേഷം അയാൾ ബാഹ്യമായി ബൈഅത്ത് ചെയ്തു മുസ്ലിമായിരിക്കുകയാണ്. ആദ്യമായാണ് അയാളെ ഇത്തരം ഒരു ഒത്തുചേരലിന് ക്ഷണിക്കുന്നത്. ആദ്യം അല്ലാഹുവിന്റെ റസൂൽ കഴിഞ്ഞ ദിവസം രാത്രി കണ്ട അസുഖകരവും ഭയപ്പെടുത്തുന്നതുമായ ഒരു സ്വപ്നം ഞങ്ങളെ കേൾപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ മദീനക്കകത്ത് നിന്നുകൊണ്ടു തന്നെ ഈ ശത്രുക്കളെ നേരിടുന്നതായിരിക്കും ഉചിതമെന്നു കരുതുന്നതായി നബി തിരുമേനി ഞങ്ങളെ അറിയിക്കുകയും ചെയ്തു. ഈ ശത്രുക്കൾ ഞങ്ങളുടെ നാട്ടിലും വീട്ടിലും കയറി ഞങ്ങളെ ആക്രമിക്കുകയാണെങ്കിൽ അതിന്റെ സർവ ഉത്തരവാദിത്വങ്ങളും ശത്രുവിനായിരിക്കുമല്ലോ ഉണ്ടാവുക. അബ്ദുല്ലാഹ് ബിൻ അബീ ബിൻ സുലൂലിന്റേയും അഭിപ്രായം അതു തന്നെയായിരുന്നു. എന്നാൽ ബദർ യുദ്ധത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കാതിരുന്ന പലരും തുറന്നനിലയിൽ യുദ്ധം ചെയ്തു ദൈവമാർഗത്തിൽ രക്തസാക്ഷിയാകാൻ വെമ്പൽ കൊള്ളുന്നുണ്ടായിരുന്നു. അങ്ങനെ പൊതുജന അഭിപ്രായമെന്ന നിലയിൽ റസൂൽ അവരുടെ ആ അഭിപ്രായം സ്വീകരിക്കുകയും മദീനക്കു വെളിയിൽ ശത്രുക്കളെ നേരിടാമെന്നു തീരുമാനിക്കുകയും, ആയിരം പേരടങ്ങുന്ന മുസ്ലിമീംകളുടെ ഒരു സൈന്യത്തിന് രൂപം നൽകുകയും ചെയ്തു.

നമുക്കു ആലോചിച്ചിരിക്കാൻ സമയമില്ല. ശത്രുസൈന്യം വളരെ സമീപത്താണുള്ളത്. അതുകൊണ്ട് അന്നു അസർ നമസ്ക്കാരത്തിന് ശേഷം തന്നെ അല്ലാഹുവിന്റെ റസൂലും ഞങ്ങളും ഉഹ്ദ് മല ലക്ഷ്യമാക്കി ഒരുങ്ങി പുറപ്പെട്ടു. പകുതി ദൂരം പിന്നിട്ട ശേഷം സൈന്യത്തിന്റെ സൂക്ഷ്മപരിശോധനക്കായി ശേഖൈൻ എന്ന സ്ഥലത്ത് തങ്ങുകയും ചെറുപ്രായക്കാരായ കുട്ടികളെ തിരിച്ചയക്കുകയും ചെയ്തു. അപ്പോഴേക്കും മഗ്രിബിനുള്ള സമയമായി. ഞാൻ ബാങ്ക് വിളിച്ചു. നമസ്കാര ശേഷം രാത്രി തുറസ്സായ ആ സ്ഥലത്ത് തന്നെ തമ്പടിക്കാൻ തീരുമാനമായി. മുഹമ്മദ് ബിൻ മുസ്ലിമയുടെ നേതൃത്വത്തിൽ അമ്പതു പേരടങ്ങുന്ന ഒരു സംഘം സൈന്യത്തിന് ചുറ്റും കാവൽ ഏർപ്പെടുത്തി, രാത്രി മുഴുവൻ റോന്ത് ചുറ്റിക്കൊണ്ടിരുന്നു. പിറ്റെ ദിവസം ശവ്വാൽ 15ന് ക്യസ്താബ്ദം 624 മാർച്ച് 31 ശനിയാഴ്ച തഹജ്ജുദ് നേരം ഞങ്ങൾ മുസ്ലിം സൈന്യം ഉഹ്ദ് മല ലക്ഷ്യമാക്കി നീങ്ങി. വഴിയിൽ ഫജർ നമസ്കരിച്ചു. വീണ്ടും മുന്നോട്ട് നീങ്ങിക്കൊണ്ട് പ്രഭാത പുലരിക്ക് മുമ്പ് തന്നെ ഉഹ്ദ് മലയുടെ താഴ്വരയിൽ എത്തി.

## അബ്ദുല്ലാഹ് ബിൻ സുലൂലിന്റെ കൊടും ചതി

ഈ അവസരത്തിൽ മുനാഫിഖായിരുന്ന അബ്ദുല്ലാഹ് ബിൻ അബീ ബിൻ സുലൂൽ തന്റെ തനിനിറം കാണിച്ചു. അയാൾ, “റസൂൽ അവിദഗ്ധരും അനുഭവജ്ഞാനമില്ലാത്തവരുമായ ചെറുപ്പക്കാരുടെ വാക്കുകളാണ് സ്വീകരിച്ചത്. എന്റെ അഭിപ്രായം മാനിച്ചില്ല. മദീനയിൽ നിന്നുകൊണ്ട് ശത്രുക്കളെ നേരിടുന്നതിന് പകരം ഇവിടെ വന്നു ഇത്രയും വലിയ ഒരു വൻ സൈന്യവ്യൂഹത്തോട് ഏറ്റുമുട്ടുന്നതു അറിഞ്ഞുകൊണ്ട് മരണത്തിലേക്ക് എടുത്തു ചാടുന്നതിന് തുല്യമാണ്. അതുകൊണ്ട് ഞാനീ യുദ്ധത്തിനില്ല'' എന്നു പറഞ്ഞുകൊണ്ട് മുന്നൂറോളം വരുന്ന തന്റെ ഗോത്രാംഗങ്ങളേയും വിളിച്ച് അയാൾ മദീനയിലേക്കു തിരിക്കുകയും ചെയ്തു. എല്ലാവരും തന്നെ ഇതു ചതിയാണ്, വിശ്വാസവഞ്ചനയാണ് എന്നു പറഞ്ഞുവെങ്കിലും അതൊന്നും തന്നെ അയാളിൽ ഒരു ചലനവും സൃഷ്ടിച്ചില്ല. അതോടെ മൂവായിരം ശത്രുസേനാനികൾക്കെതിരിൽ മുസ്ലിം സൈന്യബലം അതിന്റെ നാലിലൊന്നു പോലുമില്ലാതായി ചുരുങ്ങി. അവരുടെ ഇരുനൂറ് കുതിരകൾക്കും മൂവ്വായിരം ഒട്ടകങ്ങൾക്കും എഴുനൂറ് പോർ ചട്ടയണിഞ്ഞ ഭടന്മാർക്കുമെതിരിൽ മുസ്ലിമീംകൾ ആകെ എഴുനൂറ് പേർ. അവരുടെ പക്കൽ ഉണ്ടായിരുന്നതു രണ്ടു കുതിരകളും നൂറ് പോർചട്ടയണിഞ്ഞ സൈനികരുമാണ്. ദുർബല ഹൃദയരായ മുസ്ലിം ഭടന്മാരിൽ ഇതു അങ്കലാപ്പും ഉദ്വേഗവും ജനിപ്പിച്ചു. ഒരുവേള പലരുടേയും മനസ്സ് പതറിപ്പോയി. ഇനി എന്ത് യുദ്ധം ചെയ്യാനാണ് എന്ന നിലയിൽ അവർ അന്ധാളിച്ചു നിന്നു. ഒന്നു രണ്ടു ഗോത്രങ്ങൾ മദീനയിലേക്ക് തിരിച്ചു പോകാൻ വരെ ഒരുങ്ങി. പക്ഷേ അൽപസമയത്തെ ഇടവേളക്കു ശേഷം, റസൂലുല്ലാഹ്(സ)യുടെ സാന്നിധ്യവും നേതൃത്വവും കൊണ്ട് പെട്ടെന്നു തന്നെ എല്ലാ വേവലാതിയും ദൂരികരിക്കപ്പെട്ടു. എല്ലാ ആശയകുഴപ്പങ്ങളും പരിഹരിക്കപ്പെട്ടു. എല്ലാവരും അചഞ്ചലരായി അല്ലാഹുവിന്റെ റസൂലിന് പിന്നിൽ നിശ്ചയദാർഢ്യത്തോടും പരിപൂർണ അനുസരണത്തോടും കൂടി അണിനിരന്നു. റസൂൽ തിരുമേനി എല്ലാം അല്ലാഹുവിൽ ഭരമേൽപിച്ചു കൊണ്ട്, ബാക്കിയുള്ളവരെ കുറെ ഗണങ്ങളും സംഘങ്ങളുമാക്കി. എല്ലാ ഓരോ സംഘത്തിനും പ്രത്യേകം പ്രത്യേകം അമീറിനെ നിശ്ചയിക്കുകയും

അവരെല്ലാവരേയും മലയുടെ താഴ്‌വരയിൽ പുറം തിരിഞ്ഞു കൊണ്ട് വിന്യസിക്കുകയും ചെയ്തു. അതായതു ഉഹ്ദ് മല പുറകിലും മദീന മുന്നിലും. അതിലൂടെ പുറകിൽ നിന്നുള്ള ആക്രമണം പൂർണമായും തടഞ്ഞു.

## ഉഹ്ദ് മലയിലെ തന്ത്രപ്രധാനമായ മലയിടുക്ക്

ഉഹ്ദ് മലയിൽ തന്ത്രപ്രധാനമായ ഒരു മലയിടുക്കുണ്ട്. അവിടെ നിലയുറപ്പിച്ചു കൊണ്ട് താഴെയുള്ള ശത്രുക്കളുടെ മേൽ ശരവർഷം നടത്താൻ വളരെ അനുയോജ്യമായ സ്ഥലമാണത്. അത് ആദ്യം തന്നെ അധീനപ്പെടുത്തുകയാണെങ്കിൽ അതുവഴി ഉണ്ടായേക്കാവുന്ന ശത്രുക്കളുടെ ആക്രമണത്തിന് തടയിടാനുമാകും. അല്ലാഹുവിന്റെ റസൂൽ പിന്നെ മറ്റൊന്നും ചിന്തിച്ചില്ല. അബ്ദുല്ലാഹ് ബിൻ ജുബൈറിന്റെ നേതൃത്വത്തിൽ അസ്ത്രവിദ്യയിൽ നിപുണരായ അമ്പത് പേരടങ്ങുന്ന ഒരു വില്ലാളി സംഘത്തെ അവിടെ കാവൽ നിർത്തി. അതോടെ പൊതു സൈനികരുടെ എണ്ണം വീണ്ടും കുറഞ്ഞ് എഴുനൂറിൽ നിന്നു അറുനൂറ്റമ്പതായി ചുരുങ്ങി. പിന്നീട് അല്ലാഹുവിന്റെ റസൂൽ അവരോട് വളരെ ശക്തമായ ഭാഷയിൽ പറഞ്ഞു, ഇത് വളരെ തന്ത്രപ്രധാനമായ ഒരു മലയിടുക്കാണ്. അതുകൊണ്ട് ഞാൻ പറയാതെ, എന്റെ അനുവാദമില്ലാതെ ഒരു കാരണവശാലും നിങ്ങൾ ഈ മലയിടുക്ക് ഉപേക്ഷിക്കരുത്. യുദ്ധം വിജയിച്ചതായി നിങ്ങൾ കാണുകയും ശത്രുക്കൾ പരാജയപ്പെട്ടു ഓടി രക്ഷപ്പെടുകയും, മറ്റു മുസ്ലിം സഹോദരന്മാർ മാൽ ഗനീമത്ത്(യുദ്ധമുതൽ) സ്വരൂപിക്കുന്നത് നിങ്ങൾ കാണുകയാണെങ്കിൽ പോലും എന്റെ അനുവാദമില്ലാതെ ഇവിടെ നിന്നു നിങ്ങൾ മാറരുത്. ഇനി അല്ലാഹുവിന്റെ വിധി മറിച്ചാവുകയും മുസ്ലിം സൈന്യം പരാജയപ്പെടുകയും നമ്മുടെ സഹോദരങ്ങൾ മരിച്ച് വീഴുന്നതു നിങ്ങൾ കാണാൻ ഇടയാവുകയും അവരുടെ ശവശരീരങ്ങൾ പക്ഷിമൃഗാദികൾ കൊത്തി വലിക്കുന്നതിന്നു നിങ്ങൾ സാക്ഷികളായാലും, ഞാൻ പറയാതെ എന്റെ അനുമതി ഇല്ലാതെ നിങ്ങൾ ഈ മലയിടുക്ക് ഉപേക്ഷിക്കരുത്. ഇവിടെ നിന്നു അനങ്ങരുത്. നിങ്ങൾ ഇവിടെ നിന്നു കൊണ്ട് ശത്രുക്കളുടെ മേൽ ശരവർഷം ചെയ്തുകൊണ്ടേ ഇരിക്കുക.. ഈ കാര്യത്തിൽ ഇവരെ താക്കീതു ചെയ്യാൻ ഇതിലും ശക്തമായ ഭാഷ വേറെ ഇല്ല. ആ മലയിടുക്കിന്റെ പ്രാധാന്യം റസൂൽ തിരുമേനി(സ) അത്രകണ്ട് മനസ്സിലാക്കിയിരുന്നു. എല്ലാവരും റസൂലുല്ലായുടെ വാക്കുകൾ കേട്ടു. അങ്ങനെ മാത്രമേ ചെയ്യുകയുള്ളുവെന്നു സമ്മതിച്ചു. അങ്ങയുടെ കൽപന ഇല്ലാതെ ഇവിടെ നിന്നു മാറുകയില്ലെന്നു സംഘത്തിന്റെ അമീർ അബ്ദുല്ലാഹ് ബിൻ ജുബൈർ അല്ലാഹുവിന്റെ റസൂലിന് വാക്ക് കൊടുക്കുകയും ചെയ്തു.

## അബൂസുഫിയാന്റെ സൈന്യം ചിട്ടയോടെ മുന്നോട്ട്

യുദ്ധസന്നാഹങ്ങളുടെ കാര്യത്തിൽ മുസ്ലിമീങ്ങൾ വളരെ പുറകിലാണെന്നും ഒരു കാര്യത്തിലും അവർക്കു തങ്ങളോട് ഒരണു പോലും തുല്യതയോ സാമ്യതയോ ഇല്ലായെന്നും ശത്രുക്കൾ മനസ്സിലാക്കിയിരുന്നു. അതായതു മുസ്ലിം സൈന്യം, ശത്രുക്കളെ സംബന്ധിച്ചിടത്തോളം വെറും *പിണമാണ്. നിമിഷനേരത്തെ ആഞ്ഞടിയിൽ ഇവരെ എന്നെന്നേക്കുമായി ഇല്ലാതാക്കാൻ സാധിക്കുമെന്നവർ മനക്കോട്ട കെട്ടീട്ടുണ്ടായിരുന്നു. ബാഹ്യമായ കണ്ണുകൾ കൊണ്ട് വീക്ഷിക്കുന്ന ആർക്കും അതു മാത്രമേ തോന്നുകയുള്ളു. അതു മാത്രമേ പറയുവാൻ സാധിക്കുകയുള്ളു. അവരുടെ സൈന്യവും വളരെ ചിട്ടയോടെ അണിനിരന്നിട്ടുണ്ട്. സർവസൈന്യാധിപൻ അബൂസുഫിയാനാണെങ്കിലും, മലയുടെ വലതുഭാഗം 'മെയ്മനാ' ഖാലിദ് ബിൻ വലീദിന്റെയും ഇടതു ഭാഗം 'മൈസറ' പ്രദേശം ഇക്‌രിമ ബിൻ അബീ ജഹലിന്റെയും സേനാനായകത്വത്തിലാണുള്ളത്. ഇരുനൂറ് കുതിരപ്പടയുള്ളതിൽ, നൂറു വീതം ഖാലിദ് ബിൻ വലീദിനോടും, ഇക്‌രിമ ബിൻ അബീജഹലിനുമോടൊപ്പം അണിനിരന്നിട്ടുണ്ട്. വില്ലാളിസംഘം അബ്ദുല്ലാഹ് ബിൻ റബീഅയുടെ പൂർണ നിയന്ത്രണത്തിലുമാണ്. സ്ത്രീകൾ ദഫ്ഫ് മുട്ടി യുദ്ധവീര്യമുള്ള പാട്ടുകൾ പാടി പുരുഷന്മാരെ ആവേശം കൊള്ളിക്കുന്നുണ്ട്. (തുടരും)

*പിണം = മൃഗങ്ങളുടെ ജഡം, ശവം*

## കടപ്പാട് & അവലംബം


1) സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ). 2) സീറത്ത് സഹാബാ റസൂലുല്ലാഹ് (സ.അ) By മൗലാനാ മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്‌വ. 3) ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്. റബ്‌വ.
4) ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്‌വ. 5) താരീഖുൽ അമ്പിയാ, വ സഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്. 6) സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലാനാ അബ്ദുസ്സമീഅ് ഖാൻ സാഹിബ് റബ്‌വ.
7) ദീപാച തഫ്സീറുൽ ഖുർആൻ By ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ (റ). 8) ഹദ്റത്ത് അസ്മ ബിൻത് അബൂബക്കർ By താഹിറാ രിയാസ് സാഹിബ, കറാച്ചി. 9) മസാമീൻ ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മയീൽ സാഹിബ് (റ) വാല്യം 5. 10) സീറത്ത് റസൂൽ നുബുവ്വത്ത് സെ ഹിജ്റത്ത് തക് By ബുശ്റ ദാവൂദ് സാഹിബ, റബ്‌വ. 11) സീറത്ത് റസൂൽ ഹിജ്റത്ത് സെ വിസാൽ തക് By അമതുൽ ബാരി നാസ്സിർ സാഹിബ, കറാച്ചി. 12) ഹമാരാ ആക്കാ By ശേഖ് മുഹമ്മദ് ഇസ്മായീൽ സാഹിബ് പാനിപതി. 13) ഉസ് വയെ ഇൻസാനെ കാമിൽ By മൗലാനാ മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്‌വ 14) മീഡിയ ലൈബ്രറി അൽഇസ്ലാം ഡോട് ഓർഗ് 15) അൽ ഫസൽ, ഉറുദു ദിന പത്രങ്ങൾ റബ്‌വ



INTERNATIONAL
Muslim Television
Ahmadiyya
International


# ദിവ്യപ്രഭാവം

എച്ച്. എസ്. കാവശ്ശേരി

ഹരിതഭംഗി തിങ്ങി വിങ്ങി
നിന്നിടുന്നൊരടവികൾ
കളകളാരവം മുഴക്കി
ഒഴുകിടുന്ന പുഴകളും
പൂ വിടർന്നു പുഞ്ചിരിച്ചു
നിന്നിടുന്ന ചെടികളും
കലപിലാരവം പൊഴിച്ചു
പാടിടുന്ന കിളികളും
രാവുകൾക്കു ശീതളാഭ
ചാർത്തിടുന്ന തിങ്കളും
വിണ്ണിൽനിന്നു മിന്നിടുന്ന
പൊന്നിൻ താരകങ്ങളും
വർണവിസ്മയങ്ങൾ തീർക്കും
മാരിവില്ലിൻ ശോഭയും
എന്മനം കുളിർപ്പതിന്നു
തീർത്തുവച്ച കാഴ്ചകൾ!
ഞാനുറങ്ങുവാ,നുണർന്നു
വളരുവാനുമായ് സദാ
പണിയെടുത്തിടുന്നു ഭൂവി
ലെണ്ണമറ്റ സേവകർ!
ഇരുളകറ്റിടുന്നതിന്നു
വന്നുദിപ്പു ഭാസ്കരൻ
കുളിർ ചൊരിഞ്ഞിടുന്നതിന്നു
വീശിടുന്നു മാരുതൻ
ദാഹമാറ്റിടുന്നതിന്നു
പെയ്തിടുന്നു കാർമുകിൽ
പശിയകറ്റിടുന്നതിന്നു
കായ്ച്ചിടുന്നു ശാഖികൾ
ഈ വിധത്തിലെന്റെ ചുറ്റു
മെത്രയെത്ര സേവകർ!
പുൽക്കൊടികൾ പോലുമെന്റെ
സേവനത്തിൽ വ്യാപൃതർ!
എൻസുഖത്തിനീവിധത്തി
ലെന്റെ ചുറ്റുമുർവിയിൽ
കുറ്റമറ്റൊരീ സഹായ
സംവിധാനമൊക്കെയും
കണ്ടറിഞ്ഞൊരുക്കിവച്ചു
തന്നൊരെന്റെ തമ്പുരാൻ
കാഴ്ച്ചകൾക്കതീതനായി
മേവിടുന്നുവെങ്കിലും
കൺതുറന്നു നോക്കുവോർക്കു
മുന്നിലുണ്ടു നിശ്ചയം
കരുണപൂണ്ടു നിന്നിടുന്നൊ
രാ പ്രഭാവമുദ്രകൾ!

# വധശിക്ഷ തൂക്കിലേറ്റപ്പെടുമ്പോൾ

**ഡോ. കൗസർ എടപ്പകത്ത്**



**കൊ**ലപാതകത്തിനുള്ള വധശിക്ഷയെപറ്റി എന്നും വിവാദങ്ങൾ നിലനിന്നിട്ടുണ്ട്. വധശിക്ഷ നിർത്തലാക്കണമെന്നുള്ള അഭിപ്രായത്തിന് മുൻതൂക്കം ലഭിച്ചുവരുന്നുവെന്നുള്ളത് ഒരു യാഥാർഥ്യമാണ്. വധശിക്ഷ ക്രൂരവും പ്രാകൃതവുമാണെന്ന മുറവിളികൾ പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ തുടങ്ങിയതാണെങ്കിലും ഏറ്റവുമൊടുവിൽ അഫ്സൽ ഗുരുവിന്റെയും യാഖൂബ് മേമന്റെയും വധശിക്ഷയെ തുടർന്നുള്ള വിവാദങ്ങൾ കൂടുതൽ ഗൗരവമുള്ള ചർച്ചകൾക്ക് വഴിവെച്ചിരിക്കുന്നു. പരിഷ്കൃത ലോകത്തിന് നിരക്കാത്തതാണ് വധശിക്ഷയെന്ന വാദം ശക്തിപ്പെടുകയും ഇതിനെതിരെ കൂട്ടായ്മകൾ രൂപം കൊള്ളുകയും ചെയ്യുന്നുമുണ്ട്.

വധശിക്ഷക്കെതിരെ ഇപ്പോൾ ശക്തമായി മുന്നോട്ട് വന്നവരിൽ മനുഷ്യാവകാശ പ്രവർത്തകർ, നിയമജ്ഞർ, എഴുത്തുകാർ, സാംസ്കാരിക പ്രവർത്തകർ, ചിന്തകർ, ആക്ടിവിസ്റ്റുകൾ എന്നിങ്ങനെ സിവിൽ സമൂഹത്തെ പ്രതിനിധാനം ചെയ്യുന്ന ധാരാളം ആളുകൾ മുതൽ ഫ്രാൻസിസ് മാർപാപ്പ വരെ ഉൾപ്പെടുന്നു. അലഞ്ഞുതിരിയുന്ന പട്ടികളെപോലും കൊല്ലാൻ പാടില്ലെന്നും വന്ധ്യംകരിച്ച് വിട്ടാൽ മതിയെന്നും നിയമം അനുശാസിക്കുന്ന നമ്മുടെ രാജ്യത്ത്, അഹിംസയും അക്രമരാഹിത്യവും ഉയർത്തിപ്പിടിക്കുന്ന ബുദ്ധന്റെയും അശോകന്റെയും, ഗാന്ധിജിയുടെയും നാട്ടിൽ വധശിക്ഷ തുടരുന്നത് ഭൂഷണമല്ല എന്ന് ഇക്കൂട്ടർ വാദിക്കുന്നു. ജ: വി. ആർ. കൃഷ്ണയ്യർ, ജ: ഭഗവതി, ജ: ഗാംഗുലി, ജ:എ.പി.ഷാ തുടങ്ങിയ മുൻ ന്യായാധിപർ വധശിക്ഷ നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. വി.ആർ കൃഷ്ണയ്യർ വധശിക്ഷയെ ഭരണകൂട കൊലപാതകം എന്നാണ് വശേഷിപ്പിച്ചത്. മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൽ കലാം 2015 ജൂലൈ മാസം മരണശിക്ഷാ കൺട്ടൾട്ടേറ്റീവ് കമ്മിറ്റി മുമ്പാകെ വധശിക്ഷ പാടില്ലെന്ന് അഭിപ്രായപ്പെട്ടിരുന്നു. യുണൈറ്റഡ് സ്റ്റേറ്റിൽ ആദ്യമായി സന്ദർശത്തിനെത്തിയ മാർപ്പാപ്പ ഇക്കഴിഞ്ഞ സെപ്തംബറിൽ യു.എസ് കോൺഗ്രസ്സിനെ അഭിസംബോധന ചെയ്യവെ വധശിക്ഷ ലോകവ്യാപകമായി നിരോധിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഏറ്റവും ഒടുവിലായി വധശിക്ഷ നിശ്ഫല ശിക്ഷയാണെന്നും അതിനാൽ അവസാനിപ്പിക്കണമെന്നും ഇന്ത്യൻ ലോ കമ്മീഷനും ശുപാർശ ചെയ്തിരിക്കുന്നു. ഭീകരവാദം, രാജ്യദ്രോഹം എന്നീ കുറ്റകൃത്യങ്ങൾ ഒഴികെ മറ്റ് കുറ്റങ്ങൾക്ക് വധശിക്ഷ ഒഴിവാക്കണമെന്നാണ് കമ്മീഷന്റെ ശുപാർശ. വധശിക്ഷയെക്കുറിച്ചുള്ള നിയമപരവും സാമൂഹികവുമായ കാഴ്ചപ്പാടുകൾ സമഗ്രമായി പരിശോധിച്ചും നിയമവിദഗ്ധരുടെയും ഗവേഷകരുടെയും അഭിപ്രായങ്ങൾ കണക്കിലെടുത്തും തയ്യാറാക്കിയ ലോ കമ്മീഷന്റെ റിപ്പോർട്ടിൽ ഭീകരവാദം ഉൾപ്പെടാത്ത കുറ്റങ്ങൾക്ക് കുറ്റകൃത്യം തടയുക എന്ന് ലക്ഷ്യം നേടുന്നതിൽ ജീവപര്യന്തം തടവിൽ കവിഞ്ഞ ഒന്നും തന്നെ വധശി

ക്ഷയ്ക്ക് നിറവേറ്റാനില്ലെന്ന് പ്രസ്താവിക്കുന്നു.

സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ വധശിക്ഷ മഹാത്മാഗാന്ധി വധക്കേസിലെ പ്രതി നാഥുറാം വിനായക് ഗോഡ്സെയുടെതാണ്. അവസാനത്തേത് യാഖൂബ് മേമന്റെതും. ഔദ്യോഗിക സ്ഥിതി വിവര കണക്കനുസരിച്ച് സ്വതന്ത്ര ഇന്ത്യയിൽ നടപ്പാക്കിയ 58-ാം മത്തെ വധശിക്ഷയാണ് മേമന്റേത്. എന്നാൽ ചില അന്താരാഷ്ട്ര മനുഷ്യവകാശ പ്രസ്ഥാനങ്ങളുടെ പഠനങ്ങളനുസരിച്ച് സ്വാതന്ത്ര്യം കിട്ടിയ ശേഷം ഇന്ത്യയിൽ നടപ്പാക്കിയ വധശിക്ഷയുടെ എണ്ണം 172 ആണത്രെ.

ലോകത്ത് 70% രാജ്യങ്ങൾ (ഏതാണ്ട് 140 എണ്ണം) വധശിക്ഷ നിർത്തലാക്കി കഴിഞ്ഞു. വധശിക്ഷ നിയമപരമായി ഒഴിവാക്കിയിട്ടില്ലാത്ത പല രാജ്യങ്ങളിലും ഫലത്തിൽ അത് പ്രയോഗത്തിൽ നിർത്തിയിട്ടുണ്ട്. യൂറോപ്പിൽ ബെലോറസ് ഒഴിച്ച് എല്ലാ രാജ്യങ്ങളും ആഫ്രിക്കയിൽ 36 രാജ്യങ്ങളും അമേരിക്കയിൽ 16 സംസ്ഥാനങ്ങളും വധശിക്ഷ ഒഴിവാക്കിയിട്ടുണ്ട്. ഏഷ്യയിൽ നേപ്പാളും ഭൂട്ടാനും വധശിക്ഷ നിരോധിച്ചു. ശ്രീലങ്കയും മാലിയും അത് പ്രയോഗിക്കുന്നില്ല. ലോകത്ത് ഇന്ത്യ അടക്കം 59 രാജ്യങ്ങളിൽ മാത്രമാണ് ഇന്ന് വധശിക്ഷ സമ്പ്രദായം നിലവിലുള്ളതെങ്കിലും ലോകജനസംഖ്യയുടെ 50% വരുന്ന ജനങ്ങൾ ഈ രാജ്യത്താണ് വസിക്കുന്നത്.

**കുറ്റവും ശിക്ഷയും**

നിരോധിച്ചത് ചെയ്യലോ കൽപിച്ചത് ചെയ്യാതിരിക്കലോ ആണ് ആധുനിക നിയമത്തിന്റെ ഭാഷയിൽ കുറ്റകൃത്യം. ഇന്ത്യൻ പീനൽ കോഡ് രചിച്ച മെക്കോളെ പ്രഭുവിന്റെ അഭിപ്രായത്തിൽ കുറ്റം വ്യക്തിയുടെ ഭാഗത്തുനിന്ന് സമൂഹത്തിന് നേരെയുള്ള കയ്യേറ്റമാകുന്നു. മനഃശാസ്ത്രപരമായ വീക്ഷണത്തിൽ കുറ്റവാളിയുടെ മാനസികാധഃപതനത്തിന്റെ ബഹിർസ്ഫുരണമാണ് കുറ്റകൃത്യം. ദൈവം ശിക്ഷാർഹമാക്കിയ നിയമവിരുദ്ധമായ പ്രവർത്തികൾക്കാണ് ശരീഅത്തിന്റെ ഭാഷയിൽ കുറ്റകൃത്യങ്ങൾ എന്നു പറയുന്നത്.

കുറ്റവാളിയെ സംസ്ക്കരിക്കാനോ അവന്റെ ബാധ സമൂഹത്തിന് ഏൽക്കാതിരിക്കാനോ ഉള്ള ഒരു പ്രതിരോധ നടപടിയാണ് ശിക്ഷ. കുറ്റം ചെയ്യുന്നവരെ ശിക്ഷിക്കുന്നതിലുപരി കുറ്റങ്ങൾ ഇല്ലാതാക്കാൻ പരിശ്രമിച്ചുകൊണ്ട് സമാധാനപരമായ സാമൂഹ്യജീവിതം സാദ്ധ്യമാക്കുകയെന്നതാണ് ശിക്ഷാനിയമങ്ങളുടെ ലക്ഷ്യം. കുറ്റം ചെയ്യാൻ ഇടയുള്ളവരെ കുറ്റകൃത്യം ചെയ്യുന്നതിൽ നിന്ന് പിന്തിരിപ്പിക്കുകയെന്നത് ശിക്ഷയുടെ ഏറ്റവും വലിയ ധർമമാണ്. ശിക്ഷിക്കപ്പെടുന്ന കുറ്റവാളി കുറ്റവാസനയുള്ള ഏവർക്കും മാതൃകയാവണമെന്നത് അടിസ്ഥാനമാക്കിയാണ് നിവാരണപരമായി ശിക്ഷാരീതി നമ്മുടെ രാജ്യത്ത് സ്വീകരിച്ചുപോരുന്നത്. കുറ്റവാളി രണ്ടാമതൊരു കുറ്റം ചെയ്യാനുള്ള സാദ്ധ്യതയെ ഇല്ലാതാക്കാൻ നിയമം പലപ്പോഴും ശ്രമിക്കുന്നു. വധശിക്ഷയുടെ കാര്യത്തിൽ ഘാതകനെ തൂക്കിക്കൊല്ലുന്നത് മറ്റുള്ളവരിൽ ഭയം ജനിപ്പിക്കാൻ മാത്രമല്ല അതൊരു സാമൂഹ്യവിരുദ്ധനെ നീക്കംചെയ്യൽ കൂടിയാണെന്നാണ് നിരോധപരമായ ശിക്ഷാരീതി സ്വീകരിക്കുന്നതിൽ നിന്ന് ക്രിമിനൽ നീതിന്യായ വ്യവസ്ഥ അർഥമാക്കുന്നത്.

ഒരു കാര്യം ചെയ്യലോ ചെയ്യാതിരിക്കലോ കുറ്റമായി ഗണിക്കണമെങ്കിൽ അത് ശിക്ഷാർഹമായിരിക്കണമെന്ന് എല്ലാ നിയമങ്ങളും സിദ്ധാന്തിക്കുന്നു. എന്നാൽ പ്രകൃതിദത്തവാദികളും (Natuaralist ) മനഃശാസ്ത്രാപഗ്രഥരും(Pshycho Analist) കുറ്റവാളികളെ കുറ്റം ചെയ്തതിന് ശിക്ഷിക്കരുതെന്ന് വാദിക്കുന്നു. അവരുടെ അഭിപ്രായത്തിൽ മനുഷ്യനിയന്ത്രണത്തിനതീതമായ സമൂഹവും പരിതസ്ഥിതികളുമാണ് കുറ്റകൃത്യങ്ങൾക്കുത്തരവാദികൾ. സമൂഹം വ്യക്തികളുടെ മേൽ നിയന്ത്രണങ്ങളും നിഗ്രഹങ്ങളും അടിച്ചേൽപ്പിക്കുന്നതിനാൽ അവരുടെ കുറ്റങ്ങൾക്ക് സമൂഹം തന്നെയാണ് ഉത്തരവാദിയെന്നും അതിനാൽ ശിക്ഷക്ക് ന്യായീകരണമില്ലെന്നും അവർ സമർഥിക്കുന്നു. കുറ്റവാളികൾ യഥാർഥത്തിൽ ശിക്ഷിക്കപ്പെടാനല്ല നഷ്ടപരിഹാരം നൽകപ്പെടാനാണ് കൂടുതൽ അർഹരെന്നും വാദിക്കപ്പെടുന്നു. പ്രശസ്ത മനഃശാസ്ത്രാപഗ്രഥ വിദഗ്ധൻ ഫ്രോയ്ഡിന്റെ അഭിപ്രായത്തിൽ മുഴുവൻ കുറ്റങ്ങളുടേയും പ്രഭവകേന്ദ്രം ലൈംഗികവികാരത്തിന്റെ അടിച്ചമർത്തലാണ്. സമൂഹം, മതം, ധാർമികത, പാരമ്പര്യങ്ങൾ തുടങ്ങിയ ശക്തികൾ മനുഷ്യന്റെ ലൈംഗിക വികാരങ്ങൾ അമർച്ച ചെയ്യുന്നുവെന്നും അതിൽ നിന്നുണ്ടാകുന്ന മാനസിക വൈകല്യങ്ങളാണ് കുറ്റത്തിന് പ്രേരണ നൽകുന്നതെന്നുമാണ് ഫ്രോയിഡിയൻ മനഃശാസ്ത്രത്തിന്റെ കാതൽ. മനുഷ്യന് ഇച്ഛാ സ്വാതന്ത്ര്യമോ പ്രവർത്തന സ്വാതന്ത്ര്യമോ ഇല്ലാത്തതിനാൽ അവൻ ചെയ്യുന്ന കുറ്റത്തിന് അവൻ ഉത്തരവാദിയല്ല എന്ന ചിന്താഗതിയാണ് ഈ മനഃശാസ്ത്ര വിശകലനം ഉയർത്തിവിട്ടത്. കമ്മ്യൂണിസ്റ്റ് വീക്ഷണ പ്രകാരം കുറ്റങ്ങൾ ഉണ്ടാകുന്നത് സാമ്പത്തിക കാരണങ്ങളാലാണ് ലൈംഗിക മനഃശാസ്ത്രപരമായതോ ആയ കാരണങ്ങളാലല്ല. സാമ്പത്തിക വീക്ഷണത്തിൽ സമൂഹം സമതുലിതമല്ലാത്തിടത്തോളം കുറ്റങ്ങൾ ഉത്ഭവിക്കുകയേ നിവർത്തിയുള്ളൂ. അതിനാൽ മുതലാളിത്ത രാജ്യങ്ങളിൽ കുറ്റങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണെന്നും അവയെ പ്രതിരോധിക്കുകയോ ശിക്ഷാമുറകൾ അടിച്ചേൽപ്പിക്കുകയോ ചെയ്യുന്നത് നീതിയല്ലെന്നും കമ്മ്യൂണിസം സിദ്ധാന്തിക്കുന്നു.

കുറ്റവും ശിക്ഷയും സംബന്ധിച്ച് ഇതര സിദ്ധാന്തങ്ങളിൽ നിന്ന് വ്യത്യസ്തമായ വീക്ഷണമാണ് ഇസ്ലാമിനുള്ളത്. കുറ്റങ്ങളിലേക്ക് നയിക്കുന്ന സാഹചര്യം ഇല്ലായ്മ ചെയ്ത്, തെറ്റ് ചെയ്യാൻ ഇടവരാത്ത വിധമുള്ള സാമൂഹിക വ്യവസ്ഥിതി സംജാതമാക്കുന്നതോടൊപ്പം

ദൈവഭയവും പരലോക വിശ്വാസവും മനുഷ്യനിലുണ്ടാക്കിക്കൊണ്ട് അവരെ തെറ്റുകളിൽ നിന്ന് അകറ്റി നിർത്തുക എന്നതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. കുറ്റം ചെയ്യാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന ഏറ്റവും പ്രധാന ഘടകം ലൈംഗീക സ്വാതന്ത്ര്യത്തിന്മേലുള്ള സമൂഹത്തിന്റെ കടിഞ്ഞാണാണെന്ന ഫ്രോയിഡൻ ചിന്താഗതിയോടോ സമൂഹത്തിലെ സാമ്പത്തിക മാറ്റങ്ങൾ മാത്രമാണ് വ്യക്തിയുടെ അഹംബോധത്തേയും മൂല്യങ്ങളെയുമെല്ലാം നിശ്ചയിക്കുന്നതെന്ന മാർക്സിയൻ വീക്ഷണത്തോടോ ഇസ്‌ലാം പൊരുത്തപ്പെടുന്നില്ല. ഇസ്‌ലാമിക വീക്ഷണപ്രകാരം സ്വാതന്ത്ര്യവും ബുദ്ധിശക്തിയുള്ളവനുമായ മനുഷ്യന് നന്മയും തിന്മയും തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും കഴിവുമുണ്ട്. ആയതിനാൽ കുറ്റകൃത്യങ്ങൾക്ക് ഉത്തരവാദി വ്യക്തി തന്നെയാണ്. സാമൂഹ്യ താൽപര്യങ്ങളുടെ സംരക്ഷണത്തിനും പൊതു വ്യവസ്ഥയുടെ സുരക്ഷിതത്വത്തിനും വേണ്ടി അംഗീകരിക്കപ്പെട്ട ദണ്ഡന നടപടികളാണ് ശരീഅത്തിലെ ശിക്ഷകൾ.

**വധശിക്ഷ: ഇന്ത്യൻ നിയമത്തിലും ഇസ്‌ലാമിലും.**

ദൈവീകവും മനുഷ്യനിർമിതവുമായ എല്ലാ നിയമങ്ങളുടെയും ലക്ഷ്യം ജീവൻ, ബുദ്ധി, സ്വത്ത്, സന്താനം, അഭിമാനം എന്നീ അഞ്ച് മൗലീക താൽപര്യങ്ങളുടെ സംരക്ഷണമാണ്. ഇവയുടെ നേർക്കുള്ള കൈയ്യേറ്റം കലഹത്തിനും രക്തച്ചൊരിച്ചിലിനും സമാധാന ഭംഗത്തിനും കാരണമാകുന്നു. സമാധാന ഭംഗമുണ്ടാകുകയും സമൂഹത്തിന് ഹാനികരമാകുകയും ചെയ്യുന്ന കുറ്റങ്ങൾക്ക് ഇസ്‌ലാമും ആധുനിക സമൂഹവും ശിക്ഷയേർപ്പെടുത്തിയിട്ടുണ്ട്. അതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നതാണ് വധശിക്ഷ.

ഇന്ത്യൻ ശിക്ഷാ നിയമമനുസരിച്ച് മനപൂർവമുള്ള കൊലപാതകം (വകുപ്പ്-302), കേന്ദ്ര ഗവൺമെന്റിനെതിരെ യുദ്ധം ചെയ്യൽ (വകുപ്പ് -121), പട്ടാളക്കാർ, നാവികർ, വൈമാനികർ എന്നിവരെ ലഹളക്ക് പ്രേരിപ്പിക്കലും തന്മൂലം ലഹള നടക്കാനിടയാകുകയും ചെയ്യൽ (വകുപ്പ്)-132), കള്ള തെളിവ് നിർമിച്ചോ നൽകിയോ ഒരു നിരപരാധിയെ വധശിക്ഷക്കിരയാക്കുക (വകുപ്പ് 194) മൈനറെയോ, ഭ്രാന്തനെയോ, ലഹരിമൂത്തവനേയോ ആത്മഹത്യക്ക് പ്രേരിപ്പിക്കൽ (വകുപ്പ്-305), കൊലപാതകത്തോടുകൂടിയുള്ള കൂട്ടക്കവർച്ച ചെയ്യൽ (വകുപ്പ്-396) ജീവപര്യന്തം ശിക്ഷക്ക് വിധിക്കപ്പെട്ടവൻ കൊല നടത്താൻ ശ്രമിക്കുകയും തന്മൂലം വധശ്രമത്തിന് വിധേയനായ ആൾക്ക് ശാരീരികമായ ഉപദ്രവം നേരിടുകയും ചെയ്യുക (വകുപ്പ്-307) എന്നീ കുറ്റങ്ങൾക്ക് വധശിക്ഷ നൽകാവുന്നതാണ്.

അന്യായമായി മനുഷ്യജീവൻ ഹനിക്കുന്നവർക്കും ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവർക്കുമാണ് ഖുർആൻ വധശിക്ഷ വിധിച്ചിരിക്കുന്നത്.(അൽബഖറ-179,180) ഖുർആനിക വീക്ഷണത്തിൽ മറ്റൊരു കുറ്റവും വധ ശിക്ഷക്കുള്ള കാരണമേയല്ല. മതപരിത്യാഗത്തിനും വ്യഭിചാരത്തിനും വധശിക്ഷ നിഷ്കർഷിക്കുന്നുണ്ടെന്ന് ചിലർ വാദിക്കുന്നുണ്ട്. ഖുർആന്റെ അടിസ്ഥാനത്തിൽ അത് ഒരിക്കലും തെളിയിക്കുക സാധ്യവുമല്ല. മറ്റുചില ദുർബലവും ആധികാരികവുമല്ലാത്ത പ്രമാണങ്ങൾ അടിസ്ഥാനമാക്കിയാണ് യാഥാസ്ഥിതിക മതപണ്ഡിതന്മാർ വ്യഭിചാരത്തിനും മതപരിത്യാഗത്തിനും വധ ശിക്ഷ നിഷ്ക്കർശിക്കുന്നത്. എന്നാൽ ആ വീക്ഷണത്തോട് ഭൂരിപക്ഷം ആധുനിക മുസ്‌ലിം നിയമ പണ്ഡിതന്മാരും യോജിക്കുന്നില്ല. മതപരിത്യാഗത്തിന് പ്രവാചകൻ ശിക്ഷ നടപ്പാക്കിയതിന് തെളിവില്ല. ഖുർആനിക വിധി അവതരിക്കുന്നതിന് മുമ്പ് തോറനിയപ്രകാരമായിരുന്നു വ്യഭിചാരകുറ്റത്തിന് എറിഞ്ഞ് കൊല്ലൽ ശിക്ഷ നടപ്പാക്കിയത് എന്ന് വ്യക്തവുമാണ്. അതും രക്ഷപ്പെടാനുള്ള എല്ലാ പഴുതുകളും പ്രവാചകൻ നൽകിയിട്ടും കുറ്റം ചെയ്ത വ്യക്തി പരസ്യമായി കുറ്റം ഏറ്റുപറഞ്ഞ്, പരലോക ശിക്ഷയെ ഭയന്ന് ഭൂമിയിൽ വച്ചു തന്നെ ശിക്ഷവേണമെന്ന് ശഠിച്ചത്കൊണ്ടുമാത്രം. കുറ്റം കൊലപാതകമാണെങ്കിൽ പോലും ആത്മാർഥമായി പശ്ചാത്തപിക്കുന്നുവെങ്കിൽ പ്രതി മാപ്പർഹിക്കുന്നുവെന്ന് ഖുർആൻ പറയുന്നു. (അൽ മാഇദ 32-34)

ഏതൊരു കുറ്റവും ശിക്ഷാർഹമാകണമെങ്കിൽ കുറ്റം ചെയ്യാനുള്ള ഉദ്ദേശ്യം (Mens Rea)കുറ്റവാളിക്കുണ്ടായിരിക്കണമെന്നുള്ള ആധുനിക നിയമ വ്യവസ്ഥയിലെ തത്വം ഇസ്‌ലാമിക ശിക്ഷാനിയമങ്ങളിലും അന്തർഭവിച്ചുകിടക്കുന്നത് കാണാം. മനഃപൂർവമുള്ള കൊലപാതകം മാത്രമാണ് ഇസ്‌ലാമിൽ ശിക്ഷാർഹമായിട്ടുള്ളത്. അബദ്ധത്തിൽ സംഭവിച്ചുപോവുന്ന കൊലപാതകങ്ങൾ കുറ്റകരമല്ല; പ്രായശ്ചിത്തം ചെയ്താൽ മതിയാകുമെന്ന് ഖുർആൻ നിഷ്കർഷിക്കുന്നു. (അന്നിസാഅ്:93)

വിലപ്പെട്ട മനുഷ്യ ജീവൻ അന്യായമായി ഹനിക്കുന്നത് അല്ലാഹു അത്യധികം കോപിക്കുന്ന കുറ്റകൃത്യമാണെന്ന് വിശ്വാസിയെ ഖുർആൻ ഉണർത്തുന്നു. 'ഇനി ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവം വധിക്കുന്നതായാൽ അവനുള്ള ശിക്ഷ നരകമാണ്; അതിൽ അവൻ ദീർഘകാലം വസിക്കുന്നതാകുന്നു. അല്ലാഹു അവന്റെ നേരെ കോപിക്കുകയും ചെയ്യുന്നതാണ്. (അല്ലാഹു) അവന് വലിയ ശിക്ഷ ഒരുക്കിയിട്ടുമുണ്ട്. (അന്നിസാഅ്:94) കുറ്റകൃത്യങ്ങളെ തടയാൻ കർശനമായ ശിക്ഷകൾ വ്യവസ്ഥ ചെയ്യുന്ന ഖുർആൻ കുറ്റവാളിക്ക് പൊറുത്തു കൊടുക്കലിന്റെയും മാപ്പിന്റേയും മാർഗങ്ങൾ കൂടി പരാമർശിക്കുന്നുണ്ട്. ഇസ്‌ലാമിന്റെ സഹജമായ കാരുണ്യം കുറ്റവാളിയിൽ കൂടിചെന്നെത്തുന്നുണ്ട് എന്ന സൂചനയാണ് ഇത് നൽകുന്നത്.

#### ശിക്ഷയുടെ മാനദണ്ഡം

ഇന്ത്യയിൽ നിലവിലുള്ള നിയമമനുസരിച്ച് വിരളങ്ങളാൽ വിരളമായ( Rarest of Rare)കേസുകളിൽ മാത്രമേ വധശിക്ഷ വിധിക്കാവൂ. 1980 മെയ് 9 ന് ചരിത്ര പ്രസിദ്ധമായ ബച്ചൽ സിങ് കേസിൽ സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് വധശിക്ഷയുടെ ഭരണഘടനാപരമായ സാധുത ശരിവച്ചു. ഈ വിധി ഇപ്പോഴും അവലംബിക്കേണ്ട മാനദണ്ഡമാണ്. വധശിക്ഷയുടെ ഭരണഘടനാപരമായ പ്രസക്തിയും നിയമസാധുതയും ഉയർത്തിക്കാട്ടിയ പ്രസ്തുതവിധി കഴിഞ്ഞ 35 വർഷമായി അഭംഗുരം ഇന്ത്യയിൽ തുടരുന്നു. ഈ വിധിയനുസരിച്ച് വിരളങ്ങളിൽ വിരളമായ കേസുകളിൽ മാത്രമെ വധശിക്ഷ പാടുള്ളൂ. കൂടാതെ വധശിക്ഷ നൽകണമെങ്കിൽ അതിനായി പ്രത്യേക കാരണവും കണ്ടെത്തി വിധിയിൽ രേഖപ്പെടുത്തേണ്ടതുണ്ട്. മറ്റുവഴികൾ ചോദ്യം ചെയ്യപ്പെടാത്ത വിധം അടഞ്ഞുകഴിഞ്ഞാൽ മാത്രം (When the alternate option is unquestionably foreclosed) നൽകുന്നതാണ് വധശിക്ഷ. എന്നതാണ് ബച്ചൻ സിങ് കേസിലെ വിധിയുടെ മർമം.

#### ബ്ലഡ് മണി

കൊലകുറ്റത്തിന് വധശിക്ഷ കൂടിയേ തീരൂ എന്ന് ഇസ്ലാമും ശഠിക്കുന്നില്ല. ഘാതകനെ കൊല്ലണോ നഷ്ടപരിഹാരം സ്വീകരിച്ച് തന്നെ വിട്ടയക്കണോ എന്ന് തീരുമാനിക്കാൻ കൊല്ലപ്പെട്ടയാളിന്റെ അവകാശികൾക്ക് സ്വാതന്ത്ര്യമുണ്ട്. കൊലപാതകിയെ വധിക്കണം എന്ന് ഇവർക്ക് അപേക്ഷിക്കാം. വധിക്കപ്പെട്ട വ്യക്തിയുടെ അവകാശികൾ പ്രതിയെ പ്രതിക്രിയക്ക് വിധേയമാക്കണമെന്ന് ആവശ്യപ്പെടാതെ നഷ്ടപരിഹാരത്തുക ഈടാക്കാമെന്ന് ഖുർആൻ നിർദേശിക്കുന്നു. ഈ നഷ്ടപരിഹാരത്തെയാണ് ബ്ലഡ് മണി(Blood Money) എന്നു പറയാറുള്ളത്. എന്നാൽ പ്രതിയെ മാപ്പുനൽകി വിട്ടയക്കുന്നത് ക്രമസമാധാനത്തിന് ഭീഷണിയാവുമെങ്കിൽ അധികാരികൾക്ക് യുക്തമായ മറ്റു ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതും ജയിൽ ശിക്ഷ നൽകാവുന്നതുമാണ്.

ഇന്ത്യൻ ഭരണഘടനയുടെ 72, 161 അനുച്ഛേദനങ്ങളനുസരിച്ച് കൊലപാതകിക്കോ, ബന്ധുക്കൾക്കോ, രാഷ്ട്രപതിക്കോ, ഗവർണർക്കോ ദയാഹർജി സമർപ്പിക്കാൻ അവകാശമുണ്ട്. അങ്ങനെ ദയാഹർജി സമർപ്പിക്കപ്പെട്ടാൽ പ്രതിയുടെ അവസ്ഥയും കുറ്റം ആവർത്തിക്കാതിരിക്കാനുള്ള സാദ്ധ്യതയും മറ്റും പരിഗണിച്ച് വേണമെങ്കിൽ ശിക്ഷ ഇളവു ചെയ്ത് ജയിൽ ശിക്ഷയാക്കി മാറ്റുവാനുള്ള അധികാരം രാഷ്ട്രപതിയിലും ഗവർണറിലും നിക്ഷിപ്തമാണ്. മന്ത്രിസഭയുമായി കൂടിയാലോചിച്ചാണ് രാഷ്ട്രപതിയും ഗവർണറും തീരുമാനമെടുക്കേണ്ടത്. എന്നാൽ വധിക്കപ്പെട്ട വ്യക്തിയുടെ അവകാശികളോടോ ബന്ധുക്കളോടോ കൂടിയാലോചിക്കുകയോ അഭിപ്രായമാരായുകയോ ചെയ്യുന്നില്ല. ഇസ്ലാമിക നിയമപ്രകാരം കൊലപാതകിയെ വെറുതെ വിടാനാണ് ബന്ധുക്കളുടെ തീരുമാനമെങ്കിൽ അതിന് എതിര് നിൽക്കാൻ കോടതിക്ക് അധികാരമില്ല. ഇന്ത്യയിലാണെങ്കിൽ ബന്ധുക്കളുടെ തീരുമാനത്തിന് യാതൊരു വിലയുമില്ല. അതുകൊണ്ടാണല്ലോ രാജീവ് ഗാന്ധി വധക്കേസിലെ പ്രതി നളിനിയുടെ വധശിക്ഷ ഇളവുചെയ്തുകൊണ്ട് അവർക്ക് മാപ്പ് നൽകണമെന്ന സോണിയാഗാന്ധിയുടെ അപേക്ഷ രാഷ്ട്രപതി പരിഗണിക്കാതിരുന്നത്. കൊല്ലപ്പെട്ടയാളുടെ ബന്ധുക്കൾക്ക് സമ്മതമാണെങ്കിൽ നഷ്ടപരിഹാരം വാങ്ങി ഘാതകനെ വെറുതെ വിടുക വഴി മാനുഷിക മൂല്യങ്ങളുടെയും സാഹോദര്യത്തിന്റെയും ഉദാത്തമായ മാതൃകയാണ് ഇസ്ലാം ഉയർത്തിക്കാട്ടുന്നത്.

#### വാദവും പ്രതിവാദവും

ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത് എന്നത് നീതിന്യായ സമ്പ്രദായത്തിന്റെ അടിസ്ഥാനതത്ത്വമാണ്. നടപ്പാക്കിക്കഴിഞ്ഞാൽ പിൻവലിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് വധശിക്ഷയുടെ കാര്യത്തിൽ ഈ തത്ത്വം കണിശമായി പാലിക്കേണ്ടതുണ്ട്. നിരപരാധികളുടെ ജീവൻ വധശിക്ഷയിലൂടെ അപഹരിക്കപ്പെട്ടതിനു ശേഷം പിന്നീട് യഥാർഥ കുറ്റക്കാരെ പിടികൂടിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അമേരിക്കയിൽ വധശിക്ഷക്ക് വിധിക്കപ്പെട്ട 150 ഓളം പേരെ ഡി.എൻ.എ പരിശോധനക്ക് വിധേയമാക്കിയപ്പോൾ കുറ്റക്കാരല്ലെന്ന് കണ്ട് മോചിപ്പിച്ചിട്ടുണ്ട്. വധശിക്ഷയുടെ കാര്യത്തിൽ ഇന്ത്യയിൽ സമീപകാലത്ത് നിരവധിതവണ തെറ്റുപറ്റിയിട്ടുണ്ടെന്ന് ഉന്നത നീതിപീഠങ്ങളിലെ ന്യായാധിപർ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. 13 പ്രതികളെ അബദ്ധത്തിൽ വധശിക്ഷയ്ക്ക് വിധിച്ചുപോയെന്നും ആ ശിക്ഷ രാഷ്ട്രപതി ദയാഹർജിയായി പരിഗണിച്ച് ജീവപര്യന്തമായി ഇളവുചെയ്യണമെന്നും 14 റിട്ടയർ ചെയ്ത ന്യായാധിപന്മാർ എഴുതി ഒപ്പിട്ട് രാഷ്ട്രപതി പ്രണബ് മുഖർജിക്ക് നൽകിയ നിവേദനത്തിൽ പറയുന്നുണ്ട്. രണ്ട് കൊല്ലം മുമ്പ് ആനംസ്റ്റി ഇന്റർനാഷണലും പി.യു.സി.എ ല്ലും ചേർന്ന് നടത്തിയ ഇന്ത്യൻ റിപ്പബ്ലിക്കിലെ വധശിക്ഷാ വിധികളുടെ പഠനത്തിൽ കണ്ടെത്തിയ ഏറ്റവും വലിയ പോരായ്മ നീതിപീഠങ്ങളുടെ ഇക്കാര്യത്തിലുള്ള ചാഞ്ചല്യമുള്ള കാഴ്ചപ്പാടുകളാണ്. രാഷ്ട്രപതി മുമ്പാകെ പരിഗണനയ്ക്ക് വരുന്ന ദയാഹർജികളുടെ ഗതിയും മറിച്ചല്ലെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു. 2008 ജൂലൈയിൽ സ്വാമി ശ്രദ്ധാനന്ദയുടെ വധശിക്ഷാ കേസിൽ വാദം കേട്ട സുപ്രീം കോടതിയുടെ മൂന്നംഗ ബെഞ്ചും വധശിക്ഷ വിധികളുടെ പ്രകടമായിട്ടുള്ള അവ്യക്തത നിയമരംഗത്തെ കുഴക്കുന്നുണ്ടെന്ന് അഭിപ്രായപ്പെട്ടിരുന്നു. ന്യായാധിപന്മാരുടെ വ്യക്തിപരമായ നിലപാടുകളാണ് വധശിക്ഷയുടെ അടിസ്ഥാനമായി മാറുന്നതെന്ന് സുപ്രീംകോടതി സന്തോഷ്കുമാർ ബരിയാറിന്റെ കേസിൽ പറഞ്ഞു. നാഷണൽ ലോ യൂണിവേഴ്സിറ്റി നടത്തിയ പഠനമനുസ

കുറിപ്പുകൾ

# ജെറുസലേം തലസ്ഥാന മാറ്റം: വീണ്ടും മഹായുദ്ധം തുടങ്ങുമോ?

മുസാഫിർ

**മു**സ്‌ലിംകൾ അൽഖുദ്സ് എന്ന് വിളിക്കുന്ന ജെറുസലെമിനെ ഇസ്റയേലിന്റെ തലസ്ഥാനമാക്കി പ്രഖ്യാപിച്ച ഡോണാൾഡ് ട്രംപിന്റെ പ്രഖ്യാപനത്തിന് ലോകത്തുള്ള എല്ലാ പ്രമുഖ രാഷ്ട്രങ്ങളും യൂറോപ്യൻ യൂണിയൻ പോലെയുള്ള അന്താരാഷ്ട്ര സഖ്യങ്ങളും ഐക്യ രാഷ്ട്രസഭയും പോപ്പുമടക്കം എല്ലാ ഉത്തരവാദിത്വപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും കടുത്ത എതിർപ്പാണ് നേരിടുന്നത്. മാത്രമല്ല യുറോപ്യൻ യൂണിയൻ വിദേശ കാര്യമന്ത്രി, ഫ്രഞ്ച് പ്രസിഡന്റ്, ബ്രിട്ടീഷ് പ്രധാന മന്ത്രി, ജർമൻ ചാൻസലർ, തുർക്കി പ്രസിഡന്റ്, ചൈനീസ് വക്താവ് അറബ് ലോകത്തെ എല്ലാ രാഷ്ട്രനേതാക്കന്മാരുമടക്കം വൻ പ്രതിഷേധമാണ് അമേരിക്കയുടെ ഇസ്റയേൽ തലസ്ഥാനമാറ്റത്തിനെതിരെ ഉയർത്തിയത്. അടുത്ത് തന്നെ അമേരിക്കൻ എംബസി ജറുസലെമിലേക്ക് മാറ്റുമെന്നും അമേരിക്ക പ്രസ്താവിച്ചിരിക്കയാണ്. അമേരിക്കയുടെ ഈ പ്രസ്താവനയോട് പ്രമുഖ രാഷ്ട്രങ്ങളൊന്നും അനുകൂലിക്കാൻ മുന്നോട്ട് വന്നിട്ടില്ല.

ലോക പ്രശസ്തനായ മദ്ധ്യപൗരസ്ത്യകാര്യ വിദഗ്ധനും ബ്രിട്ടനിൽ നിന്ന് പുറപ്പെടുന്ന ഇൻഡിപെൻഡന്റ് പത്രത്തിന്റെ കറസ്പോണ്ടന്റും നിരവധി അന്തർദേശീയ പത്രങ്ങളിൽ എഴുതുന്ന ഫ്രീലാൻസ് ജേർണലിസ്റ്റും ഇംഗ്ലീഷുകാരനുമായ റോബർട്ട് ഫിക്സ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഈ പ്രസ്താവന സംബന്ധിച്ച് ഐറിഷ് റേഡിയോ വിൽ അഭിമുഖം നടത്തി ക്കൊണ്ടിരി

---

രിച്ച് വധശിക്ഷ ലഭിച്ച 75% പേരും പാവങ്ങളാണ്. മാത്രമല്ല ഇതിൽ 75% പിന്നോക്കക്കാരും ദളിതരും ന്യൂനപക്ഷങ്ങളുമാണ്. ഡൽഹിയിലെ നിയമ സർവകലാശാലയുടെ വധശിക്ഷ പഠന വിഭാഗം നടത്തിയ ഗവേഷണത്തിൽ കണ്ടത് കഴിഞ്ഞ വർഷം വിചാരണ കോടതികൾ 1800 പേർക്ക് വധശിക്ഷ വിധിച്ചുവെങ്കിലും, ഇവയിൽ സുപ്രീം കോടതി ശരിവച്ചത് അഞ്ച് ശതമാനത്തിൽ താഴെ മാത്രമാണെന്നാണ്. ഭാരിച്ച ഫീസ് നൽകി അപ്പീൽ ഫയൽ ചെയ്യാൻ സാധിക്കാത്ത ദരിദ്രരായ പ്രതികൾക്ക് വിചാരണ കോടതിയുടെ വിധിയെ സ്വീകരിക്കുകയേ നിർവാഹമുള്ളൂ. ഈ വസ്തുതകൾ വധശിക്ഷ നിർത്തലാക്കണം എന്ന വാദത്തിന് ആക്കം കൂട്ടുന്നു.

അതേസമയം, സ്ത്രീകൾക്കെതിരായ ആക്രമണങ്ങൾക്കും പീഢനങ്ങൾക്കും കടുത്ത ശിക്ഷ വേണം, അതും വധശിക്ഷ തന്നെയായിരിക്കണമെന്ന വാദവും ശക്തിപ്പെട്ടുവരികയാണ്. ഡൽഹി മാനഭംഗക്കേസിനു ശേഷം രാജ്യത്തുടനീളം നടന്ന പ്രതിഷേധ പ്രകടനങ്ങളിൽ ബലാൽസംഗക്കേസിലെ പ്രതികളെ തൂക്കിലേറ്റണമെന്ന ആവശ്യമായിരുന്നു ജനലക്ഷങ്ങളിൽ നിന്ന് മുഴങ്ങിയത്. വധശിക്ഷ അവസാനിപ്പിക്കണമെന്ന് മുറവിളികൂടിക്കൊണ്ടേയിരിക്കുന്ന സമൂഹത്തിൽ നിന്നാണ് വധശിക്ഷ അടിയന്തിരമായും നിർബന്ധമായും നടപ്പിൽ വരുത്തണമെന്ന ഈ അഭിപ്രായം ഉയർന്നുവന്നിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. കൊടുംകുറ്റവാളികളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന സമൂഹത്തിന്റെ ശബ്ദമായിരുന്നു അത്. വധശിക്ഷയെ തൂക്കിലേറ്റും മുമ്പ് വധശിക്ഷക്കെതിരെ നിലപാടെടുത്തവർ നിരത്തുന്ന വാദമുഖങ്ങൾക്കൊപ്പം ഈ ശബ്ദവും ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

റഫറൻസ്

1.ഓൾ ഇന്ത്യ റിപ്പോർട്ടർ 1980 സുപ്രീം കോർട്ട് 895,

2.കെ. രാമചന്ദ്രൻ, വധം ശിക്ഷയല്ല; കുറ്റം കുറയുന്നില്ല. മാതൃഭൂമി ആഴ്ചപതിപ്പ്, പുസ്തകം 93, ലക്കം 26 പേജ് 12

3.അഡ്വ. പി.എസ്. ശ്രീധരൻ പിള്ള, ഒഴിവാക്കാനാവില്ല. മാതൃഭൂമി ദിനപത്രം, 11 ആഗസ്റ്റ് 2015, പേജ് 4

4.അഡ്വ.കാളീശ്വരം രാജ്, യാക്കൂബിൽ നിന്ന് പഠിക്കാനുള്ളത്, മാതൃഭൂമി ദിനപത്രം,12 ആഗസ്റ്റ് 2015 പേജ് 4

5.കെ രാമചന്ദ്രൻ, വധം ശിക്ഷയല്ല കുറ്റം കുറയുന്നില്ല, മാതൃഭൂമി ആഴ്ചപ്പതിപ്. പുസ്തകം 93 ലക്കം 26 പേജ് 19

ക്കുമ്പോൾ ട്രംപിന്റെ മനസ്സിനുള്ളിലെ ചിന്താഗതി എന്തായിരിക്കുമെന്ന് റോബർട്ട് ഫിക്സി നോട് അവതാരകൻ ആരാ യുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രതികരണം രൂക്ഷമായ പരിഹാ സമാണെങ്കിലും യാഥാർഥ്യങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു എന്നാണ് വ്യാപകമായ വിലയിരുത്തൽ. ഫിക്സ് പറഞ്ഞത് 'ആ ഭ്രാന്താലയം തുറക്കാനുള്ള താക്കോൽ എന്റെ കൈയിലില്ല' എന്നാണ്. അന്തർദേശീയ മര്യാദയും മിതത്വവും നിഷ്പക്ഷതയും നയതന്ത്രവും എന്താണെന്നറിയാത്ത ട്രംപ് എന്ന ഈ ഭീകര കോമാളി ഇനിയെന്തെല്ലാം ചെയ്തുകൂട്ടും എന്നറിയില്ല.

അമേരിക്കയുടെ ഈ തലസ്ഥാനമാറ്റ പ്രസ്താവനക്കെതിരെ ഐക്യരാഷ്ട്ര സഭയുടെ സെക്യൂരിറ്റി കൗൺസിൽ ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. 15 അംഗ സെക്യൂരിറ്റി കൗൺസിലിൽ അമേരിക്ക ഒഴികെ 14 രാജ്യങ്ങളും പ്രമേയത്തെ പിന്തുണക്കുകയു ണ്ടായി. ***'വിശുദ്ധ ജെറുസലേമിന്റെ സ്വഭാവത്തിനോ പദവിക്കോ ജനസംഖ്യാനുപാതത്തിനോ മാറ്റം ഉണ്ടാക്കുന്ന ഒരു തീരുമാനത്തിനും നടപടിക്കും യാതൊരു നിയമപ്രാബല്യവും ഉണ്ടായിരിക്കുന്നതല്ല. അത് വ്യർഥ്യവും റദ്ദാക്കപ്പെടുന്നതുമായിരിക്കും.'*** ഇതാണ് പ്രമേയസാരം. ഈജിപ്താണ് പ്രമേയം അവതരിപ്പിച്ചത്. പതിനഞ്ചംഗ സെക്യൂരിറ്റി കൗൺസിലിൽ അമേരിക്കൻ അനുകൂല രാഷ്ട്രങ്ങളായ ബ്രിട്ടൻ, ഫ്രാൻസ്, ഈജിപ്ത്, ജപ്പാൻ, ഉക്രൈൻ എന്നീ രാജ്യങ്ങളുൾപ്പെടെ 14 അംഗങ്ങൾ പ്രമേയത്തിനനുകൂലമായി വോട്ടു ചെയ്തു. അമേരിക്ക ദയനീയമായി ഒറ്റപ്പെടുകയായിരുന്നു. പക്ഷേ സുരക്ഷാ സമിതിയിൽ ഈ പ്രമേയം അമേരിക്ക വീറ്റോ ചെയ്തു തടഞ്ഞു. 6 വർഷത്തിന് ശേഷം ഇസ്റയേലിന് വേണ്ടി വീണ്ടും അമേരിക്ക വീറ്റോ പ്രയോഗിക്കുകയായിരുന്നു. രക്ഷാസമിതിയിൽ വീറ്റോചെയ്യപ്പെട്ട പ്രമേയം പിന്നീട് പൊതുസഭയിൽ അവതരിപ്പിക്കുകയാണ് ചെയ്തത്. രക്ഷാസമിതിയിലുള്ളത് പോലെ ജനറൽ അസംബ്ലിയിൽ വീറ്റോ പ്രയോഗിക്കാൻ സാദ്ധ്യമല്ലല്ലോ. പ്രമേയം പാസാകുന്നത് തടയിടാൻ ആവുന്നതെല്ലാം ചെയ്തെങ്കിലും അവിടെയും അമേരിക്ക പരാജയപ്പെടുകയായിരുന്നു. ജനറൽ അസംബ്ലിയിൽ യമനും തുർക്കിയും ചേർന്നാണ് പ്രമേയം അവതരിപ്പിച്ചത്. ദുർബലരായ ചെറു രാഷ്ട്രങ്ങൾക്കെതിരെ പരസ്യമായ ഭീഷണി മുഴക്കിയും കണ്ണുരുട്ടിയും അംഗരാജ്യങ്ങളെ ഭീഷണിപ്പെടുത്തിയും പ്രമേയം പസ്സാക്കാതിരിക്കാൻ അമേരിക്ക പഠിച്ച പണി പതിനെട്ടും പയറ്റിയെങ്കിലും 9 വോട്ടുകൾക്കെതിരെ 128 വോട്ടുകൾക്ക് പ്രമേയം പാസ്സാകുകയായിരുന്നു. കനഡ, മെക്സിക്കോ ഉൾപ്പെടെ 35 രാജ്യങ്ങൾ വോട്ടിങ്ങിൽ നിന്ന് വിട്ടു നിന്നു. അമേരിക്കയേയും ഇസ്റയേലിനേയും അനുകൂലിച്ച് വോട്ട് ചെയ്ത് 9 രാജ്യങ്ങൾ. അയർലണ്ട്, ഹോണ്ടുറാസ്, ഗ്വാട്ടിമാല, നഊറു, പലാവു, ടോംഗോ, മൈക്രോനേഷ്യ തുടങ്ങിയവയാണ് ആ രാജ്യങ്ങൾ. രക്ഷാസമിതിയിലെ സ്ഥിരാംഗങ്ങളായ ചൈന, ഫ്രാൻസ്, റഷ്യ, ബ്രിട്ടൻ എന്നീ രാജ്യങ്ങൾ അമേരിക്കക്കെതിരെ പ്രമേയത്തിന് അനുകൂലമായാണ് വോട്ട് ചെയ്തത്. ഈ പ്രമേയം രാഷ്ട്രീയ തലത്തിലോ സൈനികമായോ യാതൊരു ചലനവും സൃഷ്ടിക്കാൻ കഴിയാത്ത എട്ടിലെ പശുവാണ്. എങ്കിലും അത് ലോക മനസ്സാക്ഷിയുടെ പ്രതിഫനമാണ്. അന്താരാഷ്ട്ര സമൂഹം തങ്ങളുടെ എതിർപ്പ് അറിയിച്ചു എന്നല്ലാതെ എത്രയോ പ്രമേയങ്ങൾക്ക് പുല്ലുവിലകൽപ്പിക്കാത്ത അമേരിക്കയേയും ഇസ്റായേലിനെയും പിന്തിരിപ്പിക്കാൻ ഈ പ്രമേയം കൊണ്ടൊന്നും സാദ്ധ്യമല്ല എന്ന് സുനിശ്ചിതമാണ്.

ലോകരാഷ്ട്രങ്ങളുടെ ഇത്രയധികം എതിർപ്പും ഒറ്റപ്പെടലും ഉണ്ടായിട്ടും ജെറുസലേം തലസ്ഥാന മാറ്റപ്രഖ്യാപനത്തിന് അമേരിക്ക സന്നദ്ധമായത് എന്ത്കൊണ്ടാണ്? ഒന്നാമതായി ഇത് ഒരു സിയോണിസ്റ്റ് പദ്ധതിയാണ്. ബൈബിളിൽ പറഞ്ഞ ജെറുസലെം തലസ്ഥാനമായുള്ളതാണ് അവരുടെ സ്വപ്ന രാജ്യം. ഇറാഖിലെ യൂഫ്രട്ടീസ് നദി മുതൽ ഈജിപ്തിലെ നൈൽ നദി വരെയുള്ള ദാവീദിന്റെ ഭരണ കാലത്തെ പ്രവിശാലമായ ഇസ്റയേലാണ് സിയോണിസ്റ്റ് പദ്ധതിയിലുള്ളത്. അതാണ് പോലും അവർക്ക് യഹോവ വാഗ്ദാനം ചെയ്തത്. അതിന്റെ ഭാഗമാണ് തലസ്ഥാന മാറ്റം. അവരത് ഒന്നൊന്നായി നടപ്പാക്കുകയാണ്. ഈയടുത്ത കാലത്തായി മുസ്ലിം ലോകത്തെ ശക്തിശാലികളായ എല്ലാ രാജ്യങ്ങളുടെയും നട്ടെല്ലൊടിഞ്ഞ അവസ്ഥയിലാണുള്ളത്. യുദ്ധങ്ങൾ, ആഭ്യന്തര കലാപങ്ങൾ, ജിഹാദിസം, ഭരണകൂടങ്ങൾക്കെതിരെയുള്ള വിപ്ലവങ്ങൾ എന്നിവ മൂലം മുസ്ലിം രാജ്യങ്ങളെല്ലാം നശിച്ചു നാമവശേഷമായിരിക്കുന്നു. ഇറാഖ്, സിറിയ, ഈജി പ്ത്, യമൻ, ലിബിയ, ലബനാൻ അഫ്ഘാനിസ്ഥാൻ, ഫലസ്തീൻ മുതലായ രാജ്യങ്ങളെല്ലാം ഭരണ നേതൃത്വത്തിന്റെ വിവരക്കേടും ഭൗതികതയോടുള്ള ആസക്തിയും അമേരിക്കയോടും പാശ്ചാത്യരോടും യഹൂദരോടുമുള്ള വിധേയ ത്വവും കൊണ്ട് സ്വയം നശിക്കുകയായിരുന്നു.

സഊദി അറേബ്യയും ഇസ്റയേലും തമ്മിൽ ഇറാനെതിരെ ഉണ്ടാക്കിയ രഹസ്യധാരണയാണ് അമേരിക്കയുടെ ഇപ്പോഴത്തെ ജറുസലെം തലസ്ഥാനമാറ്റത്തിന് പ്രചോദനമെന്ന് പറയപ്പെടുന്നു. സഊദി അറേബ്യയും ഇസ്റയേലുമായി യാതൊരു വിധ നയതന്ത്ര ബന്ധമോ മറ്റു ബന്ധങ്ങളോ പ്രത്യക്ഷത്തിലില്ല. എന്നാൽ രഹസ്യത്തിൽ സ്ഥിതി അതല്ല. ഇസ്റയേലികൾ പൊതുവേ അവരുടെ നയതന്ത്രം കൂടുതൽ വെളിപ്പെടുത്താറുമില്ല. അവർതമ്മിലുള്ള പരസ്യമായ ഈ രഹസ്യം കൂടുതൽ തെളിഞ്ഞു വരികയാണ്. ഇസ്റയേലിന്റെ ജെറുസലേം തലസ്ഥാനമാറ്റത്തിന് സഊദി അറേബ്യയുടെ രഹസ്യ

പിന്തുണയുള്ളത് കൊണ്ടാണ് ഇത്രധീരമായി അമേരിക്ക അതിന് മുൻകൈയ്യെടുത്തത് എന്ന് വിലയിരുത്തപ്പെടുന്നു.

നവം: 24 ന് ബി ബി സി പ്രസിദ്ധീകരിച്ച Israel and Saudi Arabia: What's shaping the covert 'alliance' എന്ന തലകെട്ടിൽ സഊദിയും ഇസ്റയേലും തമ്മിലുള്ള നിഗൂഢ ബന്ധത്തിത്തെപറ്റി യുകെ ആസ്ഥാ നമായുള്ള ഇലാഫ്(Elaph) എന്ന സഊദി പത്രത്തിൽ വന്ന ഒരു വാർത്തയെ അടിസ്ഥാനമാക്കിയുള്ള ഒരുലേഖനമുണ്ട്. ഇസ്റയേലി ചീഫ് ഓഫ് സ്റ്റാഫ് ജനറൽ ഗാദി എയ്സ്കൊട്ടിനുമായി നടത്തിയ ഒരു അഭിമുഖം ഉദ്ധരിച്ച്കൊണ്ടുള്ള ലേഖനത്തിൽ ഈ രഹസ്യക്കരാറിന്റെ വെളിപ്പെടുത്തലുണ്ട്. ഇറാനെതിരെ സഊദിയുടെ പടയൊരുക്കത്തിന് ഇസ്റയേലിന്റെ പൂർണ പിന്തുണയുണ്ടാകുമെന്നാണ് കരാറിലെ ഉള്ളടക്കം. അതിനിടക്ക് ലണ്ടനിൽവെച്ച് ഇസ്റയേലിന്റെ ഉന്നത സൈനിക ഉദ്യോഗസ്ഥനുമായി കണ്ട രണ്ട് സഊദി രാജകുമാരന്മാർ ഇസ്റയേലി സൈനിക മേധാവിയോട് പറഞ്ഞത് 'ഇനി മുതൽ നിങ്ങൾ ഞങ്ങളുടെ ശത്രുക്കളല്ല' എന്നാണെന്ന് പ്രസ്തുത ലേഖനത്തിൽ പറയുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളായി മുസ്ലിം രാജ്യങ്ങൾ പരസ്പരം ഘോരമായ യുദ്ധങ്ങളും കക്ഷിതിരിഞ്ഞുള്ള ആഭ്യന്തര കലാപങ്ങളും വിപ്ലവങ്ങളും നടത്തി ശക്തിക്ഷയിച്ച് സ്വയം ദുർബലമായിരിക്കുകയാണ്. മുസ്ലിം സമൂഹത്തിന്റെ കൊള്ളരുതായ്മകളും അധഃപതനവുമാണ് ഇതിന് മുഖ്യ കാരണം. കൂടാതെ സാമ്രാജ്യത്വ ശക്തികളും സിയോണിസ്റ്റുകളും മുസ്ലിം ദൗർബല്യങ്ങളെ ഏതവസരത്തിലും ചൂഷണം ചെയ്യാൻ കഴുകക്കണ്ണുകളുമായി ചുറ്റും നിൽക്കുകയും ചെയ്യുന്നു. ഇറാഖും ഇറാനുമായി 1980 മുതൽ 1988 വരെ നടത്തിയ ഘോരയുദ്ധം, ഇറാഖ് കുവൈത്തിനെ ആക്രമിച്ചു എന്ന് പറഞ്ഞ് ഇറാഖിനെതിരെ മുഴുവൻ



അമേരിക്കൻ അംബാസിഡർ നിക്കി ഹാലി

അറബികളെയും അണിനിരത്തി നടത്തിയ 1991 ലെ ഗൾഫ് യുദ്ധം, അത്കഴിഞ്ഞ് സിറിയക്കും ഇറാഖിനുമെതിരെ ISIS നടത്തിയ ഇന്നും നിലക്കാത്ത ആഭ്യന്തര യുദ്ധം, യമനിൽ സഊദി യും ഇറാനും ഇരുപക്ഷത്ത് നിന്ന് നടത്തുന്ന ആഭ്യന്തര യുദ്ധം, 2011 ൽ വടക്കൻ ആഫ്രിക്കൻ രാജ്യമായ ടുണീസിൽ നിന്ന് ആരംഭിച്ച മുല്ലപ്പൂവിപ്ളവം എന്ന പേരിൽ അറിയപ്പെട്ട അറബ് ജനകീയ പ്രക്ഷോഭം, ടുണീസ്, ലിബിയ, ഈജിപ്ത്, യമൻ, സിറിയ എന്നീ രാജ്യങ്ങളിലെ ഭരണകൂടങ്ങളെ കശക്കിയെറിഞ്ഞ് അവിടങ്ങളിലെല്ലാം അരാജകത്വവും അസ്ഥിരതയും സൃഷ്ടിച്ച് ഇന്നും അശാന്ത ദേശങ്ങളായി നിൽക്കുന്ന പ്രതിഭാസം, 1979 മുതൽ 1989 വരെ നടന്ന അഫ്ഘാൻ റഷ്യ യുദ്ധം, 2001 മുതൽ അമേരിക്കയുമായുള്ള അഫ്ഘാൻ യുദ്ധം, പാകിസ്താനിലെ ആഭ്യന്തര ജിഹാദീഗ്രൂപ്പുകൾ മുതലായ രക്തപ്പുഴകൾ സൃഷ്ടിച്ച നിരവധി നിലക്കാത്ത പരസ്പര യുദ്ധങ്ങളിലും മുസ്ലിം നാടുകൾ മുഴുകിയിരിക്കുകയാണ്. ഇവിടങ്ങളിലെല്ലാം സുന്നി-ശിയാ എന്ന വിഭഗീയത കത്തിച്ച് വിട്ടാണ് മുസ്ലിം ജനങ്ങൾ ഉലമാക്കന്മാരുടെ നേതൃത്വത്തിൽ മിലീഷ്യകളും സായുധ ഭീകര സംഘങ്ങളും ഉണ്ടാക്കി ഇടതടവില്ലാതെ യുദ്ധം ചെയ്യുന്നത്. അമേരിക്കയുടെയും സിയോണിസ്റ്റു കളുടെയും പാശ്ചാത്യ രാജ്യങ്ങളു ടെയും സഹായത്തിന് കൈനീട്ടി കൊണ്ടാണ് മുസ്ലിം കക്ഷികളും രാജ്യങ്ങളും പരസ്പരം യുദ്ധം ചെയ്ത് മുടിഞ്ഞു നിൽക്കുന്നത്. അങ്ങനെ മദ്ധ്യ പൗരസ്ത്യദേശത്തുള്ള എല്ലാ രാജ്യങ്ങളെയും ഒന്നിന്ന് പിറകെ ഒന്നായി സ്വയം തകർന്നും തകർത്തും തരിപ്പണമാക്കി കഴിഞ്ഞു. മുസ്ലിം ലോകം റസൂൽ തിരുമേനി (സ) ഹദീസിൽ പറഞ്ഞത് പോലെ മലവെള്ളത്തിലെ ചണ്ടികൾപോലെ ദുർബലവും നാശോന്മുഖവുമാണ്. ഇനി ഇസ്റയേലിന് പശ്ചിമേഷ്യയിൽ നിന്നും മറ്റു മുസ്ലിം രാജ്യങ്ങളിൽ നിന്നും പ്രതിരോധങ്ങളില്ല. ആർക്കും എണ്ണ മറിയാത്തയത്ര ന്യൂക്ലിയർ ആയു ധങ്ങളടക്കമുള്ള ആയുധ ശേഖര ങ്ങൾ മാത്രമല്ല ഇസ്റയേലിന്റെ കൈയ്യിലുള്ളത്. അവരിന്ന് വൻ ആയുധ ഉൽപ്പാദകരും ആയുധഅ കയറ്റുമതി രാജ്യം കൂടിയാണ്. അമേരിക്കൻ പിന്തുണയോടെ നിൽക്കുന്ന മദ്ധ്യപൗരസ്ത്യ ദേശത്തെ ഏറ്റവും വലിയ ശക്തിയായ ഇസ്റായേലിന് ആരെയും ഭയപ്പെടാനില്ല. വൻ ശക്തി രാജ്യങ്ങൾ വരെ അവരെ ഭപ്പെടുന്ന സ്ഥിതിയിലാണ്. ഇറാനെ ശത്രുപക്ഷത്ത് നിർത്തി ഇസ്റയേലും അമേരിക്കയും സഊദിക്ക് പൂർണ പിന്തുണ നൽകുന്ന ഒരു യുദ്ധതന്ത്രത്തിന് പശ്ചിമേഷ്യ രംഗവേദി

യാകുന്ന സൂചനകളാണ് കാണുന്നത്. സഊദിയും ഇറാനും എല്ലാ അന്തർദേശീയ വേദികളിലും പരസ്പരം രൂക്ഷമായ വിമർശനങ്ങൾ ഉന്നയിച്ചു കൊണ്ടിരിക്കുകയാണ്. ഏറ്റവും ദുർബലവും ഒരു വകക്കും കൊള്ളരുതാത്ത 50 മുസ്ലിം രാഷ്ട്രങ്ങളെ ഇസ്റയേലിന് എന്ത് പേടിക്കാനാണ്.?!!. സഊദി കുടുംബത്തിന്റെ ബിസിനസ് താൽപര്യങ്ങളല്ലാതെ യഥാർഥ മുസ്ലിം ആവശ്യങ്ങൾക്ക് വേണ്ടി നാളിതുവരെ സഊദി അറേബ്യ നിലപാട് സ്വീകരിച്ചിട്ടില്ല. ഇസ്ലാം മതത്തെ പടുയാഥാസ്ഥിതികമാക്കി അവർ തങ്ങളുടെ നേട്ടത്തിന് വേണ്ടി ഉപയോഗിക്കുകയാണ്. സഊദിയിലേക്കും ഗൾഫ് നാടുകളിലേക്കും ഭിക്ഷാടനത്തിന് പോകുന്ന മുസ്ലിം സംഘടനകളും നേതാക്കന്മാരും ഒന്നും തന്നെ സഊദിയുടെ ഈ ബാന്ധവങ്ങളെക്കുറിച്ചും അത് മുസ്ലിം സമൂഹത്തിനുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും ഒന്നും പറയാറില്ല.

സഹീഹുൽ ബുഖാരിയിലും മുസ്ലിമിലും റസൂൽ തിരുമേനി (സ) നടത്തിയ പ്രവചനാത്മകവും ആലങ്കാരികവുമായ നിരവധി ഹദീസുകളിൽ യഹൂദരും മുസ്ലിംകളും തമ്മിൽ നടക്കുന്ന ഒരു യുദ്ധത്തെക്കുറിച്ച് പറയുന്നുണ്ട്. അതിൽ സഹീഹുൽ മുസ്ലിമിൽ ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്ത 6985 നമ്പർ ഹദീസിൽ മരത്തിന്റെയും കല്ലിന്റെയും മറവിൽ യഹൂദൻ ഒളിച്ചിരിക്കു മെന്നും 'ഗർഖ്ദ്' വൃക്ഷമൊഴികെ ഇവരെ വധിക്കുക എന്ന് എല്ലാ കല്ലും മരവും വിളിച്ചു പറയുമെന്നും ഹദീസിൽ പരാമർശമുണ്ട്. ഇസ്റായേലിനെതിരെ എല്ലാവരും തിരിയുന്ന അവസാനകാലത്ത്, യഹൂദരെ സംരക്ഷിക്കുന്ന 'ഗർഖ്ദ്' വൃക്ഷം അമേരിക്കയായിരിക്കുമെന്നും പല വ്യാഖ്യാതാക്കളും പറഞ്ഞിട്ടുണ്ട്. മുസ്ലിം സമൂഹത്തിന്റെ ഇന്നത്തെ ദയനീയാവസ്ഥയിൽ ജെറുസലെമിലേക്കുള്ള ഇസ്റയേലിന്റെ തലസ്ഥാന മാറ്റം അംഗീകരിച്ച അമേരിക്കൻ നടപടിയിൽ യാതൊന്നും അത്ഭുതപ്പെടാനില്ല. ഇനിയും പശ്ചിമേഷ്യ ഘോരമായ ഒരു യുദ്ധത്തിന് സാക്ഷ്യം വഹിക്കുമോ എന്നാണ് നമ്മുടെ ഭയം.ഖുർആൻ പറയുന്നു:

*'നാം അവരുടെ ഇടയിൽ പുനരുത്ഥാന നാൾ വരെയും ശത്രുതയും വിദ്വേഷവും ഇട്ടു കൊടുത്തിരിക്കുന്നു. അവർ (യഹൂദർ) യുദ്ധത്തിനുള്ള തീ കത്തിച്ചപ്പോഴെല്ലാം അല്ലാഹു അത് കെടുത്തിക്കളഞ്ഞിരിക്കുന്നു. നാട്ടിൽകുഴപ്പമുണ്ടാക്കുന്നതിന് വേണ്ടി അവർ ഓടി നടക്കുകയാണ് അല്ലാഹു കുഴപ്പക്കാരെ ഇഷ്ടപ്പെടുന്നില്ല.' (വി. ഖുറാൻ)* യഹൂദർ ഉണ്ടാക്കുന്ന എല്ലാ കുഴപ്പങ്ങളിൽ നിന്നും അല്ലാഹു മുസ്ലിംകളേയും ലോകത്തെയും രക്ഷിക്കുമാറാകട്ടെ.

# തഹ്രീഖ് ജദീദ്:

## ഓർത്തിരിക്കേണ്ട ഒരു ആത്മീയ പദ്ധതി

ഖലീഫത്തുൽ മസീഹ് സാനി(റ) തഹ്രീഖ് ജദീദിനെ പറ്റി പറഞ്ഞത്, ബദർ രണാങ്കണത്തിൽ പങ്കെടുത്തവർക്ക് ലഭിക്കുന്നതിന് തുല്യമായ പ്രതിഫലമുള്ള ജമാ അത്തിന്റെ മഹത്തായ ഒരു സാമ്പത്തിക പദ്ധതി എന്നാണ്. ഇസ്ലാം മതത്തിന്റെ പ്രചരണാർഥം സമർപ്പിക്കപ്പെട്ട സുപ്രധാനമായ ഈ പദ്ധതിയുടെ 84ാം വാർഷികം ഹുസൂർ തിരുമനസ്സ് ഖാമിസ് (അയ്യദഹു) മൊത്തം ടാർജറ്റ് പുതുക്കി നിശ്ചയിച്ച് ഉദ്ഘാടനം ചെയ്തിരിക്കയാണ്. പത്ത് ശതമാനമെങ്കിലും വാഗ്ദാനങ്ങളിൽ വർധനവ് വരുത്തി ഈ നിർദിഷ്ട ലക്ഷ്യം നാം പൂർത്തിയാക്കേണ്ടതുണ്ട്. ജനുവരി മാസം ആരംഭിക്കുന്ന ഈ വർഷിക പദ്ധതിയിൽ കുടിശ്ശിക തീർത്ത് പുതിയ വാഗ്ദാനം നൽകി സാമ്പത്തിക ത്യാഗം ചെയ്യാൻ എല്ലാ അഹ്മദീ സ്ത്രീ പുരുഷന്മാരും സന്നദ്ധമാകണമെന്ന് ജമാഅത്തിന്റെ പേരിൽ അഭ്യർഥിക്കുന്നു.

വഖീലുൽ മാൽ
തഹ്രീഖ് ജദീദ്, ഖദിയാൻ



അഹ്മദിയ്യാ മുസ്ലിം ജമാഅ ത്ത്മാത്തോട്ടം, അന്ധപരിശീലന കേന്ദ്രത്തിൽ നടത്തിയ സേവനത്തിനുള്ള പുരസ്കാരം മാത്തോട്ടം ആക്ടിംഗ് അമീർ ബി. എം. ശൗക്കത്ത് സാഹിബ് കോഴിക്കോട് ജില്ലാകളക്ടർ യു. വി. ജോസിൽ നിന്ന് സ്വീകരിക്കുന്നു.

# മജ്‌ലിസ് അൻസാറുല്ലാഹ് പുസ്ക്തക മേള

കൂരിയാട്: മജ്‌ലിസ് അൻസാറുല്ലാഹ് മലപ്പുറം ജില്ലയുടെ ആഭിമുഖ്യത്തിൽ കൂരിയാട് വെച്ച് നടന്ന മുജാഹിദ് സമ്മേളനത്തോടനുബന്ധിച്ച് ഈ കഴിഞ്ഞ ഡിസംബർ 28,29,30 31 തീയതികളിൽ കൂരിയാട് വെച്ച് നടന്ന പുസ്തക മേള അല്ലാഹുവിന്റെ അനുഗ്രഹത്താൽ വൻ വിജയമായി. ജില്ലാ അമീർ കെ. അമീ റലി ഉദ്ഘാടനം നിർവഹിച്ചു. മതാഭിമുഖ്യമുള്ള പതിനായിരക്കണക്കിന് ആളുകൾക്ക് സമാധാനപരമായി അഹ്മദിയ്യാ സന്ദേശം അറിയിക്കാൻ സാധ്യമായി. രാവിലെ ബുക് സ്റ്റാളിന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ തന്നെ നൂറുക്കണക്കിന് ആളുകൾ വന്നുകൊണ്ടിരിക്കുകയും വളരെ ദീർഘമായ ചർച്ചകൾ നടക്കുകയുമുണ്ടായി. ഒട്ടനവധി ആളുകൾ സ്വന്തം ഫോൺ നമ്പർ നൽകി തുടർന്നു ബന്ധപ്പെടാൻ സന്നദ്ധരായിട്ടുണ്ട്. സമ്മേളനം കഴിഞ്ഞു പോകുന്നർവക്കിടയിൽ മുപ്പതിനായിരത്തോളം നോട്ടീസുകൾ വിതരണം ചെയ്യുകയുണ്ടായി. ചർച്ചകൾക്ക് അലിക്കുഞ്ഞ് മൗലവി സാഹിബ്, മൊയ്തീൻ കുട്ടി മൗലവി സാഹിബ്, എ. എം മുഹമ്മദ് സലീം സാഹിബ്, അബ്ദുർ റഹ്മാൻ സാഹിബ് കൊടിയത്തൂർ, അഷ്റഫ് സാഹിബ് പത്തപരിയം എന്നിവർ നേതൃത്വം നൽകി. സി. കെ. മൻസൂർ സാഹിബ്, ടി.കെ സിദ്ദീഖ് സാഹിബ് എന്നിവരുടെ ഊർജസ്വലമായ നേതൃത്വത്തി ലാണ് പരിപാടികൾ സംഘടിപ്പിക്ക പ്പെട്ടത്. കൂടാതെ വിവിധ ജമാഅത്തുകളിൽനിന്നുള്ള പല ഖാദിമീങ്ങളും അൻസാറുല്ലാഹ് സഹോദര ങ്ങളും വിവിധതരത്തിലുള്ള സേവനങ്ങൾ അർപ്പിക്കുകയുണ്ടായി. അല്ലാഹു എല്ലാവരുടേയും സേവനത്തിന് തക്കതായ പ്രതിഫലം നൽകുമാറാകട്ടെ.

പി.പി ഹസ്സൻ കോയസാഹിബ്
ജില്ലാ നാസിം, മലപ്പുറം



അലനല്ലൂർ വെച്ച് നടന്ന പാലക്കാട്-തൃശ്ശൂർ ജില്ലാ സമ്മേളനം എച്ച് സുലൈമാൻ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.




കരുനാഗപ്പള്ളിയിൽ നടന്ന കൊല്ലം ജില്ലാ സമ്മേളനം മൗലവി നാസിർ അഹ്മദ് സാഹിബ് (നാഇബ് നാസിർ ഇസ്‌ലാഹോ ഇർഷാദ്) ഉദ്ഘാടനം ചെയ്യുന്നു.



മലപ്പുറം ജില്ലയിലെ കൂരിയാട് 2017 ഡിസംബർ 28മുതൽ 31വരെ നടന്ന മുജാഹിദ് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് അഹ്മദിയ്യാ മുസ്‌ലിം ജമാഅ ത്ത് നടത്തിയ പുസ്തക പ്രദർശനവും വില്പനയും

Published on 7 January 2018

Vol: 90 Issue.1
Price Rs. 30/-

Pages 44
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly

# Ahmadiyya Musilim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Hudu's Friday Sermans In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news




View these apps at alislam.org/apps

or scan the QR code below